# രക്ഷയുടെ കപ്പൽ

ഡോ: മുഹമ്മദ്ബ്നു അബ്ദുർറഹ്മാൻ അൽഹുറൈഫി

വിവർത്തനം:

സയ്യിദ് സഅ്ഫർ സ്വാദിഖ്

# اركب معنا

للدكتور/محمد بن عبد الرحمن العريفي

ترجمة/ سيد سعفر صادق

المكتب التعاوني للدعوة والارشاد وتوعية الجاليات في الجبيل

المملكة العربية السعودية

# വിവർത്തക കുറിപ്പ്:

بسم الله الرحمن الرحيم

الحمد لله رب العالمين الصلاة والسلام على أشرف الأنبياء والمرسلين وعلى آله وصحبه أجمعين

അല്ലാഹു മനുഷ്യന് നൽകിയിട്ടുള്ള അപാരമായ അനുഗ്രഹമാ ണ് ഇസ്ലാം. ലോകത്തു വന്ന പ്രവാചകന്മാരെല്ലാം ഈ വിശുദ്ധ മതത്തെ തന്നെയാണ് പ്രബോധനം ചെയ്തത്. അല്ലാഹു പറയുന്നു: "ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകികൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല." (അൻബിയാ - 25) മറ്റേതൊരു മതാദർശത്തിൽ നിന്നും ഇസ്ലാം വ്യത്യസ്തത പുലർത്തുന്നത് അതിൻെറ ഏക ദൈവാരാധന അഥവാ തൗഹീദ് കൊണ്ടാണ്. പ്രപഞ്ചത്തേയും അതിലെ സകല ചരാചരങ്ങളേയും സൃഷ്ടിച്ച് പരിപാലിച്ച് കൊ ണ്ടിരിക്കുന്ന സർവ്വശക്നായ റബ്ബിനെ മാത്രമേ ആരാധിക്കാവൂ അവ നോട് മാത്രമേ സഹായാർത്ഥനകൾ നടത്താവൂ, അവനിൽ മാത്രമേ സകല കാര്യങ്ങളും തവക്കുൽ ചെയ്യാവൂഎന്നത് ഓരോ വിശ്വാസി യേയും ഇസ്ലാം പഠിപ്പിക്കുന്നുണ്ട്.

ജീവനും ജീവിതവും നൽകിയ, ആവശ്യമായ അനുഗ്രഹങ്ങൾ വേണ്ടത്ര ചൊരിഞ്ഞു കൊണ്ടിരിക്കുന്ന പടച്ചവനെ സമീപിക്കുവാൻ മധ്യസ്ഥന്മാരുടെ ആവശ്യമില്ല. അല്ലാഹു മനുഷ്യൻെറ രഹസ്യവും പരസ്യവുമറിയുന്നവനാണ്. കണ്ഠനാടിയേക്കാൾ സമീപസ്ഥനാണവൻ. അല്ലാഹു പറയുന്നു: "തീർച്ചയായും മനുഷ്യനെ നാം സൃഷ്ടിച്ചിരിക്കുന്നു. അവൻെറ മനസ്സ് മന്ത്രിച്ചുകൊണ്ടിരിക്കുന്നത് നാം അറിയുകയും ചെയ്യുന്നു. നാം (അവൻെറ) കണ്ഠനാഡിയെക്കാൾ അവനോട് അടു ത്തവനും ആകുന്നു" (ഖാഫ് - 16) അല്ലാഹുവിനെ മാത്രം ആരാധിക്കു വാൻ കൽപിക്കപ്പെട്ട മുസ്ലിം ഉമ്മത്തിൽ വേദനാജനകമായ ചില കാഴ്ചകൾ കാണാനുണ്ട്. പൂർവ്വകാല പ്രവാചകന്മാരുടെ അനുയായികളിൽ ആരാധനാ രംഗത്തുവന്ന അതേ അപചയം ഇന്നത്തെ മുസ്ലീങ്ങളിലും കാണാനാവുന്നു എന്നതാണത്. അല്ലാഹുവിൻെറ ഔലിയാക്കളെയും അവരുടെ

ഖബറിടങ്ങളേയുമൊക്കെ അല്ലാഹുവിലേക്കടുക്കാനും ആഗ്രഹങ്ങൾ നിവൃത്തിക്കപ്പെടാനും രോഗശാന്തി ലഭിക്കാനും സ്വർഗപ്രവേശനത്തിന് ശുപാർശ നേടാനും മധ്യവർത്തികളായി സ്വീകരിച്ച് പ്രാ ർത്ഥിക്കുന്നവരുടെ എണ്ണം കൂടുതലാണ്. അല്ലാഹുവല്ലാത്ത ആരോടുമുള്ള പ്രാർത്ഥനകളും സഹായതേട്ടവും ശിർക്കായിട്ടാണ് വിശുദ്ധ ഖുർ ആൻ പരിചയപ്പെടുത്തുന്നത്. അല്ലാഹു പറയുന്നു: “മനുഷ്യരെ, ഒരു ഉദാഹരണമിതാ വിവരിക്കപ്പെടുന്നു. നിങ്ങൾ അത് ശ്രദ്ധിച്ചു കേൾക്കുക. തീർച്ചയായും അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ച് പ്രാർത്ഥിക്കുന്നവർ ഒരു ഈച്ചയേ പോലും സൃഷ്ടിക്കുന്നില്ല. അതിന്നായി അവരെല്ലാവരും ഒത്തു ചേർന്നാൽ പോലും. ഈച്ച അവരുടെ പക്കൽ നിന്ന് വല്ലതും തട്ടിയെടുത്താൽ അതിൻെറ പക്കൽ നിന്ന് അത് മോചിപ്പിച്ചെടുക്കുവാനും അവക്ക് കഴിയില്ല. അപേക്ഷിക്കുന്നവനും അപേക്ഷിക്കപ്പെടുന്നവനും ദുർബ്ബലർ തന്നെ” (ഹജ്ജ്:73) “നിങ്ങൾ അവരോട് പ്രർ ത്ഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്നതല്ല. ഉയർത്തെഴുന്നേൽ പിൻെറ നാളിലാകട്ടെ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ(അല്ലാഹുവിനെ)പ്പോലെ നിനക്ക് വിവരം തരാൻ ആരുമില്ല” (ഫാത്വിർ- 14)

‘ശൈഖ് മുഹമ്മദ്ബ്നു അബ്ദുർറഹ്മാൻ അൽ ഹുറൈഫി’ രചിച്ചിട്ടുള്ള “ഇർകബ് മഹനാ” എന്ന ഗ്രന്ഥത്തിൻെറ വിവർത്തനമാണ് “രക്ഷയുടെ കപ്പൽ” എന്ന ഈ പുസ്തകം. ഇസ്ലാമിക സമൂഹത്തിൽ വന്ന് ഭവിച്ചിട്ടുള്ള അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും സ്വാധീനങ്ങളെ വസ്തുതാപരമായി വിലയിരുത്തുകയാണ് ഈ ഗ്രന്ഥത്തിൽ. വിശ്വാസികളിലേക്ക് ശിർക്ക് കടന്ന്വരുന്നതിൻെറ വഴി കളെ വിശകലനം ചെയ്യുകയും യഥാർത്ഥ തൗഹീദിൽ ഉറച്ചു നിൽക്കാനുള്ള മാർഗങ്ങളെ വ്യക്തമാക്കുകയും ചെയ്യുന്ന ഈ കൃതി വായനക്കാരൻെറ ഹൃദയത്തിൽ ചലനമുണ്ടാക്കുമെന്ന കാര്യത്തിൽ സം ശയമില്ല.

ഖബറുകളും, മഹാന്മാരുടെ ആസാറുകളും, മഖാമുകളും, അല്ലാഹുവിൻെറ സ്ഥാനത്തും സമീപത്തും സ്ഥാപിക്കപ്പെടുന്ന അന്തരീ ക്ഷം വിശ്വാസീ വിശ്വാസിനികളിലുണ്ടായാൽ അവരുടെ പരലോക ജീവി തമാണ് നഷ്ടമാകുന്നത്. മനുഷ്യൻെറ എല്ലാ തെറ്റു കുറ്റങ്ങളും പൊറുത്ത് തരുന്ന റബ്ബ് അവനിൽ പങ്കുചേർക്കുന്നതിനെ ഒരിക്കലും പൊറുക്കുകയില്ല എന്ന സത്യം ഈ

ഗ്രന്ഥത്തിൽ ഊന്നി പറഞ്ഞിട്ടുണ്ട്. അടിമക്ക് അല്ലാഹു പോരെ എന്ന ചോദ്യം ഖുർആൻ നമ്മോട് ചോദിക്കു ന്നതാണ്. 'എനിക്ക് അല്ലാഹു മതി' എന്ന് പറയുന്ന വിശ്വാസ സ്ഥൈര്യത്തിലേക്ക്, അതുകൊണ്ട് തന്നെ നമ്മളോരോരുത്തരും വളർന്നു വര ണം. എല്ലാം സൃഷ്ടിച്ച, സംരക്ഷിക്കുന്ന, എല്ലാം അറിയുന്ന, നിയന്ത്രി ക്കുന്ന പരമകാരുണികനും കരുണാവാരിധിയുമായ അല്ലാഹുവ ിന്റെ സത്യ ദാസന്മാരാകാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ.

അറബിയിൽ വിരചിതമായ ഒരു കൃതി വിവർത്തനം ചെയ്യപ്പെ ടുമ്പോഴുണ്ടാകുന്ന ഭാഷാ പരമായ പ്രശ്നങ്ങൾ ഈ പുസ്തകത്തിൽ വന്നിട്ടുണ്ടാകുമെന്ന് വിനയ പൂർവ്വം സമ്മതിക്കുകയാണ്. അപാകതകൾ കാണുന്നുവെങ്കിൽ ഉണർത്താൻ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അല്ലാഹു ഇതൊരു സൽകർമ്മമായി സ്വീകരിക്കട്ടെ. ഇത് പുറത്തിറക്കുന്ന ജുബൈൽ ദഅ്വാ സെൻററിന്റെ പ്രവർത്തകർക്കും, അതിന് സഹായിച്ച മഹത് വ്യക്തിത്വങ്ങൾക്കും അല്ലാഹു തക്കതായ പ്ര തിഫലം നൽകുമാറാവട്ടെ, അതോടൊപ്പം ഇത് വിവർത്തനം ചെയ്തതിന് ശേഷം പരിശോധിച്ച് വേണ്ട തിരുത്തലുകൾ നടത്തിയ എന്റെ മാന്യ സുഹൃത്തിനും ഇത് പരലോകത്ത് ഒരു സൽകർമ്മമാവട്ടെ. ആമീൻ.

സയ്യിദ് സഅ്ഫർ സ്വാദിഖ്
ജുബൈൽ ദഅ്വ സെൻറർ

*****

# മുഖവുര

പരമകാരുണ്യകനും കരുണാനിധിയുമായ അല്ലാഹുവ ിൻെറ നാമത്തിൽ സർവ്വലോക രക്ഷിതാവിന്നാണ് സർവ്വ സ്തുതിയും, അവൻെറ പ്രവാചകൻെറമേൽ ശാന്തിയും സമാധാനവും വർഷിക്കുമാറാവട്ടെ...

ഒന്ന്:

അയാൾ വളരെ ദു:ഖത്തോടെയും പ്രയാസത്തോടെയും എൻെറ മുമ്പിൽ വന്നിരുന്നു.

അയാൾ പറഞ്ഞു: ശൈഖേ, എനിക്കീ പ്രവാസ ജീവിതം മടുത്തിരിക്കുന്നു.

ഞാൻ പറഞ്ഞു: നാട്ടിൽ താങ്കളുടെ കുടുംബത്തേക്ക് എത്രയും വേഗം മടങ്ങി ചെല്ലാൻ താങ്കളെ അല്ലാഹു അനുഗ്രഹിക്കട്ടെ.

അയാൾ കരഞ്ഞ് കൊണ്ട് പറഞ്ഞു: "ശരിയാണ്. ശൈഖേ, എനിക്ക് എൻെറ കുടുംബത്തോടും, അവർക്കെന്നോടുമുള്ള സ്നേഹത്തിൻെറ അളവ് താങ്കളറിഞ്ഞിരുന്നുവെങ്കിൽ...

താങ്കൾ വിശ്വസിക്കുമോ ആവോ? നാനൂറ് മൈലക ലേയുള്ള ഒരു വലിയ്യിൻെറ ശവകുടീരത്തിൽ ചെന്ന് എൻെറ ഉമ്മ എനിക്ക് വേണ്ടി പ്രാർത്ഥിച്ചിരുന്നു. അവരുടെ അടുത്തേക്ക് എന്നെ മടക്കാൻ, അവർ അയാളോട് തേടിയിരുന്നു. പ്രാർത്ഥനകൾ സ്വീകരിക്കപ്പെടുന്ന, വിശ മതകൾ നിവർത്തിക്കുന്ന, മരണശേഷം പോലും പ്രാർത്ഥിക്കുന്നവരുടെ തേട്ടങ്ങൾ കേൾക്കുന്ന അനുഗ്രഹീതനത്രെ അയാൾ."

*****

രണ്ട്:

ഞങ്ങളോട് 'ശൈഖ് അല്ലാമ അബ്ദുല്ലാ ഇബ്നു ജിബ്രീൻ' ഒരിക്കൽ പറഞ്ഞു:

'ഞാൻ അറഫയിലായിരിക്കെ, ജനങ്ങളെല്ലാം ഇഹ്റാമി ൻെറ വസ്ത്രം ധരിച്ച് ഉന്നതാനായ അല്ലാഹുവിലേക്ക് കൈകൾ ഉയർത്തി പ്രാർത്ഥനകളിലും, കരച്ചിലിലുമായിരുന്നു.

ഞങ്ങളും വളരെ ഭയഭക്തിയോടെ, വിനയാന്വിതരായി അല്ലാഹുവിൽ നിന്ന് കാരുണ്യം ഇറങ്ങേണമേയെന്ന് പ്രാർത്ഥിച്ച് കൊണ്ടിരുന്നു.

പെട്ടെന്ന് എൻെറ കണ്ണുകൾ ഒരു വയോവൃദ്ധൻെറ നേരെ തിരിഞ്ഞു. ശരീരം ദുർബലമായ, തൊലി ചുക്കിചുളിഞ്ഞ, മതുകു വളഞ്ഞ അദ്ദേഹം ആവർത്തിച്ചാവർത്തിച്ച് ഒരു ശൈഖിൻെറ പേര് വിളിച്ച് ആ വശ്യപ്പെട്ട് കൊണ്ടിരുന്നത് എൻെറ പ്രയാസങ്ങൾ നീക്കേണമേ, എനിക്ക് ശുപാർശ ചെയ്യേണമേ, എന്നോട് കരുണ കാണിക്കേണമേയെന്നായിരുന്നു. അദ്ദേഹം തേങ്ങി തേങ്ങി കരഞ്ഞ് കൊണ്ടേയിരുന്നു. ഇത് കേട്ടപ്പോൾ എൻെറ ശരീരം വിറച്ചു, എനിക്ക് പ്രയാസമനുഭവപ്പെട്ടു, ഞാനദ്ദേഹത്തെ സമീപിച്ച് കൊണ്ട് പറഞ്ഞു: “നീ അല്ലാഹുവിനെ സൂക്ഷിക്കുക. അാല്ലഹു അല്ലാത്തവരോട് നീ വിളിച്ച് പ്രാർത്ഥിക്കുകയും, അവനല്ലാത്തവനോട് സഹായം ചോദിക്കുകയും ചെയ്യുകയോ?

നീ വിളിച്ച് തേടുന്ന വലിയ്യ് നിന്നെപോലെ അല്ലാഹുവിൻെറ ഒരു സൃഷ്ടിയാണ്. അദ്ദേഹം നിൻെറ ആവശ്യങ്ങൾ കേൾക്കുകയോ, നിനക്ക് ഉത്തരം നൽകുകയോ ചെയ്യില്ല. ആയതിനാൽ യാതൊരു പങ്കുകാരനും ഇല്ലാത്ത, നിനക്ക് ഉത്തരം നൽകുന്ന, അല്ലാഹുവിനെ വിളിച്ച് പ്രാർത്ഥിക്കുക”.

അദ്ദേഹം പറഞ്ഞു: “നിനക്ക് ഈ ശൈഖിൻെറ മഹത്വം ശരിക്കും അറിയില്ല, എനിക്ക് വളരെ ഉറപ്പിച്ച് പറയാനാവും: ഈ ശൈഖിൻെറ അനുവാദം കൂടാതെ ആകാശത്തിൽ നിന്ന് ഒരു തുള്ളി വെള്ളം വീഴുകയോ, ഭൂമിയിൽ ഒരു വിത്ത് മുളക്കുകയോ ചെയ്യുന്നില്ല”.

ഇത് കേട്ടമാത്രയിൽ എൻെറ മനസ്സ് മന്ത്രിച്ചു: അല്ലാഹു എത്ര ഉന്നതൻ. എങ്കിൽ പിന്നെ അല്ലാഹുവിന്ന് നീയെന്താണ് ബാക്കിയാക്കിയത്?

“നീ അല്ലാഹുവിനെ സൂക്ഷിക്കുക”. ഞാനദ്ദേഹത്തോട് പറഞ്ഞു.
ഇത് കേട്ട നിമിഷം, അദ്ദേഹം എന്നിൽ നിന്ന് പിന്തിരിഞ്ഞ് കളഞ്ഞു.

ഇതുപോലുള്ള ഒരുപാട് സംഭവങ്ങൾ ഇനിയും നമുക്ക് ചുറ്റും കാണാൻ സാധിക്കുന്നതാണ്. അതെല്ലാം പേജുകളിൽ രേഖപ്പെട്ട് കിടപ്പുണ്ട്.

അല്ലാഹു എത്ര പരിശുദ്ധനാണ്. അല്ലാഹുവല്ലാത്തരിലേക്ക് അഭയം പ്രാപിക്കുന്നവരുടെ മടക്കസ്ഥലം

എവിടെയാണ്? അവർ തങ്ങളുടെ ആവശ്യങ്ങൾ അവരിൽ നിന്നും മൺമറഞ്ഞ് പോയവരോടാണോ തേടുന്നത്?

നുരുമ്പിപോയ എല്ലുകളോടും, നിർജീവമായ ശരീരങ്ങളോടുമാണോ ആവശ്യനിവർത്തിക്കായി അവർ പ്രാർത്ഥിക്കുന്നത്? അവർ അല്ലാഹുവിനെ സംബന്ധിച്ചെന്താണ് വിചാരിക്കുന്നത്?

അല്ലാഹു വ്യക്തവും, സത്യവുമായ രക്ഷിതാവാണ്. ഗർഭാശയത്തിലുള്ള മാംസപിണ്ഡത്തിൻെറ ചലനങ്ങളറിയുന്നവനാണ്. പ്രയാസങ്ങളനുഭവിക്കുന്നവൻെറ പ്രാർത്ഥനകൾ കേൾക്കുന്നവൻ. അവൻ മറ്റുള്ളവരോട് പ്രാർത്ഥിക്കുന്നത് ഒരിക്കലും ഇഷ്ടപ്പെടാത്തവനും, പൊറുത്ത് കൊടുക്കാത്തവനുമാണ്.

മുസ്ലിം സമുദായത്തിൻെറ ഈ അവസ്ഥയോർത്ത് കരയുക. നമ്മുടെ ഈ ഇസ്ലാമിക രാജ്യത്തിൽ നിന്ന് ചുറ്റുപാടിലേക്ക് കണ്ണു പായിക്കുക. കെട്ടിയുയർത്തിയ ജാറങ്ങളും, മഖ്ബറകളും, ബർക്കെത്തെടുക്കുന്ന സ്ഥലങ്ങളും മറ്റും, അവിടങ്ങളിലായി ഒരുപാട് കാണുവാൻ സാധിക്കും.

പടുത്തുയർത്തിയ ഖബറിടങ്ങളാണ് ഇന്ന് പ്രയാസങ്ങളിൽ നിന്നും മോചിതമാവാനുള്ള അഭയസ്ഥാനങ്ങൾ! ബുദ്ധിമുട്ടുകൾ തീർക്കു വാനുള്ള അവലംബം. ഈ ഖബറിടങ്ങളിൽ അഭയം പ്രാപിക്കുന്നവരുടെ സന്താനങ്ങൾ വളരുന്നത് ഈ പ്രകൃതിയിലാണ്. വലിയവർ ഈ അവസ്ഥയിലാണ് യുവാക്കളായത്.

എൻെറ ഈ വാക്കുകൾ അവർക്ക് വേണ്ടിയുള്ള നെടുവീർപ്പുകളാകുന്നു, ശിർക്കിൽ മുങ്ങികുളിച്ച ഏതൊരു സ്ത്രീക്കും, പുരുഷനുമുള്ള പ്രാർത്ഥനകളും തേട്ടങ്ങളുമാകുന്നു.

അവരെ അന്ധകാരത്തിൻെറ തിരമാലകൾ മൂടികഉഞ്ഞിരിക്കുന്നു, അവർ വഴിപിഴച്ചിരിക്കുന്നു...

അവർ രക്ഷയുടെ കപ്പലിൽനിന്നും മാറിനിൽക്കുകയാണ്. അവർ ശിർക്ക് ചെയ്തവരായി കൊണ്ടാണ് മരിച്ച് കൊണ്ടിരിക്കുന്നത്, അവർ മുസ്ലീങ്ങളാണെന്ന് സ്വയം ധരിച്ചിരിക്കുകയാണ്.

ഇത് ഏകദൈവ വിശ്വാസത്തിൻെറ കപ്പലാണ്.

നൂഹ് നബി(عليه السلام)യുടെ കപ്പൽ പോലെ,

ആരെങ്കിലും ഇതിൽ കയറിയാൽ രക്ഷപ്പെട്ടു. ആരെങ്കിലും പിന്തിനിന്നാൽ കരകാണാകടലിൽ മുങ്ങി നശിക്കും.

ഐഹിക ജീവിതത്തിലെ പ്രയത്നം പിഴച്ചു പോയവരത്രേ അവർ, അവർ വിചാരിക്കുന്നതാകട്ടെ തങ്ങൾ നല്ല പ്രവർത്തനം നടത്തി കൊണ്ടിരിക്കുന്നു എന്നാണ്. ഇങ്ങനെയുള്ള എത്ര ബന്ധുക്കളെയും, സഹോദരങ്ങളെയും, അയൽക്കാരെയുമാണ് നാം കണ്ടുകൊണ്ടിരിക്കു ന്നത്.

ആയതിനാൽ ഈ ലഘുകൃതിയിലൂടെ അവരോട് വിളിച്ച് പറയുന്നു, യാതൊരു പങ്കുകാരനുമില്ലാത്ത അല്ലാഹുവിനെ മാത്രം ആരാ ധിക്കുകയെന്ന്.

ഡോ: മുഹമ്മദ്ബ്നു അബ്ദുൽറഹ്മാൻ അൽ ഹുറൈഫി.

*********

# തിരമാലകളാൽ ഇരുളടഞ്ഞ സമുദ്രം

ലോകം മുശ്രിക്കുകളെ കൊണ്ട് നിറഞ്ഞിരിക്കുന്നു.
ഒരാൾ വിഗ്രഹത്തോട് വിളിച്ച് പ്രാർത്ഥിക്കുന്നു,
മറ്റൊരാൾ ഖബറാളികളോട് വിളിച്ച് പ്രാർത്ഥിക്കുന്നു.
മൂന്നാമതൊരാൾ മനുഷ്യ ദൈവങ്ങളെ ആരാധിക്കുന്നു...
നാലാമത്തെയാൾ മരത്തിനെ പൂജിക്കുന്നു...

അറബികളും അനറബികളുമടങ്ങിയിട്ടുള്ള സമൂഹത്തി ലേക്ക് രക്ഷിതാവായ തമ്പുരാൻ നിന്ദ്യതയോടെയും, കോപത്തോ ടെയും നോക്കി. അഹ്ലുകിതാബിൽപെട്ട കുറച്ച് തൗഹീദിൻെറ ആളുകൾ മാത്രമാണ് അതിൽ നിന്നും രക്ഷപ്പെട്ടത്.
അവരിൽ സമുദായ പണ്ഡിതരും, നേതാക്കളുമുണ്ടായിരുന്നു.

“ഹംറുബ്നുൽ ജമൂഹ്”ലേക്ക് നോക്കൂ,, നാട്ടുപ്രമാണി യായിരുന്നു അയാൾ. സങ്കടങ്ങൾ ബോധിപ്പിക്കുവാൻ “മനാഫ്” എന്ന് പേരുള്ള ഒരു വിഗ്രഹമുണ്ടായിരുന്നു അയാൾക്ക്. തൻെറ ആവശ്യങ്ങൾ മനാഫിലേക്ക് കൈകൾ നീട്ടി തേടുകയും, അതിൻെറ മുമ്പിൽ സാഷ്ടാഗം ചെയ്യുകയും ചെയ്തിരുന്നു അയാൾ.

'മനാഫ്' പ്രയാസങ്ങളിൽ അദ്ദേഹത്തിൻെറ അവലംബവവും, ആവശ്യങ്ങൾ നിറവേറ്റാനുള്ള ഏക ആശ്രയവുമായിരുന്നു അത്.

മരം കൊണ്ട് നിർമ്മിച്ച ഒരു വിഗ്രമായിരുന്നു അത് എന്നിരുന്നാലും അദ്ദേഹം തൻെറ ഭാര്യയെക്കാളും, സ്വത്തിനെ ക്കാളും അതിനെ സ്നേഹിച്ചു.

'മനാഫി'നെ വൃത്തിയാക്കുന്നതിനും, സുഗന്ധം പൂശുന്നതിനും, ഭംഗികൂട്ടുന്നതിനും, പുടവയണിയിക്കുന്നതിനും അദ്ദേഹം അമിതമായി സമ്പത്ത് ചിലവഴിച്ചു. വിവേകമെത്തിയത് മുതൽ തൻെറ അറു പത് വയസ്സ്വരെ ഈ നിലതുടർന്ന് കൊണ്ടേയിരുന്നു.

പ്രവാചകതിരുമേനി(ﷺ) മിസ്അബ്(رضي الله عنه)വിനെ പ്രബോധകനും, അധ്യാപകനുമായി മദീനയിലേക്ക് പറഞ്ഞയച്ചു. അദ്ദേഹത്തിൻെറ പ്രബോധനം മുഖേന അംറുബ്നുൽ ജമൂഹിൻെറ ഭാര്യയും മൂന്ന് മക്കളും, അയാളറിയാതെ മുസ്ലീങ്ങളായി.

അവർ പിതാവിനോട് ഈ പ്രബോധകനെ പറ്റി പറയുകയും, ഖുർആൻ ഓതികേൾപിക്കുകയും ചെയ്ത്കൊണ്ട് ചോദിച്ചു: "ഇദ്ദേഹത്തെ ജനങ്ങൾ പിൻപറ്റുന്നുവല്ലോ നിങ്ങളുടെ അഭിപ്രായമെന്താണ്?"

"എൻെറ മനാഫിനോട് ഇതിനെ പറ്റി അഭിപ്രായം ചോദിച്ചതിന് ശേഷമല്ലാതെ ഒന്നും തീരമാനിക്കുകയില്ല. അവൻ എന്ത് പറയുന്നു വെന്ന് നോക്കട്ടെ!!" അയാൾ പ്രതിവചിച്ചു.

അംറ് 'മനാഫി'നെ സമീപിച്ചു: (സാധാരണയായി അവർ വിഗ്രഹത്തോട് എന്തെങ്കിലും ചോദിക്കുവാൻ ഉദ്ദേശിച്ചാൽ അതിന്ന് മുമ്പിൽ പോയി വളരെ വിനയാന്വിതാരായി കൊണ്ടായിരുന്നു കാര്യങ്ങൾ ചോദിച്ചിരുന്നത്. വിഗ്രഹങ്ങൾ അവർക്ക് വേണ്ട കാര്യങ്ങൾ തോന്നിപ്പിച്ച് കൊടുക്കുമെന്നാ യിരുന്നു അവരുടെ വിശ്വാസം). അംറ് മുടന്തികൊണ്ട് (അയാളുടെ ഒരു കാലിന്ന് നീളക്കുറവുണ്ടായിരുന്നു) മനാഫിനെ സമീപിച്ചു. അങ്ങിനെ പുകഴ്തുകയും, സ്തുതിക്കുകയും ചെയ്തതിന് ശേഷം അയാൾ ഭവ്യതയോടെ ചോദിച്ചു:

"അല്ലയോ മനാഫ്; ഈ വന്നയാളെകുറിച്ച് നീ അറിഞ്ഞിട്ടുണ്ടെന്നതിൽ യാതൊരു സംശയവുമില്ല... നിന്നെ കൊണ്ടല്ലാതെ ആർക്കും ബുദ്ധിമുട്ടുണ്ടാക്കാൻ കഴിയില്ല. അവൻ (മിസ്അബ്) നിന്നെ ആരാധിക്കുന്നതിൽ നിന്നും ഞങ്ങളെ

തടയുകയാണ്. അത്കൊണ്ട് നീ ഞങ്ങൾക്ക് സത്യം തോന്നിപ്പിച്ചാലും. മനാഫ് യാതൊരു പ്രത്യുത്തരവും നൽകിയില്ല. വീണ്ടും ആവർത്തിച്ചു. യാതൊരനക്കവുമില്ല.

ഉത്തരമില്ലെന്ന് കണ്ടപ്പോൾ അംറ് പറഞ്ഞു: "ചിലപ്പോൾ നീ കോപിച്ചിരിക്കാം.

ആയതിനാൽ നിൻെറ കോപം നീങ്ങുന്നത് വരെ നിന്നോട് ഞാൻ സംസാരിക്കുകയില്ല" അയാൾ പുറത്ത് പോയി.

രാത്രിയായപ്പോൾ അദ്ദേഹത്തിൻെറ മക്കൾ മനാഫിനടുത്തേക്ക് ചെന്നു. 'മനാഫെ'ന്ന പിതാവിൻെറ ദൈവത്തെയെടുത്ത് മേളഛരവ സ്തുക്കളും, പാഴ് വസ്തുക്കളു ടുന്ന കുപ്പ കുഴിയിൽ അതിനെ അവർ വലിച്ചെറിഞ്ഞു...

നേരം പുലർന്നപ്പോൾ അംറ് തൻെറ ദൈവത്തെ അഭിവാദ്യം ചെയ്യാനായി ചെന്നു. പക്ഷെ, അതിനെ കണ്ടില്ല. അദ്ദേഹം വലിയ ശബ്ദത്തിൽ അട്ടഹസിച്ചു.
"നിങ്ങൾക്ക് നാശം!! ആരാണ് രാത്രിയിൽ നമ്മുടെ വിഗ്രഹത്തിനെതിരെ അതിക്രമം പ്രവർത്തിച്ചത്"?

വീട്ടുകാർ നിശബ്ദരായി.
അദ്ദേഹം പരിഭ്രമിച്ചു, ചഞ്ചലനായി, ദൈവത്തെ അന്വേഷിച്ച് കൊണ്ട് പുറപ്പെട്ടു.

അപ്പോഴതാ, ചളിക്കുഴിയിൽ തലകീഴായി കിടക്കുന്നതായി അതിനെ കണ്ടെത്തി.

അവിടെ നിന്നും 'മനാഫി'നെയെടുത്ത് വൃത്തിയാക്കി സുഗ ന്ധം പൂശി പഴയ സ്ഥാനത്ത് തന്നെ വെച്ചു. എന്നിട്ട് മനാഫിനോടായി പറഞ്ഞു: "അല്ലാഹു തന്നെയാണ് സത്യം, അല്ലയോ മനാഫേ, ആരാണിങ്ങനെ ചെയ്തതെന്ന് ഞാൻ അറിഞ്ഞിരുന്നെങ്കിൽ ഞാനവനെ നിന്ദിക്കുക തന്നെ ചെയ്യും".

അടുത്ത രാത്രിയിലും മക്കൾ അപ്രകാരം തന്നെ ചെയ്തു.

രാവിലെ എഴുന്നേറ്റ അംറിന് തൻെറ ദൈവത്തെ അന്നും അവിടെ കാണാനായില്ല.

അദ്ദേഹം വീട്ടുകാരോട് ദേഷ്യപ്പെടുകയും, അവരെ ഭീഷണി പ്പെടുത്തുകയും, താക്കിത് നൽകുകയും ചെയ്തു.

വീണ്ടും ആ കുഴിയിൽ നിന്ന് അതിനെ പുറത്തെടുത്ത് കഴുകി വൃത്തിയാക്കി സുഗന്ധം പൂശി.

ആ യുവാക്കൾ എല്ലാ രാത്രിയിലും അങ്ങിനെത്തന്നെ ചെയ്തുകൊണ്ടിരുന്നു. അംറും എല്ലാ ദിവസവും അപ്രകാരം ചെയ്തു കൊണ്ടിരുന്നു.

മടുപ്പ് തോന്നിയ അയാൾ ഉറങ്ങും മുമ്പേ മനാഫിനോടായി പറഞ്ഞു: "മനാഫേ, നിനക്ക് നാശം, ആട്ടിൻ കുട്ടി പോലും ഉപദ്രവങ്ങൾ സ്വയം തടയുകയും, പൃഷ്ട ഭാഗം സംരക്ഷിക്കുകയും ചെയ്യുന്നുണ്ട്".

എന്നിട്ട് ആ വിഗ്രഹത്തിൻെറ കഴുത്തിൽ ഒരു വാൾ കെട്ടിതൂക്കിയിട്ട് പറഞ്ഞു: നീ നിൻെറ ശത്രുവിനെ സ്വയം പ്രതിരോധിക്കുക".

രാത്രിയുടെ അന്ത്യയാമത്തിൽ ആ യുവാക്കൾ മനാഫെന്ന വിഗ്രഹത്തെയെടുത്ത് ചത്ത ഒരു നായയുടെ ജഡവുമായി ബന്ധിപ്പിച്ച് ദുർഗന്ധം വമിക്കുന്ന വസ്തുക്കൾ നിക്ഷേപിച്ച ഒരു കിണറ്റിൽ വലിച്ചെറിഞ്ഞു.

പ്രഭാതമായി; അംറ് ദൈവത്തെ അന്വോഷിച്ചപ്പോൾ മേൽ വി വരിച്ച അവസ്ഥയിൽ ആ കിണറ്റിലതിനെ കണ്ടെത്തി. അദ്ദേഹം പറഞ്ഞു:

"കുറുക്കന്മാർ ദൈവത്തിൻെറ തലയിൽ മൂത്രമൊഴിക്കുന്നു,

കുറുക്കന്മാർ മൂത്രമൊഴിക്കപ്പെട്ടവൻ തീർച്ചയായും നശിച്ചിരിക്കുന്നു."

അങ്ങിനെ അയാൾ മുസ്ലിമായി. തുടർന്നദ്ദേഹം ഇസ്ലാമിന് വേണ്ടി മഹാന്മാരോടൊപ്പം മൽസരിച്ച് കൊണ്ടേയിരുന്നു.

അംറിൻെറ ചരിത്രത്തിലേക്ക് നോക്കുക.

യുദ്ധത്തിനായി മുസ്ലീങ്ങൾ 'ബദറി'ലേക്ക് പോകുകയാണ്. അംറിനും അവരോടൊപ്പം ചേരണമെന്നുണ്ട്. പക്ഷേ അദ്ദേഹത്തിൻെറ വാർദ്ധക്യവും, വികലാംഗതയും പരിഗണിച്ച് കൊണ്ട് മക്കൾ അയാളെ പിന്തിരിപ്പിച്ചു. ജിഹാദിൽ പങ്കെടുക്കാനുറച്ച അദ്ദേഹം പ്രവാചകനോട് പറഞ്ഞു: മദീനയിൽ തന്നെ നിൽക്കുവാനാണ് നബി(ﷺ) അദ്ദേഹത്തെ ഉപദേശിച്ചത്. അംറ് അവിടെത്തന്നെ കഴിച്ച് കൂട്ടി.

ഉഹ്ദ് യുദ്ധത്തിൻെറ സമയമായപ്പോൾ അന്നും അംറ് ജിഹാദിന്നൊരുങ്ങി.
എന്നാൽ മക്കൾ വീണ്ടും തടഞ്ഞു.
അദ്ദേഹം നബി(ﷺ)യോട് കാര്യം പറഞ്ഞു:

"താങ്കളോടൊപ്പം ജിഹാദ് ചെയ്യുന്നതിൽ നിന്നും എൻെറ കുട്ടികൾ എന്നെ തടയുന്നു"

നബി(ﷺ) പറഞ്ഞു: "താങ്കൾക്ക് അല്ലാഹു ഇളവ് നൽകിയിരിക്കുന്നു"
അദ്ദേഹം പറഞ്ഞു: "അല്ലയോ പ്രവാചകരെ, അല്ലാഹു തന്നെയാണ് സത്യം ഈ അംഗവൈകല്യമുള്ള കാല് കൊണ്ട് ഞാൻ സ്വർഗ്ഗത്തിൽ നടക്കുവാൻ ആഗ്രഹിക്കുന്നു".
ഇത് കേട്ടപ്പോൾ നബി(ﷺ) അനുവാദം നൽകുകയുണ്ടായി.

അദ്ദേഹം ആയുധങ്ങൾ ധരിച്ചു. അല്ലാഹുവിനോട് പ്രാർത്ഥിച്ചു. "അല്ലാഹുവെ എനിക്ക് നീ രക്തസാക്ഷിത്വം നൽകേണമേ. എന്നെ നീ എൻെറ വീട്ടുകാരിലേക്ക് ഒരിക്കലും മടക്കരുതെ"

യുദ്ധ മുഖത്തേക്കെത്തിയപ്പോൾ രണ്ട്വിഭാഗവും യുദ്ധമാരംഭിച്ചു. യോദ്ധാക്കൾ പരസ്പരം ഏറ്റുമുട്ടി. അമ്പുകൾ പരസ്പരം എയ്ത് കൊണ്ടിരുന്നു.
അംറ്, തൻെറ ആയുധവുമായി ഇരുട്ടിൻെറ അക്രമികളോട് പടവെട്ടി. വിഗ്രഹഹാധകരോടദ്ധേഹം പൊരുതികൊണ്ടിരുന്നു.
അവസാനം, ഒരു അവിശ്വാസി അദ്ദേഹത്തെ വാൾ കൊണ്ട് വെട്ടി വീഴ്ത്തി. അങ്ങിനെ അല്ലാഹു അദ്ദേഹത്തിന് രക്തസാക്ഷിത്വം നൽകി.
ഉഹ്ദിൽ തന്നെ അദ്ദേഹം മറമാടപ്പെട്ടു. അല്ലാഹു അനുഗ്രഹിച്ചവരോ ടൊപ്പം അദ്ദേഹവും ചേർന്നു.
(46 വർഷങ്ങൾക്ക് ശേഷം മുആവിയ(رضي الله عنه)വിൻെറ കാലത്ത് ഉഹ്ദ് ശുഹദാക്കളുടെ ഖബറിടങ്ങളിലേക്കൊരാൾ ചെന്നപ്പോൾ അവിടെ രക്തം കാണുകയുണ്ടായി. അങ്ങിനെ ആ ഖബറുകൾ മൂടുവാൻ കൽപിച്ചു)?
മുസ്ലീങ്ങൾ ഖബറുകൾ മൂടുന്നതിനിടയിൽ അംറ്(رضي الله عنه) വിൻെറ ഖബർ കണ്ടു, അദ്ദേഹം സാധാരണ മനുഷ്യർ ഉറങ്ങുന്നത് പോലെ കിടക്കുന്നു. അദ്ദേഹത്തിൻെറ ജഡം ദ്രവിച്ചിട്ടില്ല.

ചിന്തിക്കുക. അദ്ദേഹത്തിന് ബോധ്യമായ സത്യത്തിലേക്ക് വന്നപ്പോൾ എങ്ങിനെയാണ് അല്ലാഹു അദ്ദേഹത്തിന് അനുഗ്രഹം നൽകിയതെന്ന്?

അതുമല്ല, (لا إله إلا الله) എന്ന വാക്യം ജീവിതത്തിൽ യാഥാർത്ഥ്യ മാക്കിയപ്പോൾ ഇഹലോകത്ത് വെച്ച്തന്നെ അല്ലാഹു അദ്ദേഹത്തെ ആദരിച്ചത് എങ്ങിനെയെന്ന് ആലോചിച്ച് നോക്കുക.

ആകാശഭൂമികൾ നിലനിൽക്കുന്നതും, സർവ്വ വസ്തുക്കളും സൃഷ്ടിക്കപ്പെട്ടതും, സൃഷ്ടികളെ സത്യവിശ്വാസി കളെന്നും, അവിശ്വാസികളെന്നും, തെമ്മാടികളെന്നും, പുണ്യവാന്മാരെന്നും വേർതിരിക്കപ്പെട്ട തും ഈ (لا إله إلا الله) എന്ന മഹനീയമായ വാക്യത്തിന് വേണ്ടിയാണ്. സ്വർഗ്ഗ പ്രവേശനത്തിന് അർഹത നേടി തരുന്നതും ഈ വാക്യം തന്നെ.

രണ്ട് കാര്യങ്ങളെ പറ്റി ചോദ്യം ചെയ്യപ്പെടാതെ പരലോകത്ത് ഒരാളുടെയും കാൽപാദങ്ങൾ മുന്നോട്ട് ചലിക്കുകയില്ല.

ഒന്ന്: ആരെയാണ് നിങ്ങൾ ആരാധിച്ചിരുന്നത്?

രണ്ട്: പ്രവാചകന്മാർക്ക് നിങ്ങൾ എന്താണ് ഉത്തരം നൽകിയത്?

*****

# രക്ഷയുടെ കപ്പൽ

ഏകദൈവ വിശ്വാസം യാഥാർത്ഥ്യമാക്കാത്തതിനാൽ എത്രയോ പേർ അന്ത്യനാൾവരെ ലോകരുടെ മുഴുവനും നിന്ദ്യതക്ക് പാത്ര മാവുകയും, നശിപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അല്ലാഹു, അവനാകുന്നു ഏകനായ രക്ഷിതാവ്. അവനിലല്ലാതെ ഒരാൾ ഭരമേൽപിക്കുവാൻ പാടില്ല. അവനിലേക്കല്ലാതെ ഒരാഗ്രഹവും പ്രകടിപ്പിക്കുവാൻ പാടില്ല...

അവനെയല്ലാതെ ആരെയും ഭയപ്പെടുവാനും പാടില്ല. അവൻെറ നാമം കൊണ്ടല്ലാതെ സത്യം ചെയ്യുവാൻ പാടില്ല. അവന്ന് വേണ്ടിയല്ലാതെ നേർച്ചയാക്കുവാൻ പാടില്ല. അവനിലേ ക്കല്ലാതെ ഖേദിച്ച് മടങ്ങുവാനും പാടില്ല.

സത്യസാക്ഷ്യവചനമായ لا إله إلا الله യുടെ പ്രായോഗികത ഈ രൂപത്തിലായിരിക്കണം.

ഈ വിധം لا إله إلا الله പ്രയോഗവൽകരിച്ചവരെയാണ് അല്ലാഹു നരകത്തിന് ഹറാമാക്കിയത്.

മുആദ്(﵁) ഒരിക്കൽ പ്രവാചകതിരുമേനി(ﷺ)യുടെ പിന്നിൽ സഞ്ചരിക്കുകയായിരുന്നു. പെട്ടെന്ന് നബി(ﷺ) അദ്ദേഹത്തോട് ചോദിച്ചു. "മുആദെ, നിനക്കറിയുമോ എന്താണ് അടിമകളുടെ മേൽ അല്ലാഹുവിൻെറ അവകാശവും, അല്ലാഹുവിൻെറ മേൽ അടിമകളുടെ അവകാശവുമെന്ന്"?

അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്നും അവൻെറ ദൂതന്നും അറിയാം".

നബി(ﷺ) പറഞ്ഞു: "അടിമകളുടെ മേൽ അല്ലാഹുവിൻെറ അവകാശം അവനെ മാത്രം ആരാധിക്കുകയെന്നതും അവനിൽ ആരെയും പങ്ക് ചേർക്കാതിരിക്കുകയെന്നതുമാകുന്നു. അല്ലാഹു വിൻെറ മേൽ അടിമകൾക്കുള്ള അവകാശം അവനിൽ പങ്ക് ചേർക്കാത്ത ആളുകളെ ശിക്ഷിക്കാതിരിക്കുക എന്നതുമാണ്"

അബ്ദുല്ലാഇബ്നു മസ്ഊദ്(﵁) നബി(ﷺ)യോട് ചോദിച്ചു, 'അല്ലയോ തിരുദൂതരെ, ഏത് പാപമാണ് അല്ലാഹു വിൻെറയടുത്ത് ഏറ്റവും മാരകമായത്?'

പ്രവാചകതിരുമേനി(ﷺ) പറഞ്ഞു: “നിന്നെ സൃഷ്ടിച്ച അല്ലാഹു വിന്ന് പങ്കുകാരെയുണ്ടാക്കലാണ് ഏറ്റവും വലിയ കുറ്റം”.

ഏകദൈവവിശ്വാസം ലോകർക്ക് എത്തിച്ച് കൊടുക്കുവാൻ വേണ്ടിയാണ് അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചിരിക്കുന്നത്.

അല്ലാഹു പറയുന്നു:

(وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَسُولاً أَنِ اعْبُدُوا اللَّهَ وَاجْتَنِبُوا الطَّاغُوتَ) (سورة النحل- ٣٦)

”തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ദുർമൂർത്തികളെ വെടിയുകയും ചെയ്യണമെന്ന്. പ്രബോധനം ചെയ്യുന്നതിന്ന് വേണ്ടി” (നഹ് ൽ:36)

ത്വാഗൂത്ത് എന്ന് പറഞ്ഞാൽ: അല്ലാഹുവല്ലാത്ത ആരാധിക്കപ്പെടുന്ന എല്ലാം ത്വാഗൂത്തിൽ പെടുന്നതാണ്. അത് വിഗ്രഹമാകട്ടെ, മരമാകട്ടെ, അല്ലെങ്കിൽ ഖബറോ അതോ അതിലെ വലിയ്യോ, കല്ലുകളോ എന്തുമാകട്ടെ അതെല്ലാം ത്വാഗൂത്തിൻെറ പരിധിയിൽ പെടുന്നതാണ്.

പ്രവാചകന്മാരെല്ലാം പരമപ്രധാനമായി പ്രബോധനം ചെയ്തതും തൗഹീദാകുന്നു. അല്ലാഹു പറയുന്നു:

(وَاسْأَلْ مَنْ أَرْسَلْنَا مِنْ قَبْلِكَ مِنْ رُسُلِنَا أَجَعَلْنَا مِنْ دُونِ الرَّحْمَنِ آلِهَةً يُعْبَدُونَ) (زخرف:٤٥)

“നിനക്ക് മുമ്പ് നമ്മുടെ ദൂതന്മാരായി നാം അയച്ചവരോട് ചോദിച്ച് നോക്കുക, പരമകാരുണികന് പുറമെ ആരാധിക്കപ്പെടേണ്ട വല്ല ദൈവങ്ങളെയും നാം നിശ്ചയിച്ചിട്ടുണ്ടോ എന്ന്” (സുഖ്റുഫ്:45)

തീർച്ചയായും അല്ലാഹുവിനെ മാത്രം ആരാധിക്കുവാനല്ലാതെ സൃഷ്ടികളെ നാം സൃഷ്ടിച്ചിട്ടില്ല. അല്ലാഹു പറയുന്നു:

(وَمَا خَلَقْتُ الْجِنَّ وَالإِنسَ إِلا لِيَعْبُدُونِ) (سورة الذاريات ٥٦)

“ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചില്ല.” (ദാരിയാത്ത് 56)

പ്രവർത്തനങ്ങളെല്ലാം തന്നെ സ്വീകരിക്കപ്പെടുന്നത് ഈ തൗ ഹീദിൻെറ അടിസ്ഥാനത്തിലാണ്. അല്ലാഹു പറയുന്നു:

(وَلَوْ أَشْرَكُوا لَحَبِطَ عَنْهُمْ مَا كَانُوا يَعْمَلُونَ) ( سورة الأنعام – ٨٨)

“അവർ (അല്ലാഹുവോട്) പങ്കു ചേർത്തിരുന്നുവെങ്കിൽ അവർ പ്രവർത്തിച്ചിരുന്നതെല്ലാം അവരെ സംബന്ധിച്ചിടത്തോളം നിഷ്ഫലമായി പോകുമായിരുന്നു.” (അൻആം-88)

ആരെങ്കിലും തൗഹീദ് യാഥാർത്ഥ്യമാക്കിയാൽ അവൻ രക്ഷപ്പെട്ടു. തിർമിദി ഉദ്ധരിക്കുന്ന ഖുദ്സിയായ ഹദീസിൽ പറയുന്നു:

قَالَ اللهُ تَبَارَكَ وَتَعَالَى: يَا ابْنَ آدَمَ إِنَّكَ لَوْ أَتَيْتَنِي بِقُرَابِ الأَرْضِ خَطَايَا ثُمَّ لَقِيتَنِي لاَ تُشْرِكُ بِي شَيْئًا لأَتَيْتُكَ بِقُرَابِهَا مَغْفِرَةً ) (ترمذي)

അല്ലാഹു പറയുന്നു: (അല്ലയോ ആദം സന്ദതികളെ, എന്നിൽ പങ്ക് ചേർക്കാതെ ഭൂമി നിറയെ തെറ്റുകളുമായി നിങ്ങൾ എന്നെ കണ്ട് മുട്ടിയാൽ അത്രതന്നെ പാപമോചനവുമായി ഞാൻ നിങ്ങളുടെയടുത്ത് വരുന്നതാണ്)

ഏകദൈവ വിശ്വാസത്തിൻെറ കാര്യം വളരെ വലിയതാണ്. അത് നഷ്ടപ്പെടുമോയെന്ന് പ്രവാചകന്മാർ പോലും ഭയപ്പെട്ടിരുന്നു.

തൗഹീദിൽ അടിയുറച്ച മുവഹ്ഹിദുകളുടെ പിതാവായ, വിഗ്രഹങ്ങളെ തച്ചുടച്ച, വിശുദ്ധ ഗേഹമായ ഖഅബാലയം പടുത്തുയർത്തിയ, ഇബ്രാഹി(عليه السلام) അല്ലാഹുവിനോട് വിനയാന്വിതാ മായി പ്രാർത്ഥിക്കുന്നത് കാണുക.

(وَإِذْ قَالَ إِبْرَاهِيمُ رَبِّ اجْعَلْ هَذَا الْبَلَدَ آمِنًا وَاجْنُبْنِي وَبَنِيَّ أَنْ نَعْبُدَ الأَصْنَام)

“ഇബ്രാഹിം ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു) എൻെറ രക്ഷിതാവേ, നീ ഈ നാടിനെ(മക്കയെ) നിർഭയത്വമുള്ളതാക്കുകയും, എന്നെയും എൻെറ മക്കളെയും ഞങ്ങൾ വിഗ്രഹങ്ങൾക്ക് അരാധന നടത്തുന്നതിൽനിന്ന് അകറ്റി നിർത്തുകയും ചെയ്യേണമേ” (ഇബ്രാഹിം:35)

ഇബ്രാഹിം നബിക്ക് ശേഷം ഈ കാര്യത്തിൽ ആർക്കാണ് നിർഭയത്വമുള്ളത്???

സഹോദരന്മാരെ ചിന്തിക്കുക.

*****

# വ്യതിയാനത്തിന്റെ തുടക്കം

ഭൂമിയിൽ ആദ്യമായി ശിർക്ക് സംഭവിച്ചത് നൂഹ്നബി(ﷺ) ന്റെറ ജനതയിൽ നിന്നായിരുന്നു.
അല്ലാഹു നൂഹ് നബി(ﷺ)യെ നിയോഗിച്ചു.

അദ്ദേഹമവരെ അതിൽനിന്ന് വിലക്കി. ആര് അദ്ദേഹത്തെ അനുസരിച്ച് അല്ലാഹുവിനെ ഏകനാക്കിയോ അവൻ രക്ഷപ്പെട്ടു. ശിർക്കിൽ തന്നെ ഉറച്ച് നിന്നവരെ അല്ലാഹു വെള്ളപ്പൊക്കം മൂലം നശിപ്പിക്കുകയും ചെയ്തു.

നൂഹ് നബി(ﷺ)ക്ക് ശേഷം കാലങ്ങളോളം ജനത ഏകദൈ വവിശ്വാസത്തിൽ തന്നെ ഉറച്ച്നിന്നു. പിശാച് കുഴപ്പമുണ്ടാക്കുവാനാ രംഭിച്ചു. അല്ലാഹുവിന്റെറ യഥാർത്ഥ ദാസന്മാരെ വഴിപിഴപ്പിച്ച് ശിർക്ക് ചെയ്യുന്നവരാക്കി തീർക്കുവാൻ തുടങ്ങി. തുടർന്ന് കാലാ കാലങ്ങളിൽ അല്ലാഹു അവരിലെക്ക് താക്കീത് ചെയ്യുവാനും, സന്തോഷ വാർത്ത അറിയിക്കുവാനും പ്രവാചകന്മാരെ നിയോഗിച്ച് കൊണ്ടിരുന്നു.

അങ്ങിനെ അവസാനത്തെ പ്രവാചകനായ മുഹമ്മദ് നബി(ﷺ) യും നിയോഗിതനായി.
അദ്ദേഹവും തൗഹീദിലേക്ക് ക്ഷണിച്ചു. മുശ്രിക്കുകളോട് യുദ്ധം ചെയ്തു. വിഗ്രഹങ്ങളെ തച്ചുടച്ചു.

കാലങ്ങളോളം അദ്ദേഹത്തിന്റെറ ജനതയും തൗഹീദിൽതന്നെ ജീവിച്ചു. കുറച്ച് കാലങ്ങൾക്ക് ശേഷം അദ്ദേഹത്തിന്റെറ ജനതയിൽ ഒരുവിഭാഗം ആളുകൾ പുണ്യാത്മാക്കളെയും, മഹാന്മാരെയും അതിര് കവിഞ്ഞ് മഹത്വപ്പെടുത്തിയത് കാരണത്താൽ അവരിലേക്ക് ശിർക്ക് അ റിയാതെ കടന്നുവന്നു. അവർ ഖബറുകളിന്മേൽ ജാറങ്ങൾ പടത്തുയർത്തുകവരെ ചെയ്തു.

ആഗ്രഹ സഫലീകരണത്തിന് വേണ്ടി അവരുടെ മഖാമുകളിൽ പ്രാർത്ഥനകളും, നേർച്ച വഴിപാടുകളും, ബലികർമ്മങ്ങളും അർപ്പിച്ച് തുടങ്ങി. ഇതെല്ലാം തന്നെ ഇസ്‌ലാം കഠിനമായി വിരോധിച്ച കാര്യമാണ്.

ഈ ശിർക്കിന് അവർ മഹാത്മാരോടുള്ള സ്‌നേഹവും, ബഹുമാനവുമാണെന്ന ഓമനപ്പേരിടുകയും ചെയ്തു. ഇത്തരത്തിലുള്ള സ്‌നേഹ ബഹുമാനങ്ങൾ പ്രകടിപ്പിക്കലും, അവരുടെ ഖബറുകളെ ആദരിക്കലുമെല്ലാം അല്ലാഹുവിലേക്ക് നമ്മെ അടുപ്പിക്കുവാൻ വേണ്ടിയുള്ള താന്നണെവർ വാദിച്ച് കൊണ്ടിരിന്നു. ഈ വാദം തന്നെയായിരുന്നു ആദ്യകാല മുശ്‌രിക്കുകളുടെ ശിർക്കിന്ന് പിന്നിലുണ്ടായിരുന്ന തെളിവും. അല്ലാഹു പറയുന്നു:

( مَا نَعْبُدُهُمْ إِلا لِيُقَرِّبُونَا إِلَى اللهِ زُلْفَى ) (سورة الزمر – ٣)

“അല്ലാഹുവിലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പമുണ്ടാക്കി തരാൻ വേണ്ടി മാത്രമാകുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്” (സുമർ:3)

ഒരു കാര്യം അൽഭുതകരമാണ്!

ഈ ശിർക്കിനെ എതിർത്താൽ അവർ പറയും: ‘അങ്ങനെയല്ല, ഞങ്ങൾ യഥാർത്ഥ മുവഹ്ഹിദുകളാണ്. ഞങ്ങൾ ഞങ്ങളുടെ രക്ഷിതാവിനെയാണ് ആരാധിക്കുന്നത്. അവർ വിചാരിക്കുന്നത്, തൗഹീദെന്നാൽ അല്ലാഹു ഉണ്ടെന്ന് അംഗീകരിക്കുകയും, അല്ലാഹുവാണ് ആരാധിക്കുവാൻ കൂടുതൽ അർഹനെന്ന് അംഗീകരിക്കലുമണെന്നാണ്. എന്നാൽ ഈ വിശ്വാസം തൗഹീദിനെപ്പറ്റിയുള്ള അപൂർണ്ണ ധാരണയാണ്.

ഈ രൂപത്തിൽ മനസ്സിലാക്കിയവരായിരുന്നു അബൂലഹബും, അബൂജഹലും മറ്റു മുശ്‌രിക്കുകളും, ഈ രൂപത്തിലാണ് തൗഹീദെങ്കിൽ ഇവരും മുവഹിദുകളാകേണ്ടിയിരുന്നു.
അല്ലാഹുവാണ് ആരാധനക്കർഹനായ ഏറ്റവും വലിയ ദൈവമെന്നവർ വിശ്വസിച്ചിരുന്നു. എന്നാൽ അവർ അല്ലാഹുവിലേക്ക് അടുപ്പിക്കുവാനും, ശുപാർശ ചെയ്യുവാനും വേണ്ടി മറ്റുള്ളവരെയും പങ്ക് ചേർത്തിരുന്നു.

*****

# ഒരു കഥ

ഹസനായ സനദിലൂടെ ബൈഹഖി ഉദ്ദരിക്കുന്നു, നബി(ﷺ) തൻെറ പ്രബോധനവുമായി രംഗത്തിറങ്ങിയപ്പോൾ, ജനങ്ങളെ അദ്ദേഹത്തിൽ ആകൃഷ്ടരാകുന്നതിൽ നിന്നും തടയുവാൻ മുശ്രിക്കുകളായ ഖുറൈശികൾ ശ്രമിച്ചു കൊണ്ടിരുന്നു

അവർ പ്രവാചകനെപ്പറ്റി മാരണക്കാരൻ, ജോത്സ്യൻ, ഭ്രാന്തൻ എന്നിങ്ങനെ പലതും പറഞ്ഞു.

പക്ഷേ, താമസിയാതെ അവർ മനസ്സിലാക്കി, അദ്ദേഹത്തിന് അനുയായികൾ കുറയുകയല്ല, വർദ്ധിക്കുക യാണെന്ന്.

അദ്ദേഹത്തെ സമ്പത്തോ, ഐഹിക സുഖാഢംഭരങ്ങളോ നൽകി പിൻ തിരിപ്പിക്കാമെന്നവർ വിചാരിച്ചു.

നബിയുടെ അടുത്തേക്ക് അവർ "ഹുസൈന്ബ്നുൽ മുൻദിറുൽ ഖു സാഇ"യെ അയച്ചു. അയാൾ അവരിലെ കാരണവരും, നേതാവുമായിരുന്നു.

അയാൾ നബി(ﷺ)യെ സമീപിച്ച് കൊണ്ട് പറഞ്ഞു: "മുഹമ്മദേ, നീ ഞങ്ങളുടെ സമുദായത്തെ ഭിന്നിപ്പിച്ചിരിക്കുന്നു. ഞങ്ങൾക്കിടയിലുള്ള ഐക്യം തകർത്തിരിക്കുന്നു, അങ്ങിനെ പലതും പ്രവർത്തിച്ചിരിക്കുന്നു.

ഇത് കൊണ്ട് നീ ഉദ്ദേശിക്കുന്നത്, സമ്പത്താണെങ്കിൽ ഞങ്ങൾ നിന്നെ ഏറ്റവും വലിയ ധനികനാക്കാം, നീ സുന്ദരിയായ തരുണിമണിയെയാണ് ആഗ്രഹിക്കുന്നതെങ്കിൽ, ഞങ്ങളിലെ ഏറ്റവും സുന്ദരിയെ നിനക്ക് വിവാഹം കഴിച്ച് തരാം, നീ രാജാവാകാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ നിന്നെ ഞങ്ങളുടെ രാജാവാക്കാം".

അദ്ദേഹം കുറെ കാര്യങ്ങൾ പറഞ്ഞ് നബിയെ പ്രലോഭിച്ച് കൊണ്ടിരുന്നു. എന്നാൽ നബി(ﷺ) ഒന്നും തന്നെ പ്രതിവചിച്ചില്ല.

അദ്ദേഹം തൻെറ വർത്തമാനത്തിൽ നിന്നും വിരമിച്ചപ്പോൾ, നബി(ﷺ) ചോദിച്ചു: "അല്ലയോ അബൂ ഇംറാൻ കഴിഞ്ഞുവോ?"

അതെയെന്നദ്ദേഹം മറുപടി പറഞ്ഞു:

നബി(ﷺ) പറഞ്ഞു: "ഇനി ഞാൻ ചോദിക്കുന്നതിന്ന് മറുപടി പറയുക".

നിനക്ക് ഇഷ്ടമുള്ളത് ചോദിക്കുക എന്നയാൾ മറുപടി പറഞ്ഞു.
“അബു ഇംറാൻ; നീ എത്ര ദൈവത്തെ ആരാധിക്കുന്നുണ്ട്?
“ഏഴ് ദൈവങ്ങളെ, ഒന്ന് ആകാശത്തും ബാക്കി ആറെണ്ണം ഭൂമിയിലും”
“നിൻെറ മുതൽ നശിച്ചാൽ നീ ആരോടാണ് പ്രാർത്ഥിക്കുന്നത്?”
“ആകാശത്തുള്ളവനോടാണ് ഞാൻ പ്രാർത്ഥിക്കുക”
“മഴ കുറഞ്ഞ് പോയാൽ നീ ആരോടാണ് പ്രാർത്ഥിക്കുക”?
ആകാശത്തുള്ളവനോടു തന്നെ”.
“നിൻെറ കുടുംബം പട്ടിണിയിൽ അകപ്പെട്ടാൽ നീ ആരോടാണ് പ്രാർത്ഥിക്കുക?”
“ആകാശത്തുള്ളവനോടാണ് ഞാൻ പ്രാർത്ഥിക്കുക”.
“അപ്പോൾ അവൻ മാത്രമാണ് നിനക്ക് ഉത്തരം നൽകുന്നത്, അല്ലേ? അതല്ല; നിനക്ക് എല്ലാ ദൈവങ്ങളും ഉത്തരം നൽകുമോ?”
അദ്ദേഹം പറഞ്ഞു: “ആകാശത്തുള്ളവൻ മാത്രമാകുന്നു ഉത്തരം നൽകുന്നത്”.
അപ്പോൾ നബി(ﷺ) പറഞ്ഞു: അവൻ മാത്രമാണ് നിനക്ക് ഉത്തരം നൽകുന്നത്, അവൻ മാത്രമാണ് നിനക്ക് അനുഗ്രഹം ചൊരിയുന്നത്, എന്നാൽ നന്ദി ചെയ്യുന്നതിൽ നീ മറ്റുള്ളവരെയും പങ്ക് ചേർ ക്കുകയാണോ? അതല്ല മറ്റു ദൈവങ്ങൾ നിന്നെ ഉപദ്രവിക്കുമെന്ന് നി ഭയപ്പെടുന്നുണ്ടോ?”
ഹുസൈൻ പറഞ്ഞു: ”ഇല്ല, അവർക്കതിന്ന് കഴിയുകയില്ല”.
അപ്പോൾ നബി(ﷺ) പറഞ്ഞു: അല്ലയോ ഹുസൈൻ, നീ മുസ്‌ലിമാവുക, നിനക്ക് അല്ലാഹുവിൽ നിന്ന് ഉപകാരം ലഭിക്കുന്ന കുറച്ച് വാക്കുകൾ പഠിപ്പിച്ച് തരാം” ഹദീസ്...

# യാഥാർത്ഥ്യം

അതെ, അവർ ലാത്തയെയും, ഉസ്സയേയും ആരാധിച്ചിരുന്നു. ഉന്നതനും പ്രതാപിയും വലിയവനുമായ അല്ലാഹുവിലേക്ക് അടുപ്പിക്കുന്ന കുട്ടി ദൈവങ്ങളായിരുന്നു അവരെല്ലാം., അല്ലാഹുവിൻെറയടുത്ത് ശുപാർശ ചെയ്യുവാൻ വേണ്ടി അവർക്കവർ ആരാധനയുടെ പല ഇനങ്ങളും അർപ്പിച്ചിരുന്നു.

അവർ ഇങ്ങനെ പറഞ്ഞിരുന്നു:

(مَــــا نَعْبُـــدُهُمْ إِلاَّ لِيُقَرِّبُونَـــا إِلَـــــى اللهَّ زُلْفَـــى) (ســـورة الزمـــر– ٣)

"അല്ലാഹുവിലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പമുണ്ടാക്കി തരാൻ വേണ്ടി മാത്രമാകുന്നു ഞങ്ങൾഅവരെ ആരാധിക്കുന്നത്" (സുമർ:3)

തങ്ങളുടെ സൃഷ്ടാവും, അന്നദാതാവും, ജീവിപ്പിക്കുന്നതും, മരിപ്പിക്കുന്നതും അല്ലാഹുവാണെന്നവർ വിശ്വസിച്ചിരുന്നു.

(وَلَـئِنْ سَـأَلْتَهُمْ مَـنْ خَلَـقَ الـسَّمَوَاتِ وَالأَرْضَ لَيَقُـولُنَّ اللهُّ قُـلِ الحَْمْـدُ للهِّ بَـلْ أَكْثَرُهُمْ لاَ يَعْلَمُونَ) (لقمان:٢٥)

"ആകാശങ്ങളും, ഭൂമിയും സൃഷ്ടിച്ചത് ആരെന്ന് നീ അവരോട് ചോ ദിച്ചാൽ തീർച്ചയായും അവർ പറയും, അല്ലാഹുവാണെന്ന്. പറയുക: അല്ലാഹുവിന്ന് സ്തുതി, പക്ഷെ, അവരിൽ അധികപേരും മനസ്സിലാക്കുന്നില്ല." (ലുഖ്മാൻ:25)

ബുഖാരിയും മുസ്ലിമും ഉദ്ദരിക്കുന്ന ഒരു ഹദീസിൽ അബൂ ഹുറൈറ(ﷺ) റിപ്പോർട്ട് ചെയ്യുന്നു: നബി(ﷺ) മദീനയുടെ അതിർത്തികളെ നിരീക്ഷിക്കുവാൻ വേണ്ടി, ഒരു സംഘത്തെ നജ്ദിൻെറ ഭാഗത്തേക്ക് നിയോഗിച്ചു, ആ സംഘം അവരുടെ വാഹനപുറത്ത് ചുറ്റികറങ്ങവെ ഊരിപ്പിടിച്ചവാളുമായി ഇഹ്റാമിൻെറ വസ്ത്രം ധരിച്ച് ഒരാൾ തൽബിയ്യത്ത് ചൊല്ലുന്നതായി കണ്ടു, അദ്ദേഹം ചൊല്ലുന്ന തൽബിയത്ത്

لَبَّيْكَ اللَّهُمَّ لَبَّيْكَ، لَبَّيْكَ لاَ شَرِيكَ لَكَ إِلاَّ شَرِيكًا هُوَ لَكَ تمَلِْكُهُ وَمَا مَلَكَ

(അല്ലാഹുവെ നിൻെറ വിളിക്കിതാ ഞാൻ ഉത്തരം നൽകിയിരിക്കുന്നു. നിനക്ക് യാതൊരു പങ്കുകാരനുമില്ല. ഒരു പങ്കുകാരനൊഴിച്ച് അവൻ നിനക്കുള്ളതാകുന്നു. നീ നൽകിയത് മാത്രമേ അവൻ ഉടമപ്പെടുത്തുന്നുള്ളൂ) ഈ വാചകങ്ങൾ അവൻ ആവർത്തിച്ച് കൊണ്ടേയിരുന്നു.

അങ്ങിനെ സ്വഹാബികൾ അദ്ദേഹത്തെ സാമീപിച്ച് കൊണ്ട്, എവിടേക്ക് പോകുന്നു എന്ന് ചോദിച്ചു? മക്കയിലേക്ക് എന്ന് മറുപടി പറഞ്ഞു. കൂടുതൽ ചോദിച്ചറിഞ്ഞപ്പോൾ അവൻ,

നുബുവ്വത്ത് വാദിച്ച മുസൈലിമതുൽ കദ്ദാബിൻെറ നാട്ടിൽ നിന്നാണെന്ന് മനസ്സിലായി.

അദ്ദേഹത്തെ ബന്ധിയാക്കി മദീനയിലേക്ക് കൊണ്ടുവന്ന് പ്രവാചക തിരുമേനിയുടെമുമ്പിൽ ഹാജറാക്കി. നബി(ﷺ) അദ്ദേഹത്തെ കണ്ടപ്പോൾ സ്വഹാബികളോട് ചോദിച്ചു,

“നിങ്ങൾ ബന്ധനസ്ഥനാക്കിയത് ആരെയാണെന്നറിയുമോ? ഇത് ബനൂ ഹനീഫ ഗോത്രക്കാരുടെ നേതാവായ ‘ഥുമാമത്തുബ്നു ഉഥാൽ’ ആണ്”

നിങ്ങൾ അദ്ദേഹത്തെ പള്ളിയുടെ ഒരു തൂണിൽ ബന്ധിക്കുകയും, അദ്ധേഹത്തെ ആദരിക്കുകയും ചെയ്യുക.

തുടർന്ന് നബി(ﷺ) തൻെറ വീട്ടിലേക്ക് മടങ്ങി, ഥുമാമക്ക് ഭക്ഷണം കൊടുത്തയച്ചു. അദ്ദേഹത്തിൻെറ ഒട്ടകത്തെ മേഞ്ഞ് നടക്കുവാനായി അഴിച്ച് വിടുവാനും കൽപിച്ചു. നബി(ﷺ) രാവിലേയും, വൈകുന്നേരവും അദ്ദേഹത്തിൻെറ അടുത്ത് ചെന്ന് ചോദിക്കും: “അല്ലയോ “ഥുമാമാ” നീ എന്ത് പറയുന്നു?”

അദ്ദേഹം പറയും: “മുഹമ്മദെ, നല്ലത് മാത്രം, നീ എന്നെ വധിക്കുകയാണെങ്കിൽ ആളുകൾ പകരം ചോദിക്കും. അല്ല, നീ വിട്ട്വീഴ്ച നൽകുകയാണെങ്കിൽ അതിന് പകരമായി നന്മയും, നന്ദിയും നിനക്ക് ലഭിക്കുന്നതാണ്. അതല്ല, നീ സമ്പത്താണ് ഉദ്ധേശിക്കുന്നതെങ്കിൽ നീ ചോദിക്കുന്നത് നൽകുവാൻ ഞാൻ തയ്യാറാണ്”.

അപ്പോൾ നബി(ﷺ) അദ്ദേഹത്തിൽ നിന്നും അകന്ന് പോകും.

അടുത്ത ദിവസവും നബി(ﷺ) ചോദ്യം ആവർത്തിക്കും.

നേരത്തെ നിന്നോടു പറഞ്ഞതേ ഇനിയും എനിക്കു പറയാനുള്ളത്. “മുഹമ്മദെ, നല്ലത് മാത്രം, നീ എന്നെ വധിക്കുകയാണെങ്കിൽ ആളുകൾ പകരം ചോദിക്കും. അല്ല, നീ വിട്ട്വീഴ്ച നൽകുകയാണെങ്കിൽ അതിന് പകരമായി നന്മയും, നന്ദിയും നിനക്ക് ലഭിക്കുന്നതാണ്. അതല്ല, നീ സമ്പത്താണ് ഉദ്ധേശിക്കുന്നതെങ്കിൽ നീ ചോദിക്കുന്നത് നൽകുവാൻ ഞാൻ തയ്യാറാണ്.”

അതിന്നടുത്ത ദിവസവും നബി(ﷺ) ഇതേ ചോദ്യം തന്നെ ആവർത്തിച്ചു? അതേ മറുപടി തന്നെ ഥുമാമയും പറഞ്ഞു.

അദ്ദേഹത്തിന് ഇസ്ലാമിനോട് താൽപര്യമില്ലെന്ന് മനസ്സിലാക്കി.

ഥുമാമ മുസ്ലീങ്ങളുടെ നമസ്കാരം കണ്ടിട്ടുണ്ട്... അവരുടെ സംസാരം കേട്ടിട്ടുണ്ട്... അവരുടെ മാന്യത അനുഭവിച്ചറിഞ്ഞിട്ടുണ്ട്...

പ്രവാചകൻ പറഞ്ഞു: "അദ്ദേഹത്തെ വിടുക..."

അവർ അദ്ദേഹത്തെ മോചിപ്പിച്ചു. മൃഗത്തെ തിരിച്ചു നൽകി യാത്രയാക്കുകയും ചെയ്തു.

പക്ഷേ, ഥുമാമ പോയത് പള്ളിക്ക് സമീപമുള്ള വെള്ളത്തിനടുത്തേക്കാണ്. എന്നിട്ട് കുളിച്ചു ശുദ്ധിയായി, പിന്നെ പള്ളിയിൽ പ്രവേശിച്ചു.

ശേഷം രണ്ട് സാക്ഷ്യ വചനങ്ങൾ ഉറക്കെ ചൊല്ലി:

(أشهد أن لاإله إلا الله وأن محمدا رسول الله)

(അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്നും, മുഹമ്മദ് അവൻെറ ദൂതനാണെന്നും ഞാനിതാ സാക്ഷ്യം വഹിച്ചിരിക്കുന്നു)

തുടർന്ന് അദ്ദേഹം പറഞ്ഞു: "അല്ലയോ മുഹമ്മദെ, നിൻെറ മുഖത്തേക്കാൾ വെറുപ്പുള്ള മറ്റൊരു മുഖവും എനിക്ക് ഈ ലോകത്തുണ്ടായിരുന്നില്ല, എന്നാൽ ഇപ്പോൾ എനിക്ക് ഏറ്റവും ഇഷ്ടമുള്ള മുഖം നിൻെറ മുഖമാകുന്നു, നിൻെറ മതത്തേക്കാളും വെറുപ്പുള്ള മറ്റൊരു മതവും എനിക്ക് ഭൂമുഖത്തുണ്ടായിരുന്നില്ല, എന്നാൽ എനിക്കിപ്പോൾ കൂടുതൽ ഇഷ്ടമുള്ള മതം നിൻെറ മതമാകുന്നു. ഈ രാജ്യത്തെക്കാളും വെറുപ്പുള്ള മറ്റെരു രാജ്യവും എനിക്കുണ്ടായിരുന്നില്ല. എന്നാൽ എനിക്ക് കൂടുതൽ ഇഷ്ടമുള്ള രാജ്യമായി മാറിയിരിക്കുന്നു ഈ രാജ്യം).

അയാൾ തുടർന്നു: അല്ലയോ അല്ലാഹുവിൻെറ തിരുദൂതരെ, താങ്കളുടെ പട്ടാളം എന്നെ പിടികൂടുമ്പോൾ ഉംറ ഉദ്ധേശിച്ച് മക്കയിലേ ക്ക് പുറപ്പെട്ടിരിക്കുകയിരുന്നു ഞാൻ, ഞാൻ ഇനി എന്ത് ചെയ്യണം?

ഉംറ നിർവ്വഹിക്കുന്നതിന്ന് യാത്ര തുടരുവാനുള്ള സന്തോഷ വാർത്തയാണ് പ്രവാചകതിരുമേനി നൽകിയത്.

തൗഹീദിൻെറ തൽബിയ്യത്തും ഉരുവിട്ടുകൊണ്ട് മക്കയിലേക്ക് തിരിച്ചു.

لَبَّيْكَ اللَّهُمَّ لَبَّيْكَ، لَبَّيْكَ لاَ شَرِيكَ لَكَ ...

(അല്ലാഹുവെ നിൻെറ വിളിക്കിതാ ഞാൻ ഉത്തരം നൽകിയിരിക്കുന്നു, നിനക്ക് യാതൊരു പങ്കുകാരനുമില്ല,

അല്ലാഹുവെ നിൻെറ വിളിക്കിതാ ഞാൻ ഉത്തരം നൽകിയിരിക്കുന്നു, നിനക്ക് യാതൊരു പങ്കുകാരനുമില്ല... ) എന്ന് ഉരുവിട്ടുകൊണ്ടേയിരുന്നു.
അതേ “ഥുമാമ” മുസ്ലിമായി. അദ്ദേഹം പറഞ്ഞു കൊണ്ടേയിരുന്നു.
(അല്ലാഹുവെ നിൻെറ വിളിക്കിതാ ഞാൻ ഉത്തരം നൽകിയിരിക്കുന്നു, നിനക്ക് യാതൊരു പങ്കുകാരനുമില്ല. അല്ലാഹുവിനോടൊപ്പം യാതൊരു ഖബറും ആരാധിക്കപ്പെടുവാൻ പാടില്ല.
ഒരു വിഗ്രഹത്തിൻെറ മുമ്പിലും സുജൂദ് ചെയ്യുവാനോ, നമസ്കരിക്കുവാനോ, പ്രാർത്ഥിക്കുവാനോ പാടില്ല).

അദ്ദേഹം മക്കയിൽ പ്രവേശിച്ചു, മക്കാ ഖുറൈശികളും അവ രുടെ നേതാക്കളും അദ്ദേഹത്തെ സ്വാഗതം ചെയ്തു. അദ്ദേഹത്തിൽ നിന്നവർക്ക് കേൾക്കുവാൻ സാധിച്ചത്

لَبَّيْكَ اللَّهُمَّ لَبَّيْكَ، لَبَّيْكَ لاَ شَرِيكَ لَكَ ...

(അല്ലാഹുവെ നിൻെറ വിളിക്കിതാ ഞാൻ ഉത്തരം നൽകിയിരിക്കുന്നു, നിനക്ക് യാതൊരു പങ്കുകാരനുമില്ല, അല്ലാഹുവെ നിൻെറ വിളിക്കിതാ ഞാൻ ഉത്തരം നൽകിയിരിക്കുന്നു, നിനക്ക് യാതൊരു പങ്കുകാരനുമില്ല, എന്ന തൗഹീദിൻെറ വിശുദ്ധമായ വാക്യമായിരുന്നു. അദ്ദേഹത്തോട് ഒരാൾ ചോദിച്ചു. നിനക്കെന്തെങ്കിലും ബാധിച്ചുവോ? മറുപടി നൽകി: ഇല്ല. പക്ഷേ ഞാൻ മുഹമ്മദിൽ വിശ്വസിച്ചിരിക്കുന്നു.

അപ്പോഴവർ അദ്ദേഹത്തെ ഉപദ്രവിക്കുവാൻ തുനിഞ്ഞു. അദ്ദേ ഹം ഉറക്കെ പറഞ്ഞു: “അല്ലാഹു തന്നെയാണ് സത്യം, യമാമയിൽ നിന്ന് നിങ്ങൾക്ക് ഞാൻ ഒരു ഗോതമ്പ് മണിപോലും മുഹമ്മദ് നബി (ﷺ)യുടെ അനുവാദം കൂടാതെ അയച്ച് തരില്ല.

അതെ അവർ, മറ്റു ദൈവങ്ങളെക്കാളും അല്ലാഹുവിനെയാണ് മഹ ത്വപ്പെടുത്തിയിരുന്നത്.

ആയതിനാൽ സഹോദരാ, നീ ചിന്തിച്ച്കൊണ്ട് പറയൂ:
നിൻെറ രക്ഷിതാവിനെ സാക്ഷിനിറുത്തി പറയൂ:
അബൂജഹ്ലിൻെറയും, അബൂലഹബിൻെറയും ശിർക്കും, ഇന്ന് ഖബറി ന് മുമ്പിലും, ജാറത്തിന് മുമ്പിലും, വലിയ്യിന് മുമ്പിലും,

നുരുമ്പിയ എല്ലുകൾക്ക് മുമ്പിലും സുജൂദും ത്വവാഫും ചെയ്യുന്ന, ബലിദാനം നടത്തുന്ന, വിനയഭക്തിയോടെ സങ്കടം ബോധിപ്പിക്കുന്ന, രോഗശമനത്തിന്നും, ഉദ്ദിശ്ടകാര്യത്തിന്നും പ്രാർത്ഥിക്കുന്ന ആളുകളുടെ ശിർക്കും തമ്മിലുള്ള വ്യത്യാസം എന്ത് എന്ന് പറഞ്ഞു തരൂ,
ഇങ്ങനെയുള്ള മനുഷ്യരുടെ കാര്യം വളരെയധികം അൽഭുതകരമാകുന്നു.
അല്ലാഹു പറയുന്നു:

(إِنَّ الَّذِينَ تَدْعُونَ مِنْ دُونِ اللهِ عِبَادٌ أَمْثَالُكُمْ فَادْعُوهُمْ فَلْيَسْتَجِيبُوا لَكُمْ إِنْ كُنتُمْ صَادِقِينَ) (الأعراف:١٩٤)

"തീർച്ചയായും അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർത്ഥിച്ച് കൊണ്ടിരിക്കുന്നവരെല്ലാം നിങ്ങളെ പോലെയുള്ള ദാസന്മാർമാത്രമാണ്. എന്നാൽ നിങ്ങൾ അവരെ വിളിച്ചു പ്രാർത്ഥിക്കൂ; അവർ നിങ്ങൾക്ക് ഉത്തരം നൽകട്ടെ; നിങ്ങൾ സത്യ വാദികളാണെങ്കിൽ" (അഅ്റാഫ്:194)

*****

ഇത്തരം ശിർക്ക് അഥവാ, ഖബറിങ്ങൽ ചെന്ന് അതിൽ കിടക്കുന്നവരുടെ പേരിൽ ബലിയറുക്കുക... അതിൽ കിടക്കുന്നവരോട് പ്രാർത്ഥിച്ച് സാമീപ്യം തേടുക... അതിനെ ത്വവാഫ് നടത്തുക... അതാണ് ഏറ്റവും വലിയ പാപം. അതേ, ശിർക്കെന്ന മഹാപാപം വ്യഭി ചാരത്തേക്കാളും, കള്ള് കുടിയേക്കാളും, ഒരാളെ വധിക്കുന്നതിനേക്കാളും, മാതാപിതാക്കളെ ധിക്കരിക്കുന്നതിനെക്കാളും എത്രയോ വലിയ തും, വിപത്കരവുമാകുന്നു!!!

(إِنَّ اللهَ لا يَغْفِرُ أَنْ يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَلِكَ لِمَن يَشَاء) (سورة النساء: ٤٨)

"തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്ത് കൊടുക്കുന്നതാണ്" (നിസാഅ്- 48)

അതേ, അല്ലാഹുവിൽ പങ്കു ചേർക്കുകയെന്നുള്ളത് ഒരിക്കലും അവൻ പൊറുത്ത് തരികയില്ല.

എന്നാലവൻ വ്യപിചാരിക്കുന്നവന്നും, കൊലയാളിക്കും, മറ്റു പാപങ്ങൾ ചെയ്യുന്നവർക്കും വിട്ട് വീഴ്ച നൽകിയേക്കാം.

നബി(ﷺ)യുടെ ഒരു ഹദീസ് ബുഖാരിയും, മുസ്‌ലിമും ഉദ്ദരിക്കുന്നത് ശ്രദ്ധിക്കുക: "ബനൂ ഇസ്റായീല്യരിൽപ്പെട്ട ദുർന്നടപ്പുകാരിയായ ഒരു സ്ത്രീ മരുഭൂമിയിലൂടെ സഞ്ചരിക്കുക യായിരുന്നു, അവൾ ഒരു കിണറിനരികിൽ ഒരു നായയെ കണ്ടു, അത് ഇടക്കിടക്ക് അതിലേക്ക് നോക്കുകയും, അങ്ങോട്ടും ഇങ്ങോട്ടും നടക്കുകയും ചെയ്യുന്നുണ്ട്, വളരെ ഉഷ്ണമുള്ള ദിനത്തിൽ ദാഹം സഹിക്ക വയ്യാതെ നാവ് പുറത്തേക്ക് തൂക്കിയിട്ടായിരുന്നു ആ നായ നടന്നിരുന്നത്, അതിൻെറ ജീവൻ അപകടപ്പെടുത്തുമാറ് ദാഹം അതികഠിനമായിരിക്കുന്നു.

അല്ലാഹുവിനെ ഒരുപാട് ധിക്കരിച്ച, മറ്റുള്ളവരെ ഒരുപാട് ഉപദ്രവിച്ച, അനവധി തെറ്റുകുറ്റങ്ങളിൽ അകപ്പെട്ട, നിഷിദ്ധമായ എത്രയോ മുതൽ ഭക്ഷിച്ച, ദുർനടപ്പുകാരിയായ ആ സ്ത്രീ ഈ നായയെ കണ്ടപ്പോൾ തൻെറ ഷൂ അഴിച്ച് തട്ടത്തിൽ കെട്ടി വെള്ളം കോരിയെടുത്ത് അതിനെ കുടിപ്പിച്ചു.
ആ ഒറ്റ കാരണം കൊണ്ട് അല്ലാഹു അവളുടെ പാപങ്ങളെല്ലാം പൊറുത്ത് കൊടുത്തു. الله اكبر (അല്ലാഹുവാകുന്നു ഏറ്റവും വലിയവൻ)

എന്ത് കൊണ്ടാണ് പൊറുത്ത് കൊടുത്തത്?
അല്ല, അവൾ രാത്രിയിൽ നിന്ന് നമസ്കരിക്കുകയും, പകൽ സമയത്ത് നോമ്പനുഷ്ടിക്കുകയും ചെയ്തിരുന്നുവോ? അതല്ല, അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ജിഹാദ് ചെയ്തിരുന്നുവോ,???

കാര്യം അങ്ങിനെയല്ല;
അവൾ ദാഹിച്ച ഒരു നായക്ക് വെള്ളം കൊടുത്തു, അത്രമാത്രം. ആയതിനാൽ അല്ലാഹു അവൾക്ക് പൊറുത്ത് കൊടുത്തു. അവൾ ഒരുപാട് തെറ്റ് ചെയ്തിരിന്നുവെങ്കിലും, ഖബറിന്നരികിലോ, ജാറത്തിലോ, ഔലിയാക്കളുടെയടുത്തോ, ആരാധിക്കപ്പെടുന്ന കല്ലിൻെറയടുത്തോ, മരത്തിൻെറയടുത്തോ, മനുഷ്യരുടെയടുത്തോ പോയി ആരാധനയുടെ ഒരു അംശവും അർപ്പിച്ചിരുന്നില്ല. അവൾ ജീവിതത്തിൽ ശിർക്ക് ചെയ്തിരുന്നില്ല. അത്കൊണ്ട് തന്നെ പാപങ്ങളിൽ മുങ്ങിക്കുളിച്ച അവൾക്ക് അല്ലാഹു പൊറുത്ത് കൊടുത്തു.

തെറ്റ് ചെയ്തവർക്കുള്ള പാപമോചനം എത്ര അടുത്താണ്.
എന്നാൽ ശിർക്ക് ചെയ്തവർക്കുള്ള പാപമോചനം എത്രയാ വിദൂരം!!

*****

# കഥ

ചിലയാളുകൾ മദ്യപാനികളുടെയും, വ്യഭിചാരികളുടെയും എണ്ണപ്പെരുപ്പം കണ്ട് വ്യാകുലപ്പെടുകയും, വ്യസനിക്കുകയും ചെയ്യുന്നു.
എന്നാൽ ഖബറിങ്കലും, ജാറത്തിലും പോയി ബർക്കെത്തെടുക്കുകയും, അവിടെ ആരാധനയുടെ ഒരുപാട് ഇനങ്ങൾ അർപ്പിക്കുകയും ചെയ്യുന്നവരുടെ എണ്ണം വർദ്ധിക്കുന്നതിൽ അവർക്ക് യാതൊരു വ്യാകുലതയോ, വ്യസനമോ അനുഭവപ്പെടുന്നില്ലതാനും.
മദ്യപാനവും, വ്യഭിചാരവും വലിയ പാപമാണ്. ആ പാപങ്ങൾ ചെയ്തത് കാരണത്താൽ അവർ ഇസ്ലാമിൽ നിന്ന് പുറത്താകുന്നില്ല.
എന്നാൽ ആരാധനയിൽ പെട്ട എന്തെങ്കിലും അല്ലാഹുവല്ലാത്ത ആർക്കെങ്കിലും അർപ്പിച്ച്കൊണ്ട് മരിച്ച് പോയവൻ കാഫിറായാണ് മരിക്കുന്നത്.
ആയതിനാലാണ് അല്ലാഹുവിനെ ഭയപ്പെട്ട് ജീവിച്ചിരുന്ന പണ്ഡിതന്മാരെല്ലാം തന്നെ അവരുടെ പ്രബോധനത്തിൻെറ മുഖ്യഭാഗവും, പ്രഥമ പ്രാധാന്യവും ഈ തൗഹീദിന് വേണ്ടി നീക്കി വെച്ചത്.
പണ്ഡിതനായ ഒരാൾ തൗഹീദിൽ ഒരു പുസ്തകം രചിക്കുകയും, തൻെറ വിദ്യാർത്ഥികൾക്കത് പഠിപ്പിക്കുകയും ചെയ്തിരുന്നു. അതിലുള്ള ഓരോ കാര്യവും വീണ്ടും വീണ്ടും ആവർത്തിച്ച് പഠിപ്പിച്ച് കൊണ്ടേയിരുന്നു.
ഒരു ദിവസം ഉസ്താദിനോട് വിദ്യാർത്ഥികൾ പറഞ്ഞു:
“അല്ലയോ ഉസ്താദെ,
നമ്മുടെ പഠനത്തിൻെറ വിഷയം മാറ്റാം, കഥകളും, ചരിത്രവും, മുൻ ഗാമികളുടെ ചരിത്രവും മറ്റും പഠിക്കാം”.

അദ്ദേഹം പറഞ്ഞു; “അല്ലാഹു ഉദ്ധേശിക്കുകയാണെങ്കിൽ നമുക്കതിനെ പറ്റി ചിന്തിക്കാം.”
പിറ്റെ ദിവസം അദ്ദേഹം അവരിലേക്ക് ചിന്താതീനനായി, വ്യസനത്തോടെ കടന്ന് ചെന്നു.
അവർ ശൈഖിൻെറ വ്യസനത്തിന് കാരണം അന്വേഷിച്ചു.
അദ്ദേഹം വിവരിക്കുവാൻ തുടങ്ങി: “ഒരു വ്യക്തി നമ്മുടെ അടുത്തുള്ള പട്ടണത്തിൽ പുതിയ വീട് പണികഴിപ്പിച്ച വിവരം ഞാൻ കേട്ടിരിക്കുന്നു. അയാൾ ആ വീടിൻെറ പ്രധാന വാതിൽക്കൽ ജിന്നുബാധയുണ്ടാവുമെന്ന് ഭയന്ന് അതിനെ പ്രീതിപ്പെടുത്താനായി ഒരു കോഴിയെ ബലിയറുത്തിരിക്കുകയാണ്”.
ഈ സംഭവത്തിൻെറ സത്യാവസ്ഥ മനസ്സിലാക്കി വരാനായി ഒരാളെ പറഞ്ഞയച്ചിട്ടുണ്ട്”

പക്ഷേ, ഇത് വിദ്യാർത്ഥികളിൽ യാതൊരു പ്രതികരണവും ഉണ്ടാക്കിയില്ല. അവർ അദ്ദേഹത്തിന് ഹിദായത്തിന് വേണ്ടി പ്രാർത്ഥിച്ച്, മിണ്ടാതിരിക്കുകയാണ് ചെയ്തത്.
പിറ്റെ ദിവസം അദ്ദേഹം തൻെറ വിദ്യാർത്ഥികളെ അഭിമുഖീകരിച്ച് കൊണ്ട് പറഞ്ഞു: “ഇന്നലത്തെ വാർത്ത സ്ഥിരീകരിച്ചിരിക്കപ്പെട്ടിരിക്കുന്നു. നാം മനസ്സിലാക്കിയതിന് വിപരീതമാകുന്നു വാർത്ത, അയാൾ ജിന്നിനെ സേവിക്കുവാൻ കോഴിയെ അറുത്തിട്ടില്ല. മറിച്ച് അദ്ദേഹം അവൻെറ ഉമ്മയെ വ്യഭിചരിക്കുകയാണ് ചെയ്തത്”.

കുട്ടികളെല്ലാം ഇളകിമറിഞ്ഞു. വികാരഭരിതരായി, അവർ അദ്ദേഹത്തെ കുറെയധികം ചീത്തപറഞ്ഞു കൊണ്ടിരുന്നു. ‘അയാളെ നമുക്ക് ഉപദേശിക്കണം,’ ‘അവനെ ശിക്ഷിക്കണം’ ഇങ്ങിനെ പലതും പറഞ്ഞ് അവർ അട്ടഹസിച്ച് കൊണ്ടേയിരുന്നു.

ശൈഖ് അവരോട് ചോദിച്ചു; “നിങ്ങളുടെ കാര്യം അത്ഭുതകരമാകുന്നു. ഒരാൾ ഒരു വൻപാപത്തിൽ അകപ്പെട്ടപ്പോഴേക്കും നിങ്ങൾ ഇത്രമാത്രം പ്രതികരിക്കുകയോ, നിങ്ങൾക്കെന്ത് പറ്റിപ്പോയി? ആ തെറ്റ് ഇസ്ലാമിൽ നിന്ന് അവനെ പുറത്താക്കുകയോ, കാഫിറാക്കുകയോ ചെയ്യുന്നില്ലല്ലോ?.”
“എന്നാൽ ശിർക്കിൽ അകപ്പെട്ട ആളുകളുടെ മേൽ നിങ്ങൾ ഇറതമാത്രം വ്യസനം കാണിക്കുന്നില്ലല്ലോ? എന്ത് കൊണ്ടാണിത്?”

“അല്ലാഹു അല്ലാത്തവർക്ക് ബലിയറുത്തവരുടെ മേലിലും നിങ്ങൾ വികാരഭരിതരാകുന്നില്ല. എന്ത്കൊണ്ട്? അല്ലാഹുവല്ലാത്തവർക്ക് ആരാധ നയർപ്പിച്ചവർക്കെതിരിലും നിങ്ങൾ ഒന്നും ചെയ്യുന്നില്ല, എന്ത് പറ്റിപോയി നിങ്ങൾക്ക്?”

വിദ്യാർത്ഥികൾ നിശബ്ദരായി,
ശൈഖ്, തൗഹീദിൻെറ ഗ്രന്ഥം കൊണ്ട്വരുവാൻ ആവശ്യപ്പെട്ടു. “നമുക്ക് ഇത് വീണ്ടും വീണ്ടും വിവരിക്കാം.”

******

ഇതുതന്നെയാണ് ഇന്നത്തെ സമുദായത്തിൻെറയും അവസ്ഥ.
പാപങ്ങളിൽ ഏറ്റവും വലിയത് ശിർക്കാണ്. അല്ലാഹു ഒരിക്കലുമത് പൊറുത്തു തരികയില്ല. അല്ലാഹു പറയുന്നു:

(إِنَّ الشِّرْكَ لَظُلْمٌ عَظِيمٌ )(لقمان – ١٣)

“തീർച്ചയായും ശിർക്ക് ഏറ്റവും വലിയ അക്രമമാകുന്നു” (ലുക്മാൻ:13)

ശിർക്ക് ചെയ്തവർക്ക് സ്വർഗ്ഗം ഹറാമാണ്. അവർ നരക ത്തിൽ നിത്യവാസികളായിരിക്കും, അല്ലാഹു പറയുന്നു:

(إِنَّهُ مَن يُشْرِكْ بِاللهِ فَقَدْ حَرَّمَ اللهُ عَلَيْهِ الجَنَّةَ وَمَأْوَاهُ النَّارُ وَمَا لِلظَّالمِينَ مِنْ أَنصَارٍ) (المائدة:٧٢)

“അല്ലാഹുവോട് ആരെങ്കിലും പങ്ക് ചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗ്ഗം നിശിദ്ധമാക്കി യിരിക്കുന്നു. നരകം അവൻെറ വാസസ്ഥലമായിരിക്കുകയും ചെയ്യും, അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല എന്നാണ്” (മാഇദ- 72)

ആരെങ്കിലും ശിർക്കിലകപ്പെട്ടാൽ അവൻെറ ആരാധനകളായ നമസ്കാരവും, നോമ്പും, ഹജ്ജും, ജിഹാദും, ദാനധർമ്മങ്ങളുമെല്ലാം തന്നെ അതുമുഖേന നിഷ്ഫലമായി തീരുന്നതാണ്. അല്ലാഹു പറയുന്നു:

(وَلَقَدْ أُوحِيَ إِلَيْكَ وَإِلَى الَّذِينَ مِنْ قَبْلِكَ لَئِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ الْخَاسِرِينَ) (الزمر:٦٥)

“തിർച്ചയായും നിനക്കും നിൻെറ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രേ: (അല്ലാഹുവിന്) നീ പങ്കാളിയെ ചേർക്കുന്നപക്ഷം തീർച്ചയായും നിൻെറ കർമ്മം നിശ്ഫലമായി പോകുകയും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും” (സുമർ:65)

*****

# ശിർക്കിന്റെ ഇനങ്ങൾ

ശിർക്കിന് ഒരുപാട് ഇനങ്ങളുണ്ട്. അതിൽ ചിലത് മതത്തിൽ നിന്നു തന്നെ പുറത്ത് പോകുന്നതുണ്ട്. ശിർക്കു ചെയ്യുന്നവൻ അതിൽ തന്നെ ഉറച്ച് നിന്ന്, പശ്ചാതാപിക്കാതെ മരിച്ച് പോകുകയാണെങ്കിൽ അവൻ നരകത്തിൽ നിത്യ വാസിയായിരിക്കും.

അല്ലാഹുവല്ലാത്തവരോട് പ്രാർത്ഥിക്കുക, നേർച്ചവഴി പാടുകൾ നേരുക, ഖബറാളികളോട് വിളിച്ച് പ്രാർത്ഥിക്കുക, ജിന്നുകളോടും, പിശാചുക്കളോടും സഹായം തേടുക, മരിച്ചവരെ ഭയപ്പെടുക, പിശാചിനോ, ജിന്നിനോ നമുക്ക് രോഗം നൽകുവാനോ, രോഗം ശിഫയാക്കുവാനോ കഴിയുമെന്ന് വിശ്വസിക്കുക, അതിന്ന് വേണ്ടി ആവശ്യപ്പെടുക തുടങ്ങിയതെല്ലാം തന്നെ ഈ ഇനത്തിൽ പെടുന്നതാണ്.

അല്ലാഹുവിന്ന് മാത്രം കഴിയുന്ന കാര്യത്തിൽ അവനല്ലാത്തവരോട് ആഗ്രഹം പ്രകടിപ്പിക്കുക, ആവശ്യങ്ങൾ ചോദിക്കുക, പ്രയാസങ്ങൾ നീക്കുവാൻ ആവശ്യപ്പെടുക, മഖ്ബറകളിൽ നിന്ന് ബർക്കെത്തെടുക്കുക തുടങ്ങിയവയെല്ലാം ഈ ഇനത്തിൽ പെടുന്നത് തന്നെയാണ്.

ഖബറുകൾ സന്ദർശിക്കേണ്ടത് മരണത്തെ ഓർമിക്കുവാനും, ഖബറാളികൾക്കായി പ്രാർത്ഥിക്കുവാനും വേണ്ടിയാണ്. നബി(ﷺ)പറയുന്നു:

( زوروا القبور فإنها تذكركم الآخرة )

"നിങ്ങൾ ഖബർ സന്ദർശിക്കുക, അത് നിങ്ങളെ പരലോകത്തെ ഓർമ്മിപ്പിക്കും."

ഖബർ സന്ദർശനം പുരുഷന്മാർക്ക് മാത്രമുള്ളതാണ്. സ്ത്രീകൾക്ക് ഖബർ സന്ദർശനം മതത്തിൽ അനുവദിക്കപ്പെട്ടിട്ടില്ല. (ഈ വിഷയത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്, ചിലർ പറയുന്നത് സ്ത്രീകൾക്കും ഖബർ സന്ദർശിക്കാം എന്നാണ്, മറ്റു ചിലർ പറയുന്നത് നിഷിദ്ധമാണെന്നാണ്. ഏതായിരുന്നാലും എല്ലാ പണ്ഡിതന്മാരും യോജിച്ചിരിക്കുന്ന ഒരു കാര്യം ഇവിടെ ഉണർത്തുകയാണ്. പതിവായി സ്ത്രീകൾക്ക് ഖബർ സന്ദർശിക്കുവാൻ പാടില്ല. കാരണം അത് വലിയ ഫിത്നയിലേക്ക് നയിക്കപ്പെടുന്നതാണ്. വിവ:) കാരണം പ്രവാചകതിരുമേനി(ﷺ) ഖബർ സന്ദർശിക്കുന്ന സ്ത്രീകളെ ശപിച്ചിരിക്കുന്നതായി ഹദീസുകളിൽ കാണാം. എന്തുകൊണ്ടെന്നാൽ അവരുടെ സന്ദർശനം മുഖേന അവർക്കു തന്നെയോ മറ്റുള്ളവർക്കോ കുഴപ്പമുണ്ടാകാൻ സാധ്യതയുണ്ട്.

ഖബറാളികളോട് പ്രാർത്ഥിക്കുവാനും, സഹായം ചോദിക്കുവാനും, അവിടെ ബലിയറുക്കുവാനും, അവിടെനിന്ന് ബർക്കെത്തെടുക്കുവാനും, അവരോട് ആവശ്യം നിറവേറ്റാനും, അവർക്ക് വേണ്ടി നേർച്ച നേരാനും ഖബർ സന്ദർശിച്ചാൽ അത് തന്നെയാണ് വലിയ ശിർക്ക്. ഖബറിൽ കിടക്കുന്നത് വലിയ്യാവട്ടെ, പ്രവാചകനാകട്ടെ, നബിയാകട്ടെ, പുണ്യാത്മാക്കളാകട്ടെ, ആരായിരുന്നാലും ശരി, അവരെല്ലാം തന്നെ മനുഷ്യന്മാരാകുന്നു, അവർക്ക് യാതൊരു ഉപകാരമോ, ഉപദ്രമോ ചെയ്യാൻ സാധിക്കുകയില്ല തന്നെ. അല്ലാഹു തൻെറ ഏറ്റവും ഇഷ്ട ദാസനായ മുഹമ്മദ് നബി(ﷺ)യോട് പറയുന്നു:

(قُلْ لا أَمْلِكُ لِنَفْسِي نَفْعًا وَلا ضَرًّا ) (سورة الأعراف - ١٨٨ )

"നബിയെ പറയുക, എൻെറ സ്വന്തം ദേഹത്തിന് തന്നെ ഉപകാരമോ ഉപദ്രമോ വരുത്തൽ എൻെറ അധീനത്തിൽ പെട്ടതല്ല" (അഅ്റാഫ്:188)

ചില പാമര ജനങ്ങൾ നബി(ﷺ)യുടെ ഖബറിന് ചുറ്റും നിന്ന് നബിയോട് പ്രാർത്ഥിക്കുകയും, സഹായം ചോദിക്കുകയും ചെയ്യാറുണ്ട്. ഇത് വലിയ ശിർക്കിൽപ്പെടുന്നതാണ്. അത്പോലെ ഹുസൈൻ(رضي الله عنه)ൻെറ ഖബറിലും, ബദവിയുടെയും, അബ്ദുൽഖാദർ

ജീലാനിയുടെയും, മറ്റുള്ളവരുടെയും ഖബറിടങ്ങളിലും ചില അജ്ഞാനികൾ ഇങ്ങനെ ചെയ്യുന്നുണ്ട് ഇതല്ലാം ശിർക്ക് തന്നെയാണ്.
അത്പോലെ ഖബറിങ്ങൽ ഖുർആൻ ഓതാനും, അവിടെ നമസ്കരിക്കുവാനും പോകുന്നത് ദീനിലില്ലാത്ത തള്ളപ്പെടേണ്ട ബിദ്അത്താണ്.

ഖബർ സന്ദർശനം അനുവദിക്കപ്പെട്ടത് നമ്മളും ഇന്നല്ലെങ്കിൽ നാളെ മരിക്കുമെന്നുള്ള പാഠം ഉൾകൊള്ളുവാനും, മരിച്ച് പോയവർക്ക് വേണ്ടി പ്രാർത്ഥിക്കുവാനും വേണ്ടിയാണ്.

ഖബറിടത്തിൽ പോകുന്ന ഒരു മുസ്ലിമിന്നറിയാം അതിന്നുള്ളിൽ കിടക്കുന്നത് ചേതനയറ്റ മൃതശരീരമാണെന്നും, തൻെറ ആവശ്യങ്ങൾ ഒന്നും തന്നെ നിറവേറ്റി തരുവാൻ അതിന്ന് കഴിവില്ലായെന്നും, എന്നിട്ടും അതിൽ നിന്ന് അവരുടെ പ്രാർത്ഥനക്ക് ഉത്തരം പ്രതീക്ഷിക്കു കയാണവർ. പ്രയാസങ്ങൾ നീക്കുവാൻ ആവശ്യപ്പെടുകയാണ്. ഇതെന്ത് വിരോധാഭാസം!
എല്ലാ ഖബറിടങ്ങളിലും, ജാറങ്ങളിലും നമുക്ക് കാണാൻ സാധിക്കുന്നത്, അവിടങ്ങളിൽ കെട്ടിടങ്ങൾ ഉയർത്തി, തഖ്‌വയും, ഐഹിക വിരക്തിയും, ലാളിത്യവും ചമഞ്ഞ് കൊണ്ട്, ജനങ്ങളെ സേവിക്കുകയാണെന്ന ഭാവത്തിൽ അവരുടെ മുതൽ കൊള്ളയടിച്ച് പോക്കറ്റുകൾ വീർപ്പിക്കുന്ന, പാമരന്മാരായ ജനങ്ങളെ ശിർക്കിലേക്ക് ക്ഷണിക്കുന്ന ആളുകളെയാണ്. അങ്ങിനെയുള്ളവർ തിന്നുന്നത് നരകത്തിലെ തീയാണ്. അവർ നരകത്തിലെ വിറകുമാകുന്നു. ചിന്തിക്കുക!!!

*****

# നാളികേരത്തിൻ്റെ കഥ!!!

മരിച്ച് പോയവരോട് വിളിച്ച് പ്രാർത്ഥിക്കുന്നവരേ,
മൺമറഞ്ഞ് പോയവരുടെ ഖബറിന്നരികിൽ കരയുകയും, ശുപാർശ തേടുകയും ചെയ്യുന്നവരെ ഒരുവാക്ക്, അല്ലാഹു പറയുന്നു:

(قَالَ هَلْ يَسْمَعُونَكُمْ إِذْ تَدْعُونَ * أَوْ يَنْفَعُونَكُمْ أَوْ يَضُرُّون) (سورة الشعراء :٧٢- ٧٣)

"അദ്ദേഹം പറഞ്ഞു: നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ അവരത് കേൾക്കുമോ? അഥവാ അവർ നിങ്ങൾക്ക് ഉപകാരമോ, ഉപദ്രവമോ ചെയ്യുമോ?" (ശുഅറാ: 72-73)

ഇല്ല, അല്ലാഹുവാണ് സത്യം, അവർ ഒരിക്കലും കേൾക്കുകയില്ല. അവർ ഉപകാരം ചെയ്യുകയുമില്ല.

സഹോദരങ്ങളെ അറിയുക;
ഒരു ബാലൻെറ പ്രവർത്തനം നാം ശ്രദ്ധിക്കുക.

മാതാപിതാക്കളോടൊപ്പം ഉല്ലാസ യാത്രപോയ 13 വയസ്സുള്ള ഒരു പയ്യൻ.

സർവ്വതും ആരാധിക്കപ്പെടുന്ന ആനേകായിരം ദൈവങ്ങളുടെ സങ്കേത സ്ഥലമാണ് ആ മഹാരാജ്യം.

മൃഗങ്ങളും, ചെടികളും, ചേതനയറ്റ ശരീരങ്ങളും, മനുഷ്യരും, ഗോളങ്ങളും, നക്ഷത്രങ്ങളും, ഗുഹ്യാവയവങ്ങൾ പോലും ആരാധിക്കപ്പെടുന്ന രാജ്യം.

കണ്ണുകളും, മൂക്കും, വായയും വരച്ച ഒരു നാളികേരത്തെ ആരാധിക്കുകയും, അതിന്ന് ഭക്ഷണവും, വെള്ളവും നൽകുകയും ചെയ്യുന്ന ആരാധനാലയത്തിലേക്ക് ആ ബാലൻ തൻെറ ദൃഷ്ടികൾ പായിച്ചു.

ആളുകൾ അതിൻെറ മുമ്പിൽ നമസ്കരിക്കുകയാണ്. ഈ സമയം ആ പിഞ്ചുബാലൻ നാളികേരമെടുത്ത് ഓടി കളഞ്ഞു.

അവർ തല ഉയർത്തി നോക്കിയപ്പോൾ തങ്ങളുടെ ദൈവത്തെ കാൺമാനില്ല. അവർ ചുറ്റുപാടും അന്വേഷിച്ചു. അപ്പോഴതാ, ഒരു ചെറിയ കുട്ടി അവരുടെ ദൈവവുമായി ഓടുന്നു. അവരും ആ കുട്ടിയുടെ പിറകെ ഓടി. ആളുകളിൽ നിന്നും ഓടിയകന്ന അവൻ ഒരിടത്തിരുന്ന് അതു ഉടച്ച് അതിലുള്ള വെള്ളം കുടിച്ചു വലിച്ചെറിഞ്ഞു.

ദൈവം രണ്ട് കഷ്ണമായത് കണ്ടപ്പോൾ അവർ അട്ടഹസിച്ചു.

ആ പിഞ്ചു ബാലനെ അവർ അടിക്കുകയും, ചീത്ത പറയുകയും, ആക്ഷേപിക്കുകയും ചെയ്തു. പ്രശ്ന പരിഹാരത്തിനായി സ്ഥലത്തെ ന്യായാധിപനെ സമീപിക്കുകയും ചെയ്തു.

ന്യായാധിപൻ ആ കുട്ടിയോട് ചോദിച്ചു, "നീയാണോ ദൈവത്തെ പൊട്ടിച്ചത്?"
കുട്ടി പറഞ്ഞു: "ഇല്ല, ദൈവത്തെ ഞാൻ പൊട്ടിച്ചില്ല, പക്ഷേ നാളികേരമാണ് ഞാൻ പൊട്ടിച്ചത്."
ന്യായാധിപൻ പറഞ്ഞു: "അതവരുടെ ദൈവമാണല്ലോ?"
കുട്ടി ചോദിച്ചു: "അല്ലയോ ന്യായാധിപാ താങ്കൾ എന്നെങ്കിലും നാളി കേരം ഉടച്ച് തിന്നിട്ടുണ്ടോ?"
ന്യായാധിപൻ പറഞ്ഞു: "ഉണ്ടല്ലോ", കുട്ടി ചോദിച്ചു: "എങ്കിൽ ഞാൻ ചെയ്തതിൽ മാത്രം എന്താണ് വ്യത്യാസം?"

(فَبُهِتَ الَّذِي كَفَرَ وَاللهُ لاَ يَهْدِي الْقَوْمَ الظَّالِمِينَ)(سورة البقرة : ٢٥٨)

"അപ്പോൾ ആ സത്യ നിഷേധിക്ക് ഉത്തരം മുട്ടിപോയി, അക്രമികളായ ജനതയെ അല്ലാഹു നേർവഴിലാക്കുകയില്ല," (അൽബഖറ:258)

എന്തെങ്കുലും ശിക്ഷ നൽകിയില്ലെങ്കിൽ ജനങ്ങൾ കുട്ടിയെ ഉപദ്രവിക്കുമെന്ന് ഭയപ്പെട്ടതിനാൽ കുട്ടിയോട് ന്യായാധിപൻ പറഞ്ഞു: നിനക്ക് 100 രൂപ പിഴ വിധിച്ചിരിക്കുന്നു.
കുട്ടി, പിഴ അടക്കുകയും, വിജയ ശ്രീലാളിതനായി അവിടെ നിന്ന് മടങ്ങുകയും ചെയ്തു.
ആളുകൾ പരസ്പരം നോക്കി. തങ്ങൾ ചെയ്യുന്നത് വെറും പാഴ് വേലയാണെന്ന് അവർക്കു മനസ്സിലായി.

*****

മണ്ണിൽ ഈർപ്പം കൂടുന്നതിനനുസരിച്ച് സസ്യലതാ ദികൾ കൂടി വരുന്നത് പേലെ, ഖബറിനെ ചുറ്റിപറ്റി ജീവിച്ച് അവിടെ കെട്ടിടങ്ങളുയർത്തി, ഖുബ്ബകൾ നിർമ്മിച്ച് ജനങ്ങളെ ശിർക്കിലേക്ക് നയിക്കുകയും അവരുടെ വിശ്വാസവും കീശയിലുള്ള പണവും പോക്കറ്റടിച്ച്, ഉപജീവനം നടത്തുകയും ചെയ്യുന്നവരുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ച് വരുകയാണ്.

നബി(ﷺ) ഇതിനെ താക്കീത് ചെയ്യുന്നത് നോക്കുക.

പ്രവാചക തിരുമേനി(ﷺ) പറഞ്ഞു; "അല്ലാഹുവേ, നീ എൻെറ ഖബറിനെ ആരാധിക്കുന്ന ഒരു ബിംബമാക്കരുതേ, പ്രവാചകന്മാരുടെ ഖബറുകളെ ആരാധനാസ്ഥലമാക്കിയവരെ അല്ലാഹു ശപിച്ചിരിക്കുന്നു"

"അബുൽ ഹൈയാജിനോട്" "അലി(ﷺ)പറഞ്ഞു: പ്രവാചകൻ(ﷺ) എന്നിൽ ഏൽപിച്ച ഒരു കാര്യം, നിന്നെയും ഞാൻ ഏൽപിക്കട്ടെ, നാട്ടി നിറുത്തിയ ഒറ്റ ബിംബത്തെയും തകർക്കാതെ, കെട്ടിയുയർത്തിയ ഒരു ഖബറിനെയും തട്ടിനിരപ്പാക്കാതെ നീ വിട്ടേക്കരുത്".

ഖബറുകൾ കുമ്മായമിടുന്നതും, അതിന്മേൽ ഇരിക്കുന്നതും, എടുപ്പ് എടുക്കുന്നതും, അതിന്മേൽ എഴുതിവെക്കുന്നതും നബി(ﷺ) വിരോധിച്ചിരിക്കുന്നു.
ഖബറിന്മേൽ പള്ളിയുണ്ടാക്കിയവരെയും, അതിന്മേൽ വിളക്കു കത്തിച്ച് വെക്കുന്നവരെയും അല്ലാഹുവിൻെറ പ്രവാചകൻ ശപിച്ചിരിക്കുന്നു.

ഇസ്‌ലാമിക രാജ്യത്ത് പ്രവാചകാനുയായികളായ സ്വഹാബാക്കളുടെ കാലത്തോ, താബിഉകളുടെ കാലത്തോ, താബിഉത്താബിഉകളുടെ കാലത്തോ ഇത് ഉണ്ടായിരുന്നില്ല. നബി(ﷺ)യുടെയോ, മറ്റു സഹാബികളുടെയോ ഖബറുകൾ കെട്ടിയുയർത്തിട്ടല്ല.

*****

# വേദനാജനകമായ സംഭവങ്ങൾ

സഹോദരാ, വളരെ വേദനാജനകമായ ചില യാഥാർത്ഥ്യങ്ങളിലേക്ക് നിൻെറ ശ്രദ്ധ ക്ഷണിക്കുകയാണ് ഇവിടെ.

ഈജിപ്തിൽ;

ഈജിപ്തിലെ പട്ടണങ്ങളിലും, ഗ്രാമങ്ങളിലും വ്യാപിച്ചിരിക്കുന്ന ജാറങ്ങ ളുടെയും, ശവകുടീരങ്ങളുടെയും എണ്ണം ആറായിരത്തിൽ പരമാണ്.

ഇവയെല്ലാം തന്നെ അവയെ ചുറ്റിപറ്റി ജീവിക്കുന്ന വർക്കും, ആ ഖബറിന്നുള്ളിലുള്ള ശൈഖിൻെറ മുരീദുമാരായി

ചമയുന്നവർക്കും, മൗലീദിൻെറ പേര് പറഞ്ഞ് ഉപജീവനം കണ്ടെത്തുവാനുള്ള കുറുക്കു വഴികളാകുന്നു.
മാത്രമല്ല, ഒരു വർഷത്തിൽ ഒരു ദിവസം പോലും ഏതെങ്കിലും വലിയ്യിൻെറ മൗലീദ് കൊണ്ടാടാത്ത ഒരു ഗ്രാമം പോലും ഈജിപ്ത് പട്ടണത്തിലില്ല. തീർന്നില്ല, ജാറമോ, ശവകുടീരമോ ഇല്ലാത്ത ഗ്രാമത്തെ അവർ അനുഗ്രഹമിറങ്ങാത്ത കുഴപ്പത്തിൻെറ സ്ഥലമായിട്ടാണ് പരിഗണിക്കുന്നത്. മഹാ കഷ്ടം തന്നെ.
ചെറുതും, വലുതുമായ ഒരുപാട് ശവകുടീരങ്ങൾ.

ഖബറുകൾ എത്രത്തോളം മോടിപിടിപ്പിക്കുവാനും, അതിലെ വലിയ്യിൻെറ ഇല്ലാത്ത കറാമത്തുകൾ കെട്ടിചമച്ച് പ്രചരിപ്പിക്കുവാനും സാധിക്കുമോ അത്രത്തോളമായിരിക്കും ആളുകളുടെ സന്ദർശനത്തിൻെറയും തിരക്ക്.

കെയ്റോവിലെ ഏറ്റവും വലിയ ശവകുടീരം ഹുസൈൻ(ﷺ)ൻെറ പേരിലുള്ളതാണ്.

പിന്നെ സൈനബ(ﷺ), ആഇഷ(ﷺ), സക്കീന(ﷺ), നഫീസ(ﷺ), ഇമാം ശാഫി(റ), ലൈസ്(റ), ഇബനുസഹദി(റ) തുടങ്ങിയവരുടേതുമാണ്.
കൂടാതെ, ബദവി ത്വൻത്വയുടെയും, ദസൂഖിയുടെയും, ഹുമൈസറയെന്ന ഗ്രാമത്തിലുള്ള ശാദുലിയുടെയും ശവകുടീരങ്ങൾ അവിടെ കാണാവുന്നതാണ്.

ഹുസൈൻ(ﷺ)ൻെറ പേരിൽ വേറെയും ഖബറുകൾ അവിടെയുണ്ട്. ഇവിടെങ്ങളിലെല്ലാം തന്നെ അനുഗ്രഹങ്ങൾ കരഗതമാക്കാനും, ത്വവാഫ് ചെയ്യാനും, ശഫാഅത്ത് ആവശ്യപ്പെടാനും വന്നവരുടെ നീണ്ട നിരയും കാണാനാവും.
അവക്ക് മുന്നിൽ തങ്ങളുടെ വിഷമങ്ങൾ നിരത്തിവെച്ച് പൊട്ടിക്കരയുന്നവർ എത്രയാണ്.
ബദവിയുടെ ശവകുടീരത്തിൽ ഓരോ വർഷവും നടക്കുന്ന ഉൽസവം മുസ്ലീങ്ങളുടെ ഹജ്ജിന് സമാനമാണ്. ഇതിൽ പങ്കുചേരുവാൻ അയൽ രാജ്യങ്ങളിൽ നിന്ന് പോലും ശീആക്കളും മറ്റുള്ളവരും എത്താറുണ്ട്.
ജലാലുദ്ധീൻ റൂമിയുടെ ശവകുടീരത്തിന് മുകളിൽ എഴുതി വെച്ചിരിക്കുന്നത്, 'മുസ്ലീംകളും, കൃസ്ത്യാനികളും, ജൂതന്മാരും അടങ്ങിയിട്ടുള്ള മൂന്ന്മതസ്ഥർക്ക് അനുഗ്രഹം ലഭിക്കു'മെന്നാണ്. ഇതിനെ അവർ (ഗൗസുൽ അഅ്ളം) മഹത്തായ സഹായി എന്നാണ് വിളിക്കാറ്.

ശാമിൽ;

ഡമസ്കസിൽ മാത്രമായി 194 ശവകുടീരങ്ങൾ ഉണ്ടെന്നാണ് ചരിത്രകന്മാർ സ്ഥിരീകരിച്ചിരിക്കുന്നത്. അതിൽ 44 എണ്ണം വളരെ പ്രശസ്തമാണ്. ഏകദേശം 27 സ്വഹാബികളുടെ പേരിൽ വ്യാജ ഖബറുകൾ കെട്ടിയുയർത്തിയിട്ടുണ്ട്. ഡമസ്കസിൽ ഉമവി പള്ളിയിൽ യഹ്യബ്നു സകരിയ്യ(عليه السلام)ന്റെ തലക്ക് മാത്രമായി ഒരു ശവകുടീരമുണ്ട്. അതിന്റെയടുത്ത പള്ളിയിൽ സ്വലാഉദ്ദീൻ അയ്യൂബിയുടെയും ഒരു ശവകൂടീരമുണ്ട്. ഇമാദുദ്ദീൻ സംഗിയുടെ പേരിലും കാണാം മറ്റൊന്ന്. അനുഗ്രഹവം തേടി വരുന്നവരുടെ നീണ്ട നിരയുള്ള വേറേയും ഒരുപാട് ശവ കുടീരങ്ങൾ ഇവിടെ കാണാൻ സാധിക്കും.

സിറിയയിൽ:

"ഫുസൂസു അൽഹുകും" എന്ന കൃതിയുടെ കർത്താവും, തെമ്മാടിയും, വഴിപിഴച്ചവനുമായ 'മുഹ്യുദ്ദീൻ ഇബ്നു അറബി'ക്ക് ഇവിടെ ഒരു ശവകുടീരമുണ്ട്.

തുർക്കിയിൽ:

തുർക്കിയിൽ 481 ജുമുഅത്ത് പള്ളികളുണ്ട്, ഇതിൽ ഏകദേശം എല്ലാ പള്ളികളും ജാറം അറ്റാച്ചിടാണ്. അതിൽ ഏറ്റവും പ്രശസ്തമായത് കോൺസ്റ്റാൻറിനോപ്പിളിലെ അബൂ അയ്യൂബുൽ അൻസാരിയുടെ പേരിലുള്ള ശവകുടീരമാണ്.

ഇന്ത്യയിൽ:

ആയിരക്കണക്കിന് ജനങ്ങളുടെ നേതൃത്വത്തിൽ നടക്കുന്ന 1500 ൽ പരം ശവകുടീരങ്ങളുടെ കേന്ദ്രമാണ് ഇന്ത്യ.

ഇറാഖിൽ:

ബഗ്ദാദിൽ മാത്രമായി 150 ജുമുഅത്ത് പള്ളികളുണ്ട്, ജാറങ്ങളെ കൊണ്ട് മലീമസമാണ് അതിലധിക പള്ളികളും. മൂസിലിൽ 76 ജുമുഅത്ത് പള്ളികളിൽ ശവകുടിരങ്ങളുണ്ട്. ഇതെല്ലാം തന്നെ സാധാരണ നമസ്കാരപള്ളികളിലും അല്ലാതെ ഉള്ള ശവകുടീരങ്ങളെക്കാളും ഭീമാകാരങ്ങളാണ്. (ഇൻഹിറാഫാത്തുൽ അഖദിയ്യ: 289,294,295)

ഇന്ത്യയിൽ:

സുജൂദ്, നേർച്ച പോലെയുള്ള ആരാധനകൾ സമർപ്പിക്കപ്പെടുന്ന 'ബഹാഉദ്ദീൻ സക്കരിയ്യ അൽമുൾട്ടാനി'യുടെ പേരിൽ പ്രസിദ്ധമായ ഒരു ശവകൂടിരമുണ്ട് ഇവിടെ.

പാകിസ്ഥാനിൽ.

ലാഹോറിൽ 'ശൈഖ് അലി അൽ ഹജൂരി'യുടെ ജാറമുണ്ട്. അവിടത്തെ ശവകുടീരങ്ങളിൽ ഏറ്റവും വലിയതാണത്.

*****

ഈ വക ജാറങ്ങളിൽ ജനങ്ങളധികവും വഞ്ചിതരാണ്. അധിക ശവകുടീരങ്ങളും വ്യജ നിർമ്മിതമാണെന്ന നഗ്ന യാഥാർത്ഥ്യം അധികമാളുകളും അറിയുന്നില്ല. (അവയിൽ ചിലത് മൃഗങ്ങളുടെതും ഉണ്ടെന്ന ചില സംഘടനകളുടെ പത്ര പ്രസ്താവനയും, മലപ്പുറം ജില്ലയിലെ തിരൂരിനടുത്ത പുതിയങ്ങാടിയിൽ 'യാഹു തങ്ങൾ'ക്ക് രണ്ട് ഖബറുണ്ടെന്നും, ആ രണ്ട് ഖബറിലും ഇരുവിഭാഗം ഖുറാഫികൾക്കും സാധുക്കളുടെ രക്തം പിഴിഞ്ഞ് പണം സമ്പാദിക്കുവാനായി അദ്ദേഹം മാറി മാറി കിടക്കാറുമുണ്ടെന്ന പച്ച കള്ളം തട്ടിവിട്ട് കൊണ്ടുള്ള ഒരു ഇമ്മിണി വലിയ നേതാവിൻെറ ഷാർജയിലുള്ള പ്രസംഗവും കൂടി ഇതിനോട് ചേർത്ത് നാം സ്വകാര്യമായി വായിക്കുക. വിവ:)

ആരാധനകളും, നേർച്ചകളും, വഴിപാടുകളും, ത്വവാഫും, ബലിദാനവും അർപ്പിക്കപ്പെടുന്ന ഒരു ഖബർ കെയ്റോവിൽ ഹുസൈൻ(ﷺ)ൻെറ പേരിലുണ്ട്.

അദ്ദേഹത്തിൻെറ തന്നെ 'അസ്ഖലാനി'ലും ഒരു ഖബറുണ്ട്. നാം ഏത് വിശ്വസിക്കണം? അല്ലാഹു തന്ന സവിശേഷ ബുദ്ധി കൊണ്ട് ചിന്തിക്കുക സഹോദരാ.

'ഹലബ്' എന്ന രാജ്യത്തിന് പടിഞ്ഞാറായി സ്ഥിതി ചെയ്യുന്ന 'ജൂഷിൻ' എന്ന പർവ്വതത്തിന് മുകളിൽ ഹുസൈൻ(ﷺ)ൻെറ തലക്ക് മാത്രമായി ഒരു ശവകുടീരം കൂടിയുണ്ട്.

ദിമശ്ഖ്, 'ഹനാന' (കൂഫയുടെയും, നജ്ഫിൻെറയും ഇടയിലുള്ള സ്ഥലം), 'മദീന'യിൽ ഉമ്മയായ ഫാത്വിമ(റ)യുടെ ഖബറിനു സമീപം, 'നജ്ഫി'ൽ ബാപ്പയായ അലി(ﷺ)ൻെറതെന്നു പറയപ്പെടുന്ന ഖബറിന്നടുത്ത്, 'കർബല' (ജഡത്തിലേക്ക് ഹുസൈൻ(ﷺ) ഇറങ്ങിവരുമെന്ന് വാദിക്കുന്ന ഖബർ) തുടങ്ങിയ

നാല് സ്ഥലങ്ങളിൽ ഹുസൈൻ(ﷺ)ൻെറ തല മറമാടിയിട്ടുണ്ടെന്ന് കെട്ടിചമച്ച് അവിടെയെല്ലാം ശവ കുടീരങ്ങൾ ഉയർത്തിയിട്ടുണ്ട്. ജനങ്ങളുടെ അവസ്ഥ വളരെ അത്ഭുതം തന്നെ! (ഇൻഹിറാഫാത്തുൽ ഹഖദിയ്യ: 288. മജല്ലത്തുല്ലഗത്തുൽ അറബ് വാള്യം: 7 വർഷം: 1929 പേജ്; 557,561. മആലിം ഹലബുൽ അഥരിയ്യ: അബ്ദുല്ലാ ഹജജാർ)

ഡമസ്കസിൽ ശിയാക്കൾ അലി(ﷺ)ൻെറ പുത്രി സൈനബ (ﷺ)ൻെറ പേരിൽ ഒരു ശവകുടീരമുണ്ടാക്കിയിട്ടുണ്ട്, എന്നാൽ മദീനയിൽ മരിച്ച അവരെ ബഖീഇലാണ് മറമാടിയിരിക്കുന്നത് എന്നതാണ് യാഥാർത്ഥ്യം. (അബ്ദുല്ലാ ഇബ്നു മുഹമ്മദ്ബ്നു ഖമീസിൻെറ 'ദിമഷ് ഖിലെ ഒരു മാസം' എന്ന ഗ്രന്ഥം:67)

കൈറോവിൽ ഒരു ശവകുടീരവും കൂടി ഇവരിലേക്ക് ചേർത്ത് പറയുന്നു. എന്നാൽ ചരിത്രകാരന്മാർ ആരും തന്നെ ഇവർ മരിക്കുന്നതിന്ന് മുമ്പോ അതിന് ശേഷമോ മിസ്റിൽ (ഈജിപ്തിൽ) വന്നതായി രേഖപ്പെടുത്തിവെച്ചിട്ടില്ല.

അലക്സാൻഡ്രിയയിൽ ഖബർ പൂജകർ വാദിക്കുന്നത്, 'അബൂദർദാഇൻെറ(ﷺ)'ൻെറ ഖബർ അവരുടെ പട്ടണത്തിലാണെ ന്നാണ്. എന്നാൽ അദ്ദേഹത്തെ ഖബറടക്കിയിട്ടുള്ളത് അവിടെ യല്ലന്നാണ് പണ്ഡിതന്മാർ പറയുന്നത് (മസാജിദ് മിസ്വർ വ ഔലിയാഹുഉ സ്വാലി ഹീൻ - വാള്യം- 2, പേജ്: 33)

ഇത്പോലെതന്നെയാണ് നബി(ﷺ)യുടെ പുത്രി റുഖിയ(ﷺ)ൻെറ പേരിലുള്ള കൈറോവിലെ ശവകുടീരത്തിൻെറയും, ഹുസൈൻ(ﷺ) ൻെറ പുത്രിയായ സക്കീന(ﷺ)ൻെറ പേരിലുള്ള ശവകുടീര ത്തിൻെറയും കഥ, എല്ലാം കെട്ടിചമച്ചുണ്ടാക്കിയതാകുന്നു, യാതൊരു തെളിവും ഇല്ല.

ഇറാഖിലെ നജ്ഫിലുള്ള അലി(ﷺ)ൻെറ പേരിലുള്ള ശവകുടീരം വളരെ പ്രശസ്ഥമാണ്. ഇത് യാഥാർത്ഥ്യത്തിന് നിരക്കാത്തതാ ണെന്നതിൽ യാതൊരു സംശയവുമില്ല. കാരണം അലി(ﷺ)നെ മറമാടിയത് കൂഫയിലെ ഇമാറയെന്ന കൊട്ടാരത്തിലാണ്.

അത്പോലെ മദീനയിൽ മരിച്ച് ബഖീഇൽ മറമാടപ്പെട്ട അബ്ദുർറഹ് മാൻ ഇബ്നു ഔഫി(ﷺ)ലേക്ക് ചേർത്തി പറയുന്ന ഒരു ഖബർ ബസ്വ റയിൽ നമുക്ക് കാണാം.

മദീനയിൽ മരിച്ച ജാബിറുബ്നു അബ്ദുല്ല(ﷺ)ക്ക് ഹലബിൽ ഒരു ഖബർ കെട്ടി പൊന്തിച്ചിട്ടുണ്ട്.

നബി(ﷺ)യുടെ കാലത്ത് തന്നെ മരിച്ച് മദീനയിൽ മറമാടിയ തിരുമേനിയു(ﷺ)ടെ പുത്രിമാരായ, (ഉസ്മാൻ(رضي الله عنه)വിൻെറ ഭാര്യമാർ) ഉമ്മു കുൽസൂം(رضي الله عنها), റുഖിയ്യ(رضي الله عنها) എന്നിവർക്ക് ശാമിൽ ഖബറുകൾ കെട്ടി ഉയർത്തിയിരിക്കുന്നു.

ഹൂദ്(عليه السلام)ൻെറതാണെന്ന് പറയപ്പെടുന്ന ഡമസ്കസിലെ ജുമു അത്ത് പള്ളിയിലുള്ള ഖബർ കെട്ടിചമച്ചുണ്ടാക്കിയതാണെന്ന് എല്ലാവരും യോജിച്ച കാര്യമാണ്. ഹൂദ്(عليه السلام) ശാമിലേക്ക് വന്നിട്ടേയില്ല. ഹളറ മൗത്തിൽ വേറെയും ഒരു ഖബർകൂടി ഇദ്ധേഹത്തിൻെറ പേരിൽ ഉണ്ട്.

ഹിജാസിൽ മരിച്ച സ്വാലിഹ്(عليه السلام)ൻെറ പേരിലും ഹളറമൗത്തിൽ ഒരു ഖബർ കെട്ടിയുയർത്തിയിരിക്കുന്നു. ഫിലസ്ഥീനിലെ 'ബാഫാ' എ ന്ന സ്ഥലത്തും സ്വാലിഹ്(عليه السلام)ൻെറ പേരിൽ ഒരു ഖബർകൂടി കെട്ടിയുയർത്തിയിട്ടുണ്ട്. അത് പോലെ അയ്യൂബ്(عليه السلام)ൻെറ പേരിലും കെട്ടിയുയർത്തിയിരിക്കുന്നു.

*****

# ശൈഖിൻ്റെ ബർക്കത്താക്കപ്പെട്ട സ്ഥലം

പിശാച് മനുഷ്യബുദ്ധികൊണ്ട് കളിക്കുന്ന വിചിത്ര രൂപം ശ്രദ്ധിക്കുക.

ആകാശഭൂമികളുടെ രക്ഷിതാവിനെ ആരാധിക്കുന്നതിൽ നിന്നും മാറ്റി, മരിച്ചവരെ എന്നല്ല കല്ലിനെയും മണ്ണിനെയും വരെ പൂജി ക്കുന്നതിലേക്ക് പിശാച് മനുഷ്യരെ കൊണ്ടെത്തിച്ചു.

ഇന്ന സ്ഥലത്ത് ഒരു ഖബറുണ്ടെന്നും, അവിടെ സിയാറത്ത് ചെയ്യുന്നവർക്ക് ഗുണമുണ്ടെന്നും, രോഗികൾക്ക് ശിഫയുണ്ടെന്നും പറഞ്ഞ് പരത്തിയാണ് കാര്യങ്ങളുടെ തുടക്കം. തുടർന്ന് കറാമാത്തിൻെറ ഒരുപാട് കെട്ട്കഥകൾ ജനങ്ങൾ ക്കിടയിൽ പ്രചരിപ്പിച്ച് അതു യാഥാർത്ഥ്യമാണെന്ന് സ്ഥാപി ക്കുന്നു. അങ്ങിനെ അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കുക, അവിടങ്ങളിൽ ത്വവാഫ് ചെയ്യുക തുടങ്ങിയ ശിർക്കൻ

പ്രവണതകൾ ആരംഭിക്കുകയായി. ഈ ഖബറുകളിൽ ഒറിജിനലും വ്യാജനുമുണ്ടെന്നതാണ് യാഥാർത്ഥ്യം.

അനുഗ്രഹങ്ങൾ മൊത്തവ്യാപാരം നടത്തുന്ന ഒരു ശൈഖിൻെറ ശവകുടീരത്തിൻെറ കഥ ഒരു സുഹൃത്ത് പറയുന്നത് നമുക്ക് ശ്രദ്ധിക്കാം:

ഈ കഥ യൂനിവേഴ്സിറ്റി ബിരുദം നേടിയ ആദിൽ, സഈദ് എന്ന രണ്ട് യുവാക്കൾക്കിയിടയിൽ സംഭവിച്ചതാണ്.

പഠനത്തിന് ശേഷം ഖബറുകളെ വന്ദിക്കുകയും, അനുഗ്രഹങ്ങൾ വിതരണം നടത്തുകയും ചെയ്യുന്ന ഒരു ഗ്രാമത്തിൽ അവർക്ക് അധ്യാപകരായി ജോലി കിട്ടി.

ആദിലും, സഈദും സ്കൂളിലേക്ക് പരസ്പരം സംസാരിച്ച് കൊണ്ട് പോകുകയായിരുന്നു. അവർ സംസാരിക്കുന്നതിനിടയിൽ മാനസിക രോഗിയായ ഒരു യാചകൻ ആ ബസ്സിൽ കയറി.

വയോവൃദ്ധനായ അദ്ദേഹം വിറക്കുകയും, പിറുപിറുക്കുകയും ചെയ്യുന്നുണ്ടായിരുന്നു. തൻെറ വായിൽ നിന്നും ഒലിച്ചിറങ്ങുന്ന ഉമനീര് നുരുമ്പികൊണ്ടിരിക്കുന്ന കീറിയ വസ്ത്രം കൊണ്ട് തുടച്ച് മാറ്റുന്നുണ്ടായിരുന്നു. അയാൾ യാത്രക്കാരോട് ഭിക്ഷ യാചിക്കുകയും, അവരെ ഭീഷണിപ്പെടുത്തുകയും ചെയ്യാൻ തുടങ്ങി... മാർഗ മധ്യേ അവരുടെ ബസ്സ് കീഴ്മേൽ മറിയാനായി പ്രാർത്ഥിക്കുമെന്ന് ഭയപ്പെടുത്താനും തുടങ്ങി... പ്രാർത്ഥിച്ചാൽ ഉത്തരം കിട്ടുന്നയാളാണത്രെ അയാൾ...

*****

(സഈദ് വളർന്ന്വന്ന അന്തരീക്ഷം, വ്യാജ ഔലിയാക്കളിലും, ഇല്ലാത്ത കാറാമാത്തുകളിലും, അബ്ദാലുകളിലും, ഔതാദുകളിലുമുള്ള അന്ധ വിശ്വാസം സ്വാധീനം ചെലുത്തിയ ഒരു കുടുംബമായിരുന്നു) ഈ ഭ്രാന്തനെ കണ്ടപ്പോൾ സഈദിൻെറ ഹൃദയം ഭയന്ന് വിറച്ചു. ആ മനുഷ്യന് എന്തെങ്കിലും പൈസ കൊടുക്കുവാൻ ആദിലിനോടവൻ ആവശ്യപ്പെട്ടു. ഇല്ലെങ്കിൽ ബസ്സ് അപകടത്തിൽ പെടുമെന്നദ്ദേഹം പറഞ്ഞു.

സഈദ് ഭയക്കുവാൻ കാരണമുണ്ട് പ്രസ്തുത ഭ്രാന്തൻ, ജനങ്ങൾ അനുഹ്രങ്ങളും, പ്രാർത്ഥനക്കുത്തരവും തേടി ചെല്ലുന്ന "അബ്ദുൽകരീം അബൂശത്വ" എന്ന ശൈഖ് ആയിരുന്നു!

ഇത് കേട്ടപ്പോൾ ആദിൽ അൽഭുതത്തോടെ പറഞ്ഞു!
“അതേ ‘അഹ്ലുസുന്നത്തി വൽ ജമാഅ’യുടെ ആളുകൾ കാറാമാത്തുകളിൽ വിശ്വസിക്കുന്നുണ്ട്.
പക്ഷേ, അത് ലഭിക്കുക സൂക്ഷ്മാലുക്കളായ യഥാർത്ഥ വിശ്വാസികൾക്കാണ്. അവർ സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും, കറാമാത്തുകൾ (ഒരു സ്ത്രീക്ക് മെൻസസ് ഉണ്ടായാൽ അവൾ എങ്ങനെയാണോമറ്റുള്ളവരിൽനിന്ന് അത് മറച്ച് വെക്കുന്നത് അ ത്പോലെ) മറച്ച് വെക്കുകയും ചെയ്യുന്നവരാണ്. ഇങ്ങനെ വട്ടുള്ളവർക്കല്ല കറാമത്തുകൾ കിട്ടുക. ദീൻ തീനാക്കുന്നവർക്കല്ല ലഭിക്കുക”.
ഇത് കേട്ടപ്പോൾ സഊദ് പൊട്ടിത്തെറിച്ചു, “അങ്ങിനെ നീ പറയരുത്. കാരണം അദ്ദേഹത്തിൽ നിന്ന് സാധാരണ ആളുകൾക്ക് ചെയ്യാൻ കഴിയാത്ത ഒരുപാട് കാര്യങ്ങൾ സംഭവിക്കുന്നുണ്ടെന്ന് വലിയവരും, ചെ റിയവരുമായ ആളുകൾ പറയുന്നുണ്ടല്ലോ. നമ്മൾ ബസ്സിൽ പോയി എത്തുന്നതിന് മുമ്പ് അദ്ദേഹം ബസ്സിൽനിന്ന് ഇറങ്ങി നടന്ന് കൊണ്ട് അവിടെ എത്തുന്നത് നിനക്ക് കാണാൻ സാധിക്കും. അദ്ദേഹം അവിടെ നമ്മെ കാത്തിരിക്കും. ഇത് കാറാമത്താണ്. നീ കറാമത്തിനെ നിഷേധിക്കുമോ,?”
ആദിൽ പറഞ്ഞു: “ഞാൻ കറാമാത്തിനെ നിരുപാധികം നിഷേധിക്കുന്നില്ല. അല്ലാഹു അവൻ ഉദ്ദേശിക്കുന്ന അവൻെറ അടിമകൾക്ക് കറാമാത്തുകൾ വെളിപ്പെടുത്തി കൊടുക്കും. പക്ഷേ, കറാമാത്തുകൾ ഭക്ഷണ, പാനീയങ്ങൾക്കുള്ള ഒരു കുറുക്കുവഴിയാവാൻ പാടുണ്ടോ? കറാമാത്തിൻെറ പഴുതിലൂടെ നാമിങ്ങനെയുള്ള ഭ്രാന്തന്മാർക്ക് സൃഷ്ടിപ്പിലും, പ്രാപഞ്ചിക കാര്യങ്ങളിലും ഇടപെടുവാൻ കഴിയുമെ ന്ന് പറഞ്ഞ് അവർക്ക് ആരാധനാ വഴിപാടുകൾ അർപ്പിക്കുവാൻ പാടുണ്ടോ? അത്പോലെ അതിൻെറ പേരിൽ അവരുടെ തൃപ്തി പ്രതീക്ഷിക്കുവാനും, അവരുടെ കോപത്തെ നാം ഭയപ്പെടുവാനും പാടുണ്ടോ? അങ്ങിനെ വല്ലതും അവരിൽ നിന്ന് പ്രതീക്ഷിക്കുവാൻ പാടു ണ്ടോ?”
സഊദ് പറഞ്ഞു: “അപ്പോൾ ‘അഹ്മദ് അബൂസറൂദ്’ അറഫയിൽ നിന്ന് ഒരു രാത്രികൊണ്ട് ഇസ്തംബൂളിലെ തൻെറ വീട്ടുകാരുടെയടുത്ത് വന്ന് നല്ല പൊരിച്ച മാംസംതിന്ന് ആ രാത്രി തന്നെ അറഫയിലേക്ക് മടങ്ങിയെന്ന കറാമത്ത് നീ വിശ്വസിക്കുന്നില്ല അല്ലേ?”

ആദിൽ: "അല്ലയോ സഊദ്, (അല്ലാഹു നിൻെറ ബുദ്ധിയിൽ അനുഗ്രഹം ചെരിയുമാറാവട്ടെ) ഇതാണോ നീ യൂണിവേഴ്സിറ്റിയിൽ നിന്ന് പഠിച്ചത്"?
സഊദ് പറഞ്ഞു: നാം തുടങ്ങിയത് പരിഹാസ രൂപത്തിലായിരുന്നല്ലോ?...
ആദിൽ പറഞ്ഞു: "നിന്നെ ഞാൻ പരിഹസിക്കുകയല്ല. പക്ഷേ, സാധാരണക്കാരായ പെതുജനത്തിൻെറ വാക്കുകളും, അവരുടെ അന്ധവിശ്വാസങ്ങളും യാതൊരു നിരൂപണവും കൂടാതെ ബലപ്പെട്ട തെളിവായി സ്വീകരിക്കണമെന്നാണോ നീ പറയുന്നത്".
സഊദ് പറഞ്ഞു: "ഇങ്ങനെയുള്ള ശവകുടീരങ്ങളുടെയും, ഔലിയാക്കളുടെയും കറാമാത്തുകൾ സാധാരണക്കാർ മാത്രമല്ല പറഞ്ഞ് നടക്കുന്നത്. ഞങ്ങളുടെ ശൈഖുനമാരും പറയുന്നതാണ്.
ആദിൽ പറഞ്ഞു: "നല്ലത്, സഊദ്, ഈ ഖബറുകളും, ശവകുടീരങ്ങളുമെല്ലാം തന്നെ കെട്ടിയുണ്ടാക്കിയതും, യാതൊരു തെളിവുമില്ലാത്തതുമാണെന്ന് അനുഭവത്തിൻെറ അടിസ്ഥാനത്തിൽ പറഞ്ഞാൽ എന്താണ് നിൻെറ അഭിപ്രായം? ഇങ്ങനെയുള്ള അധിക ശവകുടീരങ്ങളും യാഥാർത്ഥ്യമല്ല, കള്ളമാകുന്നു. അത്പോലെ പല ഖബറിലും ഔലിയാക്കൾ പോയിട്ട് ആളുകൾ തന്നെയില്ല. അതെല്ലാം തന്നെ ജനങ്ങൾക്കിടയിൽ പ്രചരിക്കുകയും പിന്നീട് സത്യമാണെന്ന് ജനങ്ങൾ വിശ്വസിക്കുകയും ചെയ്തതാണ്.
സഊദ് ആകെ കോപാകുലനായി പറഞ്ഞ് കൊണ്ടിരുന്നു: "അഊദു ബില്ലാ, അഊദു ബില്ലാ... "

അവർ കുറച്ച് നേരം നിശബ്ദരായി. ബസ്സ് അവരുടെ പട്ടണത്തിലേക്ക് പ്രവേശിക്കുന്ന റൗണ്ട് എബൗട്ടിലെത്തി, ആദിൽ സഊദിനോട് ചോദിച്ചു: "ഈ വലയത്തിന്നുള്ളിൽ ഏതെങ്കിലും വലിയ്യിൻെറയോ, ശൈഖിൻെറയോ ഖബർ ഉണ്ടോ?"
സഊദ് പറഞ്ഞു: "ഇല്ല. എങ്ങിനെയാണ് നാം റോഡിലും, ട്രാഫിക് റിം ഗിലുമെല്ലാം ഔലിയാക്കളെയും, ശൈഖന്മരെയും മറമാടുക, ഇത് ബുദ്ധിക്ക് യോജിക്കുന്നതാണോ?"
ആദിൽ പറഞ്ഞു: "അല്ലയോ സഊദ്, ഈ ട്രാഫിക് റിംഗിൽ വളരെ മുമ്പ് മറമാടപ്പെട്ട ശൈഖിൻെറ ശവകുടീരം ഉണ്ടായിരുന്നെന്നും, എന്നാൽ കാലപ്പഴക്കം കൊണ്ട് അതിൻെറ അടയാളങ്ങളെല്ലാം തന്നെ തേഞ്ഞ്മാഞ്ഞ് പോയതാണെന്നും നാം പറഞ്ഞ് പരത്തിയാൽ ജനം അത് വിശ്വസിക്കുകയില്ലേ? എന്താണ് നിൻെറ അഭിപ്രായം? അദ്ദേഹത്തിൻെറതായി

ഒരുപാട് കറാമാത്തുകൾ നാം പറഞ്ഞ് പ്രചരിപ്പിക്കുക. അദ്ദേഹത്തോട് പ്രാർത്ഥിച്ചാൽ ഉത്തരം കിട്ടുമെന്നും, മറ്റും പ്രചരിപ്പിക്കുക. ജനങ്ങൾ ഇത് വിശ്വസിക്കുകയില്ലേ,? ജനങ്ങൾ വളരെ ഉൽസാഹത്തോടെ ഇത് ഏറ്റെടുക്കുമെന്നാണ് ഞാൻ ഉറച്ച് വിശ്വസിക്കുന്നത്. ചിലപ്പോൾ ഈ ഇല്ലാത്തശൈഖിൻെറ പേരിൽ അടുത്ത വർഷം അവർ വലിയ ഒരു ശവകുടീരം കെട്ടി ഉയർത്തി, അവിടെ നേർച്ചവഴിപാടുകൾ അർപ്പിക്കുവാനും, വിളിച്ച് പ്രാർത്ഥിക്കുവാനും ആരംഭിച്ചേക്കും. അവിടെയുള്ളതാകട്ടെ മണ്ണിന് മുകളിൽ മണ്ണ് മാത്രമാണ്താനും. അവിടെ കുഴിച്ച് ഭൂമിയുടെ അടിത്തട്ടിൽ എത്തിയാലും ഒന്നും അവർക്ക് കണ്ടെത്തുവാൻ സാധ്യമല്ല."

സഊദ് പറഞ്ഞു: "നീയിത് ഉപേക്ഷിക്കുക, ജനങ്ങൾ അത്രക്ക് പമ്പര വിഢഢികളാണോ? ഇത്രക്ക് തരംതാഴുകയോ ജനങ്ങൾ?"

ആദിൽ: "നല്ലത് തന്നെ, എന്നെ സഹായിച്ചാൽ നിനക്കെന്താണ് നഷ്ടപ്പെടുവാനുള്ളത്?"

"എന്നോട് യോജിക്കുന്നുവോ, അതല്ല, അതിൻെറ പരിണിതഫലമോർത്ത് ഭയപ്പെടുന്നുവോ സഊദ്"

സഊദ്: "എനിക്ക് ഭയമൊന്നുമില്ല, പക്ഷേ, എനിക്ക് ഒരു തൃപ്തി വരു ന്നില്ല".

ആദിൽ പറഞ്ഞു: "അപ്പോൾ നീ പകുതി സമ്മതിച്ചിരിക്കുന്നു. എന്താണ് നിൻെറ അഭിപ്രായം; ഈ വ്യാജ ശൈഖിന് നാം ശൈഖുൽ ബറകാത്ത് എന്ന് പേരിട്ടാലോ?

സഊദ്: "നല്ലത്. നീ ഉദ്ദേശിക്കുന്നത് പോലെയാവട്ടെ",

അങ്ങിനെ സഊദും, ആദിലും പതുക്കെ, പതുക്കെ ഓരോ കൂട്ടുകാരോടും, സഹ അധ്യാപകരോടും, ബാർബർ ഷോപ്പിലും ഈ ഇല്ലാത്ത ശൈഖിൻെറ പോരിശകൾ പറഞ്ഞ് പരത്തുവാനും (ബാബർ ഷോപ്പുകൾ വാർത്തകൾ ദ്രുതഗതിയിൽ പ്രചരിപ്പിക്കപ്പെടാൻ പറ്റിയ കേന്ദ്രങ്ങളായിരുന്നു) തീരുമാനിച്ചു. അവർ ബസ് ഇറങ്ങി അടുത്തുണ്ടാ യിരുന്ന സലീമിൻെറ ബാർബർ ഷോപ്പിലേക്ക് ചെന്നു. ആയാളോട് അവർ രണ്ട് പേരും ഔലിയായെ പറ്റി വിശദീകരിച്ച് കൊണ്ടിരുന്നു. അവിടെ വളരെ പണ്ട് തന്നെ ഒരു ശൈഖിനെ മറമാടിയിട്ടുണ്ടെന്നും അയാൾക്ക് അല്ലാഹുവിൻെറയടുത്ത് നല്ല സ്ഥാനമുണ്ടെന്നും, അദ്ദേഹത്തോട് കുറച്ചാളുകൾ സഹായം ചോദിച്ചിരുന്നുവെന്നും അവർ പറഞ്ഞ് കൊണ്ടിരുന്നു.

ബാർബർ: “എവിടെയാണ് ശൈഖിൻെറ ഖബർ?”
“ഈ പട്ടണത്തിലേക്ക് പ്രവേശിക്കുന്നതിന് തൊട്ടുമുമ്പുള്ള ട്രാഫിക്ക് സർക്കിളിലാണ്” സഊദും, ആദിലും പറഞ്ഞു.
ബാർബർ: “നമ്മുടെ ഈ ഗ്രാമത്തെ ഒരു വലിയ്യിനെ കൊണ്ട് ആദരിച്ച അല്ലാഹുവിന്ന് സ്തുതി. ഇത് വളരെ കാലമായി ഞാനഗ്രഹിക്കുന്ന ഒരു കാര്യമായിരുന്നു. അതുമല്ല നമ്മുടെ ബുദ്ധിക്ക് യോജിച്ചതാണോ “അൽ ജദീദ, അൽകൂസാ” എന്നീ പട്ടണത്തിൽ പത്തിൻ കണക്ക് ഔലിയാക്കൾ ഉണ്ടായിരിക്കേ, നമുക്ക് ഒറ്റ ഔലിയാക്കളും ഇല്ലാതിരിക്കുകയെന്നത്?”
ആദിൽ: “ശൈഖുൽ ബറകാത്ത് വളരെ വലിയ ശൈഖായിരുന്നു, അദ്ദേഹത്തിന് അന്നത്തെ രാജാവിൻെറയടുത്ത് വളരെ വലിയ സ്ഥാനമായിരുന്നു ഉണ്ടായിരുന്നത്.”
അല്ലാഹു അദ്ദേഹത്തിൻെറ ആത്മാവ് പരിശുദ്ധമാക്കിയിരിക്കേ, “ശൈഖിനെപറ്റി ഇതെല്ലാം മനസ്സിലാക്കിയിട്ട് നീ നിശ:ബ്ദനായിരിക്കുകയാണോ” ബാർബർ അട്ടഹസിച്ചു?!
പിന്നെ കാട്ടു തി പോലെ ഈ വാർത്ത ഗ്രാമമാകെ പടർന്നു പിടിച്ചു.

തുടർന്ന് ജനങ്ങളുടെ സംസാരം അതിനെപ്പറ്റി തന്നെയായി. ചിലർ ആ ശൈഖിനെ സ്വപ്നത്തിൽ പോലും കാണുകയുണ്ടായത്രെ!
ഒഴിവ് സമയങ്ങളിലെല്ലാം, സർവ്വ സദസ്സുകളിലും അവരുടെ നേതാക്കന്മാരുടെ ചർച്ച പോലും ഇതു തന്നെയാണ്. അവരുടെ നാവുകളിലൂടെ അദ്ദേഹത്തിൻെറ കറാമത്തുകൾ നാൾക്കുനാൾ വർദ്ധിച്ച് കൊണ്ടിരുന്നു.
സ്ഥലത്തെ മദ്റസയിൽ അധ്യാപകർക്കിടയിലും ഇതിനെപ്പറ്റിയുള്ള ചർച്ചയും വാദപ്രതിവാദങ്ങളും നടന്നു കൊണ്ടിരുന്നു. കാര്യങ്ങൾ അതിൻെറ പരിധിവിട്ടപ്പോൾ സഊദിന് നിശ:ബ്ദനായിരിക്കുവാൻ സാധിച്ചില്ല. അയാൾ അട്ടഹസിച്ചു.
“അല്ലയോ ബുദ്ധിയുള്ളവരെ, സാധാരണക്കാരെ, നിങ്ങൾ ഈ കെട്ട് കഥയിലേക്കാണോ ആളുകളെ ക്ഷണിച്ച് കൊണ്ടിരിക്കുന്നത്?”
അവർ ഒരേ ശബ്ദത്തിൽ ചോദിച്ചു: “ഇത് കെട്ടുകഥകളാണോ? ശൈഖുൽ ബറകാത്ത് ഇല്ലാത്ത ശൈഖാണോ?”

സഊദ്: “അങ്ങിനെയൊരു ശൈഖ് ജീവിച്ചിട്ടില്ല, അങ്ങിനെയൊരു ഖബറും ഇല്ല തന്നെ, ഇത് വെറും കുപ്രചരണം മാത്രമാണ്. ആ ട്രാഫിക് സർക്കിളിൽ കാണുന്നത് ഒരു മൺകൂന മാത്രമാണ്. അവിടെ ശൈഖും ഇല്ല, ഖബറും ഇല്ല, മഖാമും ഇല്ല”
ഇത്കേട്ട മാത്രയിൽ അധ്യാപകർ സടകുടഞ്ഞെഴുന്നേറ്റു ചോദിച്ചു: “നിനക്കെങ്ങനെ ധൈര്യം കിട്ടി ശൈഖുൽ ബറകാത്തിനെ പറ്റി ഇങ്ങനെ പറയുവാൻ?”
അവർ തുടർന്നു: “ശൈഖുൽ ബറകാത്താണ് ഈ ഗ്രാമത്തിലെ പടിഞ്ഞാറെ ഭാഗത്തുള്ള നീരുറവ പുറപ്പെടുവിച്ചത്, അത്പോലെ ഒരുപാട്, ഒരുപാട്... പലതും”
അവരുടെ അധികരിച്ച അട്ടഹാസം സഊദിനെ തെല്ലൊന്നമ്പരപ്പിച്ചുവെങ്കിലും അയാൾ പറഞ്ഞു: “മനുഷ്യരെ, നിങ്ങൾ നിങ്ങളുടെ ബുദ്ധി ആർക്കും പണയപ്പെടുത്തരുത് നിങ്ങൾ ബുദ്ധിയും അറിവുമുള്ള വരുമാണ്. ആരെങ്കിലും ഒരു ശൈഖിനെ പറ്റിയോ, ശവകുടീരത്തെ പ റ്റിയോ ഇല്ലാത്തത് പറയുമ്പോൾ, അല്ലെങ്കിൽ ഉറക്കത്തിൽ പിശാച് നി ങ്ങളുടെ ബുദ്ധിയിൽ വല്ലതും തോന്നിപ്പിച്ച് തരികയും ചെയ്യുമ്പോൾ നിങ്ങളതിൽ വിശ്വസിക്കുകയാണോ?
ആ സമയം സ്കൂളിൻെറ ഹെഡ്മാസ്റ്റർ വന്ന്കൊണ്ട് പറഞ്ഞു: “ശൈഖിൻെറ കറാമത്തുകൾ യാഥാർത്ഥ്യമാണെന്ന് എനിക്ക് വളരെ ഉറപ്പുണ്ട്, നിങ്ങൾ ഇന്നിറങ്ങിയ പത്രം വായിച്ചില്ലേ?”
സഊദ് അൽഭുതപ്പെട്ടു: “പത്രത്തിൽ വരെ വന്നോ? എന്താണ് എഴുതിയത്?”
ഹെഡ്മാസ്റ്റർ പറഞ്ഞു: “ശൈഖ് ബറകാത്തിൻെറ മഖാം കണ്ടെത്തി” എന്ന തലക്കെട്ടിനു കീഴെ ഇങ്ങനെ പറയുന്നു: “ശൈഖ് ബറകാത്ത്, ഖാലിദ്ബ്നുൽ വലീദി(ﷺ)ൻെറ സന്താന പരമ്പരയിൽ ഹി: 1100 – ൽ ജനിച്ചു, അനേകം പണ്ഡിതന്മാരിൽ നിന്ന് വിജ്ഞാനം കരസ്ഥമാക്കി. കുരിശ് യുദ്ധത്തിൽ തുർക്കി സൈന്യത്തോടൊപ്പം ചേർന്ന്, യുദ്ധം കൊടുമ്പിരികൊണ്ടപ്പോൾ, അവരെ നശിപ്പിക്കുവാനായി അവർക്കു നേരെ അദ്ദേഹം ശക്തമായി ഊതി, അത് അതിശക്തമായ കൊടുങ്കാറ്റായി മാറുകയും, കുരിശ് യോദ്ധാക്കൾ 100 മീറ്ററോളം കാറ്റിലൂടെ പറന്ന് രക്തത്തിൽ കുളിച്ചനിലയിൽ വീഴുകയും ചെയ്തു.

സഊദ്: “പത്രക്കാർക്ക് എവിടെനിന്നാണ് ഈ വ്യാജവാർത്ത കിട്ടിയത്?”
ഹെഡ്മാസ്റ്റർ: “ഇത് യാഥാർത്ഥ്യമാണ്, അതല്ലാതെ വെറുതെ മെനെഞ്ഞുണ്ടാക്കിയതാണെന്ന് നീ വിചാരിക്കുന്നുണ്ടോ?”
സഊദ്: “യാഥാർത്ഥ്യമാണെങ്കിൽ തെളിവെവിടെ? തെളിവ് ഹാജറാക്കേണ്ടത് വാദിക്കുന്നവരാണ്. അത് ശരിയാണോയെന്ന് നോക്കേണ്ടത് എൻെറയും, നിങ്ങളുടെയും ബാധ്യതയാണ്. ഇല്ലെങ്കിൽ ഓരോ വ്യകതിയും തനിക്ക് തോന്നുന്നത് കെട്ടിയുണ്ടാക്കും. ഖബറുകളും, ഔലിയാക്കളും, കറാമത്തുകളും മറ്റും, മറ്റും...”
“അല്ലയോ സമൂഹമേ, ശൈഖുൽബറകാത്തിൻെറ മഖാം കെട്ടി ചമച്ചുണ്ടാക്കിയതാണെന്നതിന്ന് യാതൊരു സംശയവുമില്ല. ഊതി വീർപ്പിച്ച കെട്ടു കഥ മാത്രം. ആദ്യമായി ഇതിനെപ്പറ്റി സാസാരിച്ചത് ഞാനും, ആദിലുമാണ്. ജനങ്ങളുടെ അക്ഞത യുടെയും, അശ്രദ്ധയുടെയും ആഴം അളക്കുവാൻ വേണ്ടിയാ യിരുന്നു അങ്ങിനെ ചെയ്തത്, ഇതാ ആദിൽ ഇരിക്കുന്നു, നിങ്ങൾക്ക് വേണമെങ്കിൽ അവനോട് ചോദിക്കാം”
അവർ ആദിലിന് നേർക്കു തിരിഞ്ഞ് കൊണ്ട് പറഞ്ഞു: “ഇയാൾ നിന്നെപോലെത്തന്നെ കുതർക്കക്കാരനാണ്. എല്ലാ പ്രശ്നത്തിനും തെളിവ് ആവശ്യപ്പെടുന്നവൻ. ഔലിയാക്കളോടും, സജ്ജനങ്ങ ളോടും അസൂയയാണിയാൾക്ക്.
“നീയും ആദിലും എത്ര തന്നെവാദിച്ചാലും ശരി, ശൈഖുൽ ബറകാത്ത് (അല്ലാഹു അദ്ദേഹത്തിൻെറ ആത്മാവിനെ പരിശുദ്ധ പ്പെടുത്തിയിരിക്കുന്നു) ഞങ്ങളുടെ പൂർവ്വികന്മാരുടെ കാലത്തുള്ള യാളാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു, ഒരു പ്രദേശവും ഔലിയാക്കളിൽ നിന്നും, സ്വാലിഹീങ്ങളിൽ നിന്നും മുക്തമാവു കയില്ല. അറിവില്ലായ്മയിൽ നിന്ന് ഞങ്ങൾ അല്ലാഹുവി നോട് ശരണം ചോദിക്കുന്നു!”
ആദിലും, സഊദും നിശബ്ദരായിരുന്നു, ബെല്ല് മുഴങ്ങി, എല്ലാവരും ക്ളാസ്റൂമിലേക്ക് പോയി.
സഊദ് വളരെ നിരാശനായി കാണപ്പെട്ടു. അവൻ ചിന്തിച്ചു, ശൈഖുൽ ബറകാത്ത്! ബുദ്ധിക്ക് യോജിക്കുന്നതും, യോജിക്കാത്തതുമായ കറാമാത്തുകൾ!!
എല്ലാവരും തെറ്റു പറ്റിയവരാകുമോ? പത്രവാർത്ത വ്യാജമാകുമോ?

വിചിത്രം!! ഇന്നലെ ശൈഖുമാരെല്ലാം ആ ട്രാഫിക് സർക്കിളിൽ ഒരുമിച്ച് കൂടി ശൈഖുൽ ബറകാത്തിൻെറ ജന്മദിനം കൊണ്ടാടുകയുണ്ടായി.
പക്ഷേ, ശൈഖുൽബറകാത്ത് ആദിൽ കെട്ടി ചമച്ചുണ്ടാക്കിയതാണ്.
അല്ല, എല്ലാവരെയും ഇങ്ങനെ അജ്ഞത പിടികൂടുമോ?
അത് അസാധ്യമാണ്, അസാധ്യമാണ്.
സഊദിൻെറ മനസ്സിൽ ഒരുപുതിയ ചിന്തക്ക് തുടക്കം കുറിച്ചു.
ഒരുപക്ഷേ, ശൈഖുൽ ബറകാത്ത് യാഥാർത്ഥ്യമാണെങ്കിലോ?
ചിലപ്പോൾ ഉസ്താദ് ആദിൽ അതിനെപ്പറ്റി ആദ്യം തന്നെ മനസ്സിലാക്കിയിട്ടുണ്ടെങ്കിലോ?
അവനാണ് അതിനെപറ്റി ആദ്യം സംസാരിച്ച തെന്ന് കളവ് പറഞ്ഞതാണെങ്കിലോ?
സഊദ് ഇപ്രകാരമെല്ലാം ചിന്തിച്ചുകൊണ്ടിരുന്നു. എങ്കിലും അവൻ പിശാചിൻെറ പിടിയിൽ നിന്നും മനസ്സിനെ മോചിപ്പിക്കുവാൻ അല്ലാഹുവിൽ ശരണം തേടികൊണ്ടേയിരുന്നു. പക്ഷേ, അവൻ അതിൽ വിജയിച്ചില്ല.
അടുത്ത ദിവസവും സ്കൂളിൽ ഇതിനെപ്പറ്റി തന്നെയായിരുന്നു ചർച്ച, വർഷാവസാനം അധ്യാപകർ അവരുടെ നാട്ടിലേക്ക് യാത്ര തിരിച്ചപ്പോഴാണ് ആ ചർച്ചക്ക് വിരാമമായത്.

*****

അടുത്തവർഷം ആദിലും, സഊദും ബസ്സിൽ സ്കൂളി ലേക്ക് യാത്ര തിരിച്ചു. ആദിൽ ശൈഖുൽ ബറകാത്തിൻെറ വാർത്ത പാടെ മറന്നിരുന്നു.
പ്രസ്തുത ട്രാഫിക് സർക്കിളിൽ എത്തിയപ്പോൾ സഊദ് പല ദിക്റുകളും, പ്രാർത്ഥനകളും ഉരുവിട്ട് കൊണ്ടിരിക്കുന്നത് ആദിൽ ശ്രദ്ധിച്ചു.
അവർ വളരെ അത്ഭുതത്തോടെയാണ് ആ സ്ഥലം വീക്ഷിച്ചത്! അ വിടെ നല്ല ഭംഗിയിൽ ഉയർന്ന് നിൽക്കുന്ന ഒരു കെട്ടിടം ഉയർത്തിയി രിക്കുന്നു. അതിനടുത്തു തന്നെ തുർക്കി കലയിൽ രൂപകൽപന ചെയ്ത, മാർബിളിൽ തീർത്ത വലിയൊരു പള്ളിയും നിർമ്മിച്ചിട്ടുണ്ട്!
ആദിൽ പുഞ്ചിരിച്ചു: ജനങ്ങൾ ഇത്രമാത്രം ദൗർഭാഗ്യവാന്മാരും, അജ്ഞരുമാണല്ലോ, ശിർക്ക് പ്രചരിപ്പിക്കുന്നതിൽ പിശാച് വിജയിച്ചിരിക്കുകയാണ്.

തൻെറ പുഞ്ചിരിയിൽ സഊദിനെ കൂടി പങ്കുചേർക്കുവാനായി ആദിൽ, തിരിഞ്ഞ് നോക്കിയപ്പോൾ, ദിക്റുകളും പ്രാർത്ഥനകളും മതിയാക്കിയ സഊദ് അൽപനേരം വണ്ടി നിർത്താനായി ഡ്രൈവറോട് നിലവിളിക്കുന്നതാണ് കണ്ടത്. തുടർന്ന് തൻെറ രണ്ടു കൈകളും ഉയർത്തി ശൈഖിൻെറ ആത്മാവിലേക്ക് ഒരു ഫാതിഅ: ഓതി ഹദ്യ: ചെയ്യുകയും ചെയ്തു, (അൽ ബയാൻ മാസിക).

*****

# അവർ അവിടെ ചെയ്യുന്നതെന്താണ്?

ശവകുടീരങ്ങളിലേക്ക് യാത്ര പുറപ്പെടുന്നവർ ആടുമാടുകൾ കൊണ്ടുപോകാറുണ്ട്. ഭക്ഷണ പദാർത്ഥങ്ങളും, ചായ, കഅ്വ, പഞ്ചസാര തുടങ്ങിവയും, കൂടാതെ പണവും കൊണ്ട് പോകാറുണ്ട്. അവിടെ ശൈഖിനോ, വലിയ്യിനോ വേണ്ടി മൃഗങ്ങളെ ബലിയറുത്ത് കൊണ്ടും, ത്വവാഫ് ചെയ്ത് കൊണ്ടും സാമീപ്യം തേടുക മാത്രമല്ല, അവിടുത്തെ മണ്ണ്കൊണ്ട് ബർക്കെത്തെടുക്കുക കൂടി ചെയ്യുന്നു. ആവശ്യങ്ങൾ നിറവേറാനും, പ്രയാസങ്ങൾ നീങ്ങുവാനും അവിടെ കാണിക്കകൾ സമർപ്പിക്കുകയും ചെയ്യുന്നു.

തീർന്നില്ല, ശവകുടീരങ്ങൾ സത്യം ചെയ്യാനുള്ള കേന്ദ്രവും കൂടിയായിരിക്കുന്നു. അല്ലാഹുവിനെ പിടിച്ച് ഒരാൾ പലതവണ സത്യം ചെയ്താലും അവൻെറ സാക്ഷ്യം ജനങ്ങൾ സ്വീകരിക്കുന്നില്ല, മറിച്ച് അവർ സ്വീകരിക്കുന്നത് ശവകൂടിരത്തിലുള്ള മൺമറഞ്ഞ് പോയ ശൈഖിൻെറയോ, ഔലിയയുടെയോ പേരിലുള്ള സത്യമാകുന്നു.

ഹജജ് കർമ്മം പോലും ശവകുടീരങ്ങളിലേക്ക് ചെയ്യുവാൻ ആരംഭിച്ചിരിക്കുന്നു. അതിലേക്ക് ജനങ്ങളെ ക്ഷണിക്കുവാനും,

ചില പ്രത്യേക കർമ്മങ്ങൾ വരെ അതിനുണ്ടാക്കി, അത് വിശദീകരിക്കുന്ന "മഖ്ബറകളിലേക്കുള്ള തീർത്ഥാടന കർമ്മങ്ങൾ" പോലെയുള്ള ഗ്രന്ഥങ്ങൾ രചിച്ച് പരിശുദ്ധ മക്കയിലേക്കുള്ള ഹജ്ജിന് സമാനമാണെന്ന് വാദിക്കുവാനും തുടങ്ങിയിരിക്കുന്നു ചില ധിക്കാരികൾ.

ശവകുടീര സന്ദർശനത്തിന് പ്രത്യേകമായ മര്യാദകൾ വരെ ഉണ്ടാക്കിയിരിക്കുന്നു. മഖ്ബറകളിൽ പ്രവേശിക്കുന്നവരോട്, അതിനെ ആദരിക്കുവാനായി തങ്ങളുടെ ചെരിപ്പുകൾ അഴിച്ചുവെക്കാൻ വരെ അവർ ആവശ്യപ്പെടാറുണ്ടത്രെ!

പാറാവുകാരുടെ അനുമതിയോടെയല്ലാതെ അവിടെ പ്രവേശ നമില്ല, കഅബ ത്വവാഫ് ചെയ്യുന്നത് പോലെ ശവകുടീരത്തെ സേവിക്കുന്നവർ ഖബറുകളെയും ജനങ്ങളെ കൊണ്ട് ത്വവാഫ് ചെയ്യിപ്പിക്കുകയാണ്.

ശവകുടീരങ്ങളിൽ നിന്ന് വിവിധതരം അനുഗ്രഹങ്ങ ളാണ് ജനങ്ങൾക്ക് നൽകുന്നതത്രെ. ചിലർ അവിടുത്തെ മണ്ണിലൂടെ ബർക്കത്തുകൾ കരസ്ഥമാക്കുമ്പോൾ മറ്റുചിലർ അവിടുത്തെ വിരിപ്പിൽ കൈകൾ തടവികൊണ്ടാ ണ് ബർക്കെത്ത് നേടുന്നത്.

ഒരോ മഖാമിലും വ്യത്യസ്ഥ രൂപത്തിലാണ് അല്ലാഹു അല്ലാ ത്തവർക്കുള്ള ആരാധനകൾ നടക്കുന്നത്.

ഖബറാളികളോടുള്ള പ്രാർത്ഥനകൾ, അവരോടുള്ള സഹായ തേട്ടം, സ്ത്രീകൾ തങ്ങളുടെ സന്താനങ്ങളെ ഖബറിന്ന് മുകളിലൂടെ വീശി അനുഗ്രത്തിനായുള്ള അപേക്ഷ, സുജൂദ്, ബലിദാനം, ദിവസവും മാസവും ഭജനമിരിക്കൽ, രോഗശമനത്തിനും, ലക്ഷ്യ സാക്ഷാൽകാരത്തി നുമുള്ള പ്രാർത്ഥന തുടങ്ങിയ ആരാധനകൾ ശവകുടീരങ്ങളിൽ സർവ്വ സാധാരണയാകുന്നു.

ശവകുടീരങ്ങളിൽ താമസിക്കുവാനും, വിശ്രമിക്കുവാനും വേണ്ടി പ്രത്യേക സ്ഥലങ്ങൾ പോലും നിർമ്മിച്ചതു കാണാനാവും.

മഖാമുകളിലെ ഭയാനകത പാമരരായ സാധാ രണക്കാരിൽ അങ്ങേയറ്റത്തെ ഭക്തിയും, ഭയവും, ഉണ്ടാക്കുകയും തൻമൂലം അവർ പൊട്ടി കരയുകയും ചെയ്യാറുണ്ട്.

ഖബറാളികളെ ജനങ്ങൾ അല്ലാഹുവിന് പുറമെ ദൈവങ്ങളാക്കി മാറ്റിയിരിക്കുകയാണ്. ഏതെങ്കിലും നബിയേയോ, മലക്കിനെയോ ആരാധിക്കുന്നത് അല്ലാഹു ഒരിക്കലും

പൊറുത്ത് തരികയില്ല. അപ്പോൾ അവനോടൊപ്പം മറ്റുള്ളവരെ ആരാധിച്ചാൽ അല്ലാഹു പൊറുക്കുന്നതെങ്ങിനെ!

# അവരുടെ ഹൃദയങ്ങൾ പരസ്പരം സമാനമായിരിക്കുന്നു.

ഖബറുകളിൽ കിടക്കുന്നവർക്ക് സ്വയം തന്നെ ഉപകാരമോ, ഉപദ്രവമോ ചെയ്യുവാൻ സാധ്യമല്ല, പിന്നെയെങ്ങിനെയാണ്, ഖബറാളികളെ ഭയപ്പെടുകയും, മഹത്വപ്പെടുത്തുകയും ചെയ്യുന്നവർക്ക് സഹായം ലഭിക്കുക.

അറേബ്യയിലുള്ള "ഥകീഫ്" ഗോത്രം മുസ്ലീങ്ങളായപ്പോൾ അവരുടെ അവസ്ഥയും ഇത് തന്നെയായിരുന്നു. അവർ ആരാധിച്ചിരുന്ന വിഗ്രഹം ഒരു ഉപകാരമോ, ഉപദ്രവമോ ചെയ്യില്ലെന്ന് മനസ്സിലാക്കിയിട്ടും അവർ ആ വിഗ്രഹത്തെ ഭയപ്പെട്ടിരുന്നു.

മൂസബ്നു ഉഖ്ബ പറയുന്നു: "ഇസ്ലാം സ്വീകരിക്കുന്നവർക്ക് സാക്ഷ്യ വചനം ചൊല്ലികൊടുക്കുവാൻ വേണ്ടി, ഓരോരുത്തരെയും നബി(ﷺ)യുടെ അടുത്തേക്ക് അയച്ച് കൊണ്ടിരുന്നു. "ഥകീഫ്" ഗോത്രത്തിൽ പെട്ട ഏതാനും ആളുകൾ ഇസ്ലാം സ്വീകരിക്കുവാനും, ക്വുർആൻ കേൾക്കുവാനും നബി(ﷺ)യുടെ പള്ളിയിലേക്ക് വന്നു.

അവരോട് ഇസ്ലാം പ്രഖ്യാപിക്കുവാൻ പറഞ്ഞപ്പോൾ, അവർ 'റബ്ബ' എന്ന പേരിലറിയപ്പെടുന്ന വിഗ്രഹത്തെ പേടിക്കുകയും അവർ പരസ്പരം മുഖത്തോട് മുഖം നോക്കുകയുമാണ് ചെയ്തത്. അവർ നബി(ﷺ)യോട് പലിശയുടെയും, വ്യഭിചാരത്തിൻെറയും, മദ്യത്തിൻെറയും വിധിയെപറ്റി ചോദിച്ചപ്പോൾ, അത് നിഷിദ്ധമാണെന്ന് പറഞ്ഞു. അവരുടെ വിഗ്രഹത്തെ പറ്റി ചോദിച്ചപ്പോൾ നബി(ﷺ) പറഞ്ഞു: "അതിനെ പൊടിച്ച് കളയുക" അവർ പറഞ്ഞു: "നാശം, 'റബ്ബ' അതിനെ തകർക്കുവാൻ പോകുന്ന വിവരം അതറിഞ്ഞാൽ അവരെയും അതിൻെറ ചുറ്റിലുള്ളവരെയും അത് വധിച്ചു കളയുന്നതാണ്"

ഉമർ(റ)പറഞ്ഞു: "നിങ്ങൾക്ക് നാശം നിങ്ങൾ എത്ര വിഢ്ഢികളാണ്, 'റബ്ബ' വെറും കല്ല് മാത്രമാണ്"

അവർ പറഞ്ഞു: "എന്നാൽ പ്രവാചകരെ, നിങ്ങൾ പോയി തകർക്കുക, ഞങ്ങൾ കൂടെ വരില്ല"
ഞാൻ അതിനെ തകർക്കുവാൻ പറ്റിയ ആളെ നിങ്ങൾക്കയച്ചു തരാമെന്ന് പ്രവാചകനപ്പോൾ പറഞ്ഞു.

തങ്കളുടെ നാട്ടിലേക്ക് തിരിച്ചു ചെല്ലാൻ അവർ പ്രവാചകനോട് അനുമതി ചോദിച്ചു. നാട്ടിലെത്തിയ അവർ അവിടുത്തുകാരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ച് കൊണ്ടിരുന്നു. ദിവസങ്ങൾ കഴിഞ്ഞു... എങ്കിലും അപ്പോഴും അവരുടെ ഹൃദയത്തിൽ പ്രസ്തുത വിഗ്രഹത്തെപ്പറ്റിയുള്ള ഭയം അവശേഷിച്ചിരുന്നു.

ആ സമയം, "ഖാലിദ്ബ്നുൽവലീദും, മുഗീറത്ബ്നു ശുഅബയും" മറ്റു സ്വഹാബി(ﷺ)കളോടൊപ്പം അവരി ലേക്ക് ചെന്നു.

അവരുടെ വിഗ്രഹത്തെ തകർക്കാനായി അതിനു നേർക്കു നടന്നടുത്തു. സ്ത്രീകളും കുട്ടികളും പുരുഷന്മാരുമടങ്ങുന്ന വലിയ ആൾകൂട്ടം ഭയവിഹ്വലരായി അതു നോക്കി നിൽക്കുന്നുണ്ടായിരുന്നു...
അതിനെയവർക്ക് തകർക്കാനാവില്ല...
അതിനെ തകർക്കുന്നവനെ അത് വധിക്കാതിരിക്കില്ല...
അവരുടെ മനോഗതങ്ങൾ അതായിരുന്നു.

"മുഗീറബ്നു ഷുഅ്ബ" കോടാലിയുമായി വിഗ്രഹത്തിനു നേർക്കു ചെന്ന്കൊണ്ട് തൻെറ കൂട്ടുകാരോടായി പറഞ്ഞു: "ഥഖീഫ്കാരുടെ പ്രതികരണം നിങ്ങളെ ചിരിപ്പിക്കുകതന്നെ ചെയ്യും. അദ്ദേഹം തൻെറ കോടാലി കൊണ്ട് വിഗ്രഹത്തെ ആഞ്ഞുവെട്ടി, പക്ഷേ, അദ്ദേഹം കാൽ തെന്നിവീണു. ആ നിമിഷം ജനങ്ങൾ നിലവിളിക്കുവാൻ തുടങ്ങി. റബ്ബ അദ്ദേഹത്തെ വധിച്ചുവെന്നാണവർ വിചാരിച്ചത്. ഖാലി ദ് ബ്നുൽ വലീദിനോടും കൂടെയുള്ളവരോടുമായി അവർ പറഞ്ഞു: "ഇനി ആരാണ് വിഗ്രഹത്തോടടുക്കുവാൻ ധൈര്യം കാണിക്കുന്നത്???"

അവരുടെ സന്തോഷം കണ്ട മുഗീറത്തുബ്നു ശുഅ്ബ എഴുന്നേറ്റ് പറഞ്ഞു: "അല്ലയോ ഥഖീഫ് ഗോത്രമേ, ഈ വിഗ്രഹം എത്ര നിന്ദ്യം. വെറും കല്ലും മണ്ണുമാകുന്നു ഇത്. അല്ലാഹുവിൻെറ കഴിവിനെ അംഗികരിച്ച് അവനെ മാത്രം നിങ്ങൾ ആരാധിക്കുക. തുടർന്ന് ആവിഗ്രഹത്തെ വെട്ടി നിലം

പരിശാക്കി. ഓരോ സ്വഹാബികളും ഓരോ വിഗ്രഹങ്ങളെയും തുണ്ടം, തുണ്ടമായി തകർത്ത് കളഞ്ഞു.

ആരാധിക്കപ്പെടുന്ന ഓരോ വിഗ്രഹങ്ങളെയും, ശവകുടീരങ്ങളെയും തകർത്ത് കളയാൻ ഉദ്ദേശിച്ചാൽ അതിൽ നിന്ന് രക്ഷപ്പെടുവാൻ അവർക്കൊന്നിനും ആവുകയില്ല. പിന്നെ അവയെങ്ങിനെ ആരാധിക്കപ്പെടും?

*****

# ശിർക്ക് വളർന്ന വഴി

ഭൂമിയിൽ ശിർക്ക് കടന്നുവന്ന വഴിയെപ്പറ്റി ചിന്തിച്ചാൽ, സ്വാലിഹീങ്ങളോടും, പുണ്യാത്മാക്കളോടും, പ്രവാചകന്മാരോടുമുള്ള ആദരവിൽ അതിര് കടന്നതാണ് കാരണമെന്ന് കണ്ടെത്തുവാൻ സാധിക്കും. നൂഹ്നബി(عليه السلام)യുടെ (അദ്ദേഹത്തിൻെറ നിയോഗത്തിന്മുമ്പ്) സമൂഹം തൗഹീദിൽ അടിയുറച്ച് ജീവിച്ചു. അന്ന് ഭൂമിയിൽ എവിടെയും ശിർക്കുണ്ടായിരുന്നില്ല, അല്ലാഹുവിൽ ആരെയും ഒരു നിലക്കും പങ്ക് ചേർക്കാത്ത രൂപത്തിൽ അല്ലാഹുവിനെ മാത്രം ആരാധിച്ച് പോന്നു, അല്ലാഹുവിനെ കൂടുതൽ ഭയപ്പെട്ടിരുന്ന, ജനങ്ങളെ സത്യമതത്തിലേക്ക് ക്ഷണിച്ചിരുന്ന വദ്ദ്, സുവാഅ്, യഹൂഥ്, യഹൂഖ്, നസ്റ് തുടങ്ങിയ അഞ്ച് നല്ല സ്വാലിഹീങ്ങളുണ്ടായിരുന്നു അവരിൽ. ഇവർ മരിച്ചപ്പോൾ ജനങ്ങൾ അവരുടെ മരണത്തിൽ അതീവ ദു:ഖിതരായി.

അവർ പറഞ്ഞു: “ആരാധനയുടെ ശ്രേഷ്ഠതയെപ്പറ്റി നമ്മെ ഉത്ബോധിപ്പിച്ചിരുന്ന, അല്ലാഹുവിനെ അനുസരിക്കുവാൻ കൽപിച്ചിരുന്ന മഹാത്മാക്കൾ നമ്മെ വിട്ട് പോയിരിക്കുന്നു. അങ്ങിനെ പിശാച് അവരിൽ വസ്വാസുണ്ടാക്കി.

അവരോട് പറഞ്ഞു: വിഗ്രഹ രൂപത്തിൽ നിങ്ങളവരുടെ സ്വരൂപം കൊത്തിയുണ്ടാക്കുക... അവയെ നിങ്ങളുടെ ആരാധനാലയങ്ങളിൽ സ്ഥാപിക്കുക... അവയെ കാണുമ്പോഴൊക്കെ നിങ്ങളുടെ ഇബാദത്തിനെപ്പറ്റി ഓർക്കാനാവും... പ്രവർത്തനങ്ങളിൽ നിങ്ങൾക്ക് ഉത്സാഹം വരും...

പിശാചിൻെറ മന്ത്രത്തിനവൽ ചെവി കൊടുത്തു. അവരെ ഓർക്കുവാനും, ആരാധനയിൽ കൂടുതൽ ഉത്സാഹം ലഭിക്കുവാനും വേണ്ടി അവരുടെ രൂപം ഉണ്ടാക്കുകയും ചെയ്തു.

യഥാർത്ഥത്തിൽ ഇങ്ങനെയവർ ചെയ്തത് നല്ല ഉദ്ദേശത്തിനായിരുന്നു. ആ തലമുറ കഴിഞ്ഞു, മറ്റൊരു തലമുറ വന്നു. അവർ വലിയവരായി, തങ്ങളുടെ പിതാക്കന്മാർ ഈ വിഗ്രഹങ്ങളെ വാഴ്ത്തി പറയുകയും, പുകഴ്തുകയും ചെയ്യുന്നത് ഇവർ കേട്ടിട്ടുണ്ട്. അവരും മഹാത്മാക്കളെ ഓർക്കാനെന്ന പേരിൽ ഈ വിഗ്രഹങ്ങളെ മഹത്വപ്പെ ടുത്തുവാനരംഭിച്ചു.

അവർക്കു ശേഷവും ഒരു തലമുറ വളർന്നുവന്നു. അവരുടെ മനസ്സുകളിൽ പിശാച് മന്ത്രിച്ചത്, നിങ്ങളുടെ പ്രപിതാക്കൾ ഈ വിഗ്ര ഹങ്ങളോട് പ്രാർത്ഥിക്കുകയും, ക്ഷാമവും ബുദ്ധിമുട്ടുകളും വന്നാൽ ഇവയോട് സഹായം തേടുകയും, ഇവയിലേക്ക് അഭയം പ്രാപിക്കുകയും ചെയ്തിയിരുന്നു വെന്നായിരുന്നു. തുടർന്നവരെ ആരാധിക്കുവാൻ ആരംഭിച്ചു.

അപ്പോഴാണ് അവരിലേക്ക് അല്ലാഹു നൂഹ്(عليه السلام)നെ അയക്കുന്നത്. 950 വർഷക്കാലം അദ്ദേഹം അവരെഏകദൈവ ത്തിലേക്ക് ക്ഷണിച്ചു. എന്നാൽ കുറച്ച് പേർ മാത്രമെ അദ്ദേഹത്തിൽ വിശ്വസിച്ചുള്ളു. അവിശ്വാസികളോടുള്ള കോപം കാരണം അല്ലാഹു വെള്ളപ്പൊക്കം മൂലം അവരെ നശിപ്പിക്കുകയും ചെയ്തു. ഇതാണ് നൂഹ്(ﷺ)ൻെറ സമുദായത്തിൽ സംഭവിച്ചത്.

ഇബ്റാഹിം(عليه السلام)ൻെറ സമുദായത്തിൽ ശിർക്ക് വന്ന് ചേർന്നതും ഈ രൂപത്തിൽ തന്നെയാണ്.

പ്രപഞ്ചത്തെ നിയന്ത്രിക്കുന്നതും, പ്രയാസങ്ങൾ നീക്കുന്നതും, പ്രാർത്ഥനക്കുത്തരം നൽകുന്നതും, ആവശ്യങ്ങൾ നിറവേറ്റിതരുന്നതും, നക്ഷത്രങ്ങളും ഗോളങ്ങളും, മലക്കു കളുമാണെന്ന് അവർ വിശ്വസിച്ചു. അല്ലാഹുവിൻെറയും, സൃഷ്ടികളുടെയും ഇടയിലുള്ള മധ്യവർത്തികളും, ഈലോകത്തെ നിയന്ത്രിക്കുവാൻ ഏൽപിക്കപ്പെട്ടവരുമാണ് മലക്കുകൾ എന്ന് വിശ്വസിച്ചു അവർ. അങ്ങിനെ അവയുടെ വിഗ്രഹങ്ങൾ ഉണ്ടാക്കി.

ഇബ്രാഹിം നബി(عليه السلام)ൻെറ പിതാവ് വിഗ്രഹങ്ങളുണ്ടാക്കി തൻെറ സന്താനങ്ങളെ കൊണ്ട് വിൽപന നടത്തിപ്പിക്കുന്ന വനായിരുന്നു, ഇബ്റാഹി(عليه السلام)ഉം അതിന് നിർബ്ബന്ധിതനായി.

'ഒരു ഉപകാരവും, ഉപദ്രവവും ചെയ്യാത്ത ഈ വിഗ്രഹങ്ങളെ ആർക്ക് വേണമെന്ന്' വിൽപനക്ക് ചെല്ലുന്നിടത്തൊക്കെ അദ്ദേഹം വിളിച്ച് പറയും?

സ്വസഹോദരന്മാർ എല്ലാ വിഗ്രഹങ്ങളും വിൽപന നടത്തി മടങ്ങി വരുമ്പോൾ അദ്ദേഹം കൊണ്ടുപോയ അതുപോലെ തന്നെ തിരച്ചു കൊണ്ട് വരും.

സ്വന്തം പിതാവിനെയും, സമുദായത്തേയും വിഗ്രഹങ്ങളെ വെടിയുവാൻ ക്ഷണിച്ചുവെങ്കിലും അവർ അതിന്ന് ചെവി കൊടുത്തില്ല. ഇബ്രാഹീം(عليه السلام) വിഗ്രഹങ്ങളെയെല്ലാം തച്ചുടക്കുകയുണ്ടായി. അവർ അദ്ദേഹത്തെ തീയിലിട്ട് കൊല്ലുവാൻ ശ്രമിച്ചുവെങ്കിലും അല്ലാഹു അദ്ദേഹത്തെ രക്ഷപ്പെടുത്തി.

*****

# ശിർക്ക് അനന്തിരമായി എടുത്തവർ?

നൂഹ് നബി(عليه السلام)യുടെയും, ഇബ്റാഹിം നബി(عليه السلام)യുടെയും ജ നതയുടെ അവസ്ഥ ഇതായിരുന്നു.

ഇനി നമുക്ക് ഇന്ന് സമൂഹത്തിൽ കാണുന്ന ശവകുടീരാരാധകരിലേക്ക് വരാം.

ഖബറുകളുമായും ശവകുടീരങ്ങളുമായും ബന്ധപ്പെട്ടതും, അവരറിയാതെ ശിർക്കിലേക്ക് ചെന്നെത്തിയതും എങ്ങിനെയാണെന്ന് നമുക്കവരോട് ചോദിക്കാം.

അവരുടെ തുടക്കം ഭക്തരും, സ്വാലിഹീങ്ങളുമായ പുണ്യാത്മാക്കളെ ആദരിച്ചു കൊണ്ടായിരുന്നു.

ഖബർ സിയാറത്തെന്ന പഴുതിലൂടെയായിരുന്നു അവർ ഇതിന് തെളിവ് കണ്ടെത്തിയത്. ഖബറുകളെ സന്ദർശിച്ചിരുന്നത് പരലോകത്തെ ഓർക്കുവാനോ, മരണത്തെ ഓർക്കുവാനോ വേണ്ടിയായിരുന്നില്ല, മറിച്ച് അവിടെ മറമാടപ്പെട്ടിട്ടുള്ളവരെ ഓർക്കുവാനും, അവിടെ വെച്ച് അല്ലാഹുവിനോട് പ്രാർത്ഥിക്കുവാനുമായിരുന്നു. ശേഷമവർ ഖബറുകളെ തൊട്ടുമുത്തുവാനും, ചുംബിക്കുവാനും തുടങ്ങി.

തുടർന്ന് അവർ വാദിച്ചത്, അവിടെ അന്ത്യവിശ്രമം കൊള്ളുന്നവർ മഹാത്മാക്കളും, പരിശുദ്ധരും, ആദരിക്കപ്പെടുന്നവരും, അല്ലാഹു വിൻെറയടുത്ത് വളരെവലിയ സ്ഥാനവും, പ്രതാപവുമുള്ളവരുമാകുന്നു എന്നാണ്. ആയതിനാൽ പാപങ്ങളിൽ മുങ്ങികുളിച്ചിട്ടുള്ള നമുക്ക് അല്ലാഹുവിലേക്ക് നേരിട്ട് പ്രാർത്ഥിക്കുവാൻ കഴിയില്ല, ഇങ്ങനെയുള്ള മഹാത്മാക്കളെ അല്ലാഹുവിലേക്കുള്ള ശുപാർശക്കാരും, ഇടയാളന്മാരുമാക്കിയാണ് നാം പ്രാർത്ഥിക്കേണ്ടത്!

ഇത്തരംസന്ദർശകരോട് പിശാച് മന്ത്രിച്ചത്, ആദരിക്കപ്പെടുന്ന ഈ ഖബറുകൾക്കുള്ളിലെ മഹാന്മാർക്ക് അല്ലാഹു ചില കഴിവുകളും നിയന്ത്രണാധികാരങ്ങളും നൽകി കൂടെ എന്നായിരുന്നു.

ക്രമേണ സന്ദർശകർ ആ ഖബറുകളെ ബഹുമാനിക്കുവാനും, അതിൽ മരിച്ച് കിടക്കുന്നവരെ ഭയപ്പെവാനും, അവരിൽ പ്രതീക്ഷ യർപ്പിക്കുവാനും തുടങ്ങി.

അവസാനം അവരോട് പ്രാർത്ഥിക്കുവാനും, സഹായം തേടുവാനും തുടങ്ങി. ഒപ്പം അവക്ക് മുകളിൽ പള്ളികളും, കുബ്ബകളുമുണ്ടാക്കുവാനും, അവിടെ വിളക്കുകൾ കത്തിക്കുവാനും, പുതപ്പുകൾ കൊണ്ട് മൂടുവാനും, സുജൂദ്, ത്വവാഫ്, അനുഗ്രഹതേട്ടം, തൊട്ട്മുത്തൽ, തീർത്ഥാടനം, ബലിദാനം പോലെയുള്ള ആരാധനകൾ അർപ്പിക്കുവാനും, ഇല്ലാത്ത കറാമത്തുകൾ വ്യാപിപ്പിക്കുവാനും ആരംഭിച്ചു.

അവർ പലകെട്ടുകഥകളും മെനഞ്ഞുണ്ടാക്കി. ഇന്ന സ്ത്രീ അവിടെപോയി പ്രാർത്ഥിച്ചത് കൊണ്ട് അവൾക്ക് ഭർത്താവിനെ ലഭിച്ചു, മറ്റൊരുവൾക്ക് സന്താനം കിട്ടി. 'പരിശുദ്ധ ശൈഖിനെ സന്ദർശിച്ച വന്ന് നിരാശരായി മടങ്ങേണ്ടിവരില്ല' എന്നു പലരും പലവുരു പറഞ്ഞു കൊണ്ടിരുന്നു.

ജനങ്ങൾ അല്ലാഹുവിൽ സത്യം ചെയ്യാതെ ശവകുടീരങ്ങളുടെ പേരിൽ സത്യം ചെയ്യുന്നത് എന്ത്കൊണ്ടാണെന്ന് ഒരാൾ ചോദിച്ചപ്പോൾ അദ്ദേഹത്തിന് കിട്ടിയ മറുപടി നമ്മെ ചിന്തിപ്പിക്കേണ്ടതാണ്?

'അല്ലാഹുവിനോട് സത്യം ചെയ്യുന്നതവർ ഇഷ്ടപ്പെടുന്നില്ല, മറിച്ച് ശവകുടീരത്തിൽ മറമാടിയിട്ടുള്ള ശൈഖിൻെറ പേരിൽ സത്യം ചെയ്യുവാനാണവർ ഇഷ്ടപ്പെടുന്നത്' എന്നായിരു ന്നുമറുപടി.

എങ്ങിനെയാണ് അവർ അല്ലാഹുവിനേക്കാളും ശവകുടീരങ്ങളെ മഹത്വപ്പെടുത്തുന്നതെന്ന് നോക്കുക!

ഇങ്ങനെയാണ് കാര്യമെങ്കിൽ, ശവകുടീരാരാധകരും, മണ്ണി നെയും, കല്ലുകളെയും, മരത്തെയും, വിഗ്രഹങ്ങളെയും, മറ്റുവസ്തുക്ക ളെയും ആരാധിക്കുന്നവരും തമ്മിലുള്ള വ്യത്യാസം എന്താണ്? ഒരു വ്യത്യാസവും ഇല്ല. അവിടെയെല്ലാം തന്നെ നമുക്ക് കാണാൻ കഴിയു ന്നത് അല്ലാഹു അല്ലാത്തവരിലുള്ള അവലംബവും, അവരിൽ നിന്ന് ഉപകാരമോ, ഉപദ്രവമോ കിട്ടുമെന്നുള്ള വിശ്വാസവുമാകുന്നു.

ഇവരുടെ അവസ്ഥകൾ തമ്മിൽ എത്ര സാമീപ്യം ഉണ്ടെ ന്ന് “അബൂറജാഅ് അൽ അത്വാരി(റ)” പറയുന്നതിൽ നിന്നും നാം മനസ്സിലാക്കുക.

അദ്ദേഹം പറഞ്ഞു: “ഞങ്ങൾ ജാഹിലിയ്യ കാലഘട്ടത്തിൽ വിഗ്ര ഹങ്ങളെയും, മരങ്ങളെയും, കല്ലുകളെ യും ആരാധിച്ചിരുന്നു. ആരാധ്യനായ കല്ലിന് സാദൃശ്യമുള്ള മറ്റൊരു കല്ല് കണ്ടാൽ കയ്യിലുള്ളതിനെ വലി ച്ചെറിഞ്ഞ് പുതിയതിനെ ദൈവമാക്കുന്നു, ഇനി കല്ല് കണ്ടില്ലെങ്കിൽ മണ്ണ് കുഴച്ച് ആട്ടിൻ പാൽ ഒഴിച്ച് വിഗ്രഹമുണ്ടാക്കി അതിന് ചുറ്റും ഞങ്ങൾ ത്വവാഫ് ചെയ്തിരുന്നു, ഞങ്ങൾ യാത്രകളിൽ ഞങ്ങളുടെ ദൈവത്തെ സഞ്ചിയിലിട്ട് കൂടെ കൊണ്ട് പോകാറുണ്ടായിരുന്നു. ഒ രിക്കൽ യാത്ര പുറപ്പെട്ടപ്പോൾ കൽപ്രതിമയെ സഞ്ചിയിലിട്ട് കൂടെ കൊണ്ടുപോയി. ഭക്ഷണം പാകം ചെയ്യുവാനുള്ള അടുപ്പിന് കല്ല് തികയാതെ വന്നപ്പോൾ ഞങ്ങളുടെ ദൈവത്തെ മൂന്നാമതായി വെച്ച് പാകം ചെയ്തു. ഞങ്ങൾ വിശ്വസിച്ചിരുന്നത് ദൈവത്തെ കൂടി അടുപ്പായി വെച്ചാൽ തീ ഒന്നു കൂടി ചൂടായി കത്തുമെന്നായിരുന്നു.

മറ്റൊരു ദിവസം വിശ്രമത്തിനായി ഇറങ്ങിയപ്പോൾ ഒരാൾ വിളിച്ച് പറയുന്നതായി കേട്ടു, നമ്മുടെ ദൈവം മോഷണം പോയിരിക്കുന്നു, ആയതിനാൽ നിങ്ങളെല്ലാവരും ദൈവത്തെ അന്വേഷിച്ച് പുറപ്പെടുക. ഞങ്ങൾ അതിനെ തിരയുന്നതിനിടയിൽ ഒരാൾ വിളിച്ച് പറയുന്നു. “ഞാനിതാ നിങ്ങളുടെ ദൈവത്തെ കണ്ടെത്തിയിരിക്കുന്നു, അല്ലെങ്കിൽ അതിനോട് സാമ്യമുള്ളതിനെ”. ഞങ്ങൾ അതിനടുത്തെത്തിയ പ്പോഴതാ ജനങ്ങൾ അതിനു ചുറ്റും സുജൂദ് ചെയ്തു കൊണ്ടിരിക്കുന്നു. ഞങ്ങൾ അവിടെ ഒരു ഒട്ടകത്തിനെ ബലിയറുക്കുകയും ചെയ്തു”.

ഇസ്‌ലാമിന്ന് മുമ്പ് അവരുടെ അജ്ഞതയുടെ ആഴം എത്ര വലുതായിരുന്നെന്ന് നാം മനസ്സിലാക്കുക. എന്നാൽ ഇതിലും വലിയ ഗർത്തത്തിലാണ് ഇന്നത്തെ സമൂഹം ജീവിക്കുന്നത്.
അല്ലാഹു തന്നെയാണ് സത്യം, കല്ലിനെ ആരാധിക്കുന്നവരും, ഖബറുകളെ ആരാധിക്കുന്നവരും തമ്മിൽ എന്ത് വ്യത്യാസമാണുള്ളത്?

വിഗ്രഹങ്ങളോട് ആവശ്യപൂർത്തീകരണത്തിന് തേടുന്നും, നുരു മ്പിപ്പോയ എല്ലുകളോട് ആവശ്യപ്പെടുന്നവരും തമ്മിൽ എന്ത് വ്യത്യാസമാണുള്ളത്?

ഖബറുകളെയും, മണ്ണുകളെയും ആരാധിക്കുന്നവർ തമ്മിലുള്ള വ്യത്യാസമെന്ത്?

അതേ, എല്ലാവരും പറയുന്നു: ഞങ്ങൾ അവരെ ആരാധിക്കുന്നത് അവർ മുഖേന അല്ലാഹുവിലേക്ക് സാമീപ്യം ലഭിക്കുവാൻ വേണ്ടിയാണ്.

ഇത് തന്നെയാണ് ഇന്നത്തെ ഖബർ പൂജകരുടെ വാദവും, അവർ മനസ്സിലാക്കേണ്ട ഗൗരവമായ കാര്യം, അവർ വീണിരിക്കുന്നത് അല്ലാഹു ഒരിക്കലും പൊറുത്ത് തരാത്ത ശിർക്കിലാകുന്നു എന്നതാണ്.

*****

# നാല് കുതർക്കവാദങ്ങൾ...

ഒന്ന്:

ഖബറുമായി ബന്ധപ്പെടുകയും, അത് ഉപജീവനമാർഗമായി സ്വീകരിക്കുകയും ചെയ്യുന്നവർ പറയുന്നു: നിങ്ങൾ എന്തിനാണ് ഞങ്ങളുടെമേൽ ഇത്ര കാഠിന്യം കാണിക്കുന്നത്, ഞങ്ങൾ അവരെ ആ രാധിക്കുന്നില്ലല്ലോ, പക്ഷേ, അവിടെ മറമാടപ്പെട്ടിരിക്കുന്നത് സ്വാലിഹീങ്ങളും, പുണ്യാത്മാക്കളുമായതിനാൽ അവർക്ക് അല്ലാഹുവിൻെറയടുത്ത് ഉന്നതസ്ഥാനവും, പ്രതാപവുമുണ്ട്, അവർ അല്ലാ

ഹുവിൻെറയടുത്ത് ഞങ്ങൾക്ക് ശുപാർശ ചെയ്യുന്നവരാണ് ഇതാണ് ഞങ്ങൾ വിശ്വസിക്കുന്നത്. അതല്ലാതെ അവരെ ആരാധിക്കുന്നില്ല.

ഇതു തന്നെയാണ് മക്കാമുശ്രിക്കുകൾ വിഗ്രഹത്തിന് ആരാധനകൾ ചെയ്ത് കൊണ്ടും വാദിച്ചിരുന്നത്. മക്കാ മുശ്രിക്കുകൾ തൗഹീദുർറുബൂബിയ്യ (രക്ഷാകർതൃത്ത്വത്തിലുള്ള ഏകത്വം) അംഗീകരിച്ചിരുന്നു. സൃഷ്ടാവും, അന്നദാതാവും, നിയന്ത്രികനും അല്ലാഹുവാണെന്നും അതിൽ ആർക്കും യാതൊരു പങ്കുമില്ലെന്നും അവർ വിശ്വസിച്ചിരുന്നു. അല്ലാഹു പറയുന്നു:

(قُلْ مَنْ يَرْزُقُكُمْ مِنَ السَّمَاءِ وَالأَرْضِ أَمَّنْ يَمْلِكُ السَّمْعَ وَالأَبْصَارَ وَمَن يُخْرِجُ الحَيَّ مِنَ الميِّتِ وَيُخْرِجُ الميِّتَ مِنَ الحَيِّ وَمَن يُدَبِّرُ الأمْرَ فَسَيَقُولُونَ اللهُ فَقُلْ أَفَلاَ تَتَّقُون) (سورة يونس -٣١)

"പറയുക, ആകാശത്തുനിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നതാരാണ്? അതല്ലെങ്കിൽ കേൾവിയും കാഴ്ചകളും അധീനപ്പെടുത്തുന്നതാരാണ്? ജീവനില്ലാത്തതിൽ നിന്ന് ജീവനുള്ളതും, ജീവനുള്ളതിൽ നിന്ന് ജീവനില്ലാത്തതും പുറപ്പെടുവിക്കുന്നതാരാണ്? കാര്യങ്ങൾ നിയന്ത്രിക്കുന്നതും ആരാണ്? അവർ പറയും: അല്ലാഹു എന്ന്, അപ്പോൾ പറയുക, എന്നിട്ടും നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?" (യൂനുസ് 31)

മക്കാമുശ്രിക്കുകൾ ഈ രൂപത്തിൽ വിശ്വസിച്ചിട്ട് പോലും അല്ലാഹുവിൻെറ പ്രവാചകൻ അവരോട് യുദ്ധം ചെയ്തു, അവരുടെ രക്തവും സമ്പത്തും അനുവദനിയമാക്കി, കാരണം അവർ ആരാധനകളിലുള്ള അല്ലാഹുവിൻെറ ഏകത്വത്തെ അംഗീകരിച്ചിരുന്നില്ല.

അല്ലാഹു അല്ലാത്തവർക്കുള്ള ഇബാദത്തിനെ ഖുർആനിക വ ചനങ്ങളും പ്രവാചക ചര്യയും താക്കീതു ചെയ്തിട്ടുണ്ട്. ഒരാൾ ആരാധനയിൽ സമനയോ പങ്കുകാരനേയോ ഉണ്ടാക്കലാണ് (അത് ബിംബമാകട്ടെ, ശിലയാകട്ടെ, നബിയോ വലിയോ, ഖബറോ എന്തുമാവട്ടെ) ശിർക്ക് എന്ന് അവ വിവരിച്ചിട്ടുണ്ട്.

അതെ, അല്ലാഹുവിന്ന് മാത്രം പ്രത്യേകമാക്കപ്പെട്ട ആരാധനയുടെ എന്തെങ്കിലും വിഗ്രഹങ്ങൾ

ക്കോ, മറ്റുള്ളവർക്കോ നാം അർപ്പിച്ചാൽ അത് തന്നെയാണ് ശിർക്ക്, അത് ഇന്നത്തെപോലെ ഖബറിന്റെ പേരിലാകട്ടെ, വലിയ്യിന്റെ പേരിലാവട്ടെ, മഹാത്മാക്കളുടെ പേരിലാകട്ടെ, ആരുടെ പേരിലായിരുന്നാലും ശരി അത് ശിർക്കാകുന്നു.

അല്ലാഹുവിന്ന് കൂട്ടുകാരനോ, സന്താനമോ ഉണ്ടെന്ന് വാദിച്ചാൽ അവന്റെ വിധി ഇന്നത്തെ കൃസ്ത്യാനികളെ പോലെ തന്നെയാണ്. അവരിൽ കൃസ്ത്യാനികളുടെ മേൽ ഇറങ്ങിയ ആയത്തുകൾ നാം നടപ്പിലാക്കേണ്ടതുമാണ്. അവർ സ്വയം കൃസ്ത്യാനികളാണെന്ന് പറഞ്ഞിട്ടില്ലെങ്കിലും. ഇത്പോലെ തന്നെയാണ് ഇന്നത്തെ ഖബറിനെ പൂജിക്കുന്നവരും, ആരാധിക്കുന്നവരും.

രണ്ട്:

പകൽ നോമ്പനുഷ്ഠിച്ചും രാത്രിയിൽ കണ്ണീർ പൊഴിച്ച് ആ രാധനകളിൽ മുഴുകിയും, അങ്ങിനെ അല്ലാഹുവിങ്കൽ ഉന്നത സ്ഥാനം നേടിയും ജീവിച്ചു മരിച്ചു പോയ സ്വാലിഹീങ്ങളെ അല്ലാഹുവിങ്കൽ നിന്നും ശുപാർശ കിട്ടാനായി മധ്യവർത്തികളാക്കുകയാണ് ഞങ്ങൾ ചെയ്യുന്നത്, അവരെ ആരാധിക്കുകയല്ല. എന്ന് പറയുന്നവരുമുണ്ട്.

നമുക്ക് അവരോട് പറയാനുള്ളത്: “അല്ലയോ സമൂഹമേ, അല്ലാഹുവിനോട് പ്രാർത്ഥിക്കുക, അവനോട് സഹായം തേടുക, അവ നിൽ പരിപൂർണമായി വിശ്വസിക്കുക, കാരണം അല്ലാഹുവിലേക്ക് ശുപാർശക്കാരെ വെക്കുന്നതും, അവരോട് സഹായം തേടുന്നതും അല്ലാഹു ശിർക്കെന്നാണ് പ്രയോഗിച്ചിരിക്കുന്നത്. അല്ലാഹു പറയുന്നു:

(وَيَعْبُدُونَ مِنْ دُونِ اللهَّ مَا لاَ يَضُرُّهُمْ وَلاَ يَنْفَعُهُمْ وَيَقُولُونَ هَؤُلاَءِ شُفَعَاؤُنَا عِنْدَ اللهَّ قُلْ أَتُنَبِّئُونَ اللهَّ بِمَا لاَ يَعْلَمُ فِي السَّموَاتِ ولاَ فِي الأَرْضِ سُبْحَانَهُ وَتَعَالَى عَمَّا يُشْرِكُونَ) (سورة يونس :١٨)

“അല്ലാഹുവിന് പുറമേ, അവർക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാത്തതിനെ അവർ ആരാധിച്ച് കൊണ്ടിരിക്കുന്നു. ഇവർ (ആരാധ്യർ) അല്ലാഹുവിന്റെയടുക്കൽ ഞങ്ങൾക്കുള്ള ശുപാർശക്കാരാണ് എന്ന് പറയുകയും ചെയ്യുന്നു, (നബിയെ), പറയുക, ആകാശങ്ങളിലോ, ഭൂമിയിലോ ഉള്ളതായി

അല്ലാഹുവിന്നറിയാത്ത വല്ലകാര്യവും നിങ്ങളവന്ന് അ റിയിച്ച് കൊടുക്കുകയാണോ? അല്ലാഹു അവർ പങ്കുചേർക്കുന്നതിൽ നിന്നെല്ലാം എത്രയോ പരിശുദ്ധനും ഉന്നതനുമായിരിക്കുന്നു," (യൂനുസ്:18)

നമുക്കവരോട് വീണ്ടും പറയാം: "ഞങ്ങളും നിങ്ങളെ പോലെ വിശ്വസിക്കുന്നവരാണ്... അമ്പിയക്കൾക്കും ഔലിയാക്കൾക്കും ശപാഅത്തിനുള്ള അവസരം നൽകിയിട്ടുണ്ട്... കാരണം അവർ അല്ലാഹുവി നോടേറ്റവും അടുത്തവരാണ്... പക്ഷേ, നമ്മുടെ റബ്ബ് അവരോട് പ്രാർത്ഥിക്കുന്നതിനെയും, സഹായം ചോദിക്കുന്നതിനേയും വിലക്കിയിട്ടുണ്ട്.

അതെ, പ്രവാചകന്മാർക്കും, ഔലിയാക്കൾക്കും, രക്തസാക്ഷികൾക്കും ശുപാർശക്കുള്ള അവസരം ഉണ്ടെന്നുള്ളത് ശരി തന്നെയാണ്. പക്ഷേ, തങ്ങൾ ആഗ്രഹിക്കുന്നവർക്ക് ശുപാർശ നൽകുവാനും, ഉദ്ദേശിക്കാത്തവർക്ക് നൽകാതിരിക്കുവാനുമുള്ള അധികാരം അവരുടെ കൈകളിലല്ല, മറിച്ച് അല്ലാഹുവിൻെറ അനുമതിപ്രകാരം അവൻ ഉദ്ദേശിക്കുന്ന ആളുകൾക്ക് മാത്രമെ ശുപാർശ ചെയ്യുവാൻ അവർക്ക് അധികാരമുള്ളൂ.

മൂന്ന്:

ഖബറുകൊണ്ട് ഉപജീവനം നടത്തുന്ന ചിലർ പറയുന്നു: "പൗരാണികരും, ആധുനികരുമായിട്ടുള്ള ധാരാളമാളുകൾ ഖബറുകളെ പള്ളികളാക്കുകയും, അവിടെ ഖുബ്ബകൾ നിർമ്മിച്ച്, പ്രാർത്ഥനകളും, വഴിപാടുകളും അർപ്പിക്കുകയും ചെയ്തിരുന്നു അവരെല്ലാം വഴിപിഴച്ചവരും നിങ്ങൾ മാത്രം സത്യത്തിൻെറ ആളുകളുമാണെന്ന് പറയുന്നത് വിചിത്രമല്ലേ?".

ഇവരോട് നമുക്ക് പറയാം: "നാം മുമ്പ് സൂചിപ്പിച്ചത്പോലെ അധിക ശവകുടീരങ്ങളും, ഖബറുക ളും പച്ചകള്ളമായി കെട്ടിയുണ്ടാക്കിയതും, അതിലേക്ക് ചേർത്തി പറയുന്ന അധികമാളുകളും ജിവിക്കുകപോലും ചെയ്യാത്ത വരുമാണ്. മാത്രമല്ല, ഖബറിന്മേൽ കെട്ടിട മുണ്ടാക്കുന്നതും, അവിടെ വെച്ച് പ്രാർത്ഥിക്കുന്നതും വെറുക്കപ്പെട്ട ബി ദ്അത്താണ്. എന്നാൽ ഖബറാളികളോട് പ്രാർത്ഥിച്ചാൽ അത് ശിർക്കു മാണ്. നബി(ﷺ) പറയുന്നു: "ജൂതക്രൈസ്തവരെ

അല്ലാഹു ശപിച്ചി രിക്കുന്നു, അവർ അവരുടെ പ്രവാചകന്മാരുടെ ഖബ്റുകളെ പള്ളിക ളാക്കിയിരിക്കുന്നു, അവർ ചെയ്തതിനെ തൊട്ട് താക്കീത് നൽകിയിരിക്കുന്നു" (ബുഖാരി, മുസ്ലിം)

നാല്:

മസ്ജിദുന്നബവിയിൽ നബി(ﷺ)യുടെ ഖബ്റുണ്ടല്ലോ, അതിനെ ആരും എതിർത്തിട്ടില്ലല്ലോ? അങ്ങിനെ ചെയ്യുന്നത് നിഷിദ്ധമാണെങ്കിൽ അവിടെ മറമാടപ്പെടുകയില്ലല്ലോ? മാത്രമല്ല നബി(ﷺ)യുടെ ഖബ്റിന് മുകളിൽ ഖുബ്ബയും കെട്ടിയുണ്ടാക്കിയിട്ടുണ്ടല്ലോ?എന്ന്പറഞ്ഞ്കൊണ്ട് പിശാച് ചില യാളുകളിൽ വസ്വാ സുണ്ടാക്കിയേക്കാം.

ഉത്തരം:

പ്രവാചകൻ(ﷺ)യെ മറമാടിയിട്ടുള്ളത് അദ്ദേഹം മരിച്ചിടത്തുതന്നെയാണ്. ഹദീസുകളിൽ വന്നത് പ്രകാരം, അമ്പിയാക്കൾ ഖബ്റടക്കപ്പെടേണ്ടത് അവർ മരിച്ച സ്ഥലങ്ങളിലാണ്. നബി(ﷺ)യെ ആയിശ(رضي الله عنها) വിന്റെ മുറിയിലാണ് ഖബ്റടക്കിയത്... പള്ളിയിലല്ല... ഇതാണാദ്യം മനസ്സിലാക്കേണ്ടത്.

ജനങ്ങൾ, തങ്ങൾക്കു ശേഷം പ്രവാചക ഖബ്റിനെ പള്ളിയാക്കാതിരിക്കാനായി സ്വഹാബികൾ رضي الله عنهم തിരുമേനിﷺയെ ആയിശ(رضي الله عنها)യുടെ റൂമിൽ ഖബ്റടക്കുക യാണ് ചെയ്തത്. ആയിശാ(رضي الله عنها) പറയുന്നു: "നബി(ﷺ) മരിക്കുന്നതിന്റെ തൊട്ട് മുമ്പ് ബാധിച്ച രോഗശയ്യയിൽ കിടന്ന് പറയുകയുണ്ടായി: "ജൂതക്രൈസ്തവരെ അല്ലാഹു ശപിച്ചിരിക്കുന്നു, അവർ അവരുടെ പ്രവാചകന്മാരുടെ ഖബ്റുകളെ പള്ളികളാക്കിയിരിക്കുന്നു, ആഇശാ(رضي الله عنها) പറയുന്നു: ഇത് ഭയപ്പെട്ടിട്ടില്ലായിരുന്നെങ്കിൽ നബി(ﷺ)യുടെ ഖബ്റിനെ മറയ്ക്കാതെ തുറന്നിടുമായിരുന്നു," (ബുഖാരി, മുസ്ലിം)

അതെ, നബി(ﷺ)യെ മറമാടിയത് ആഇശാ(رضي الله عنها)യുടെ വീട്ടിലാണ്. ആവീട് കിഴക്ക് ഭാഗത്ത് പള്ളിയോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നത്, കാലം കടന്ന്പോയി, ജനങ്ങൾ വർദ്ധിച്ച് കൊണ്ടേയിരുന്നു, സ്വഹാബികൾ പള്ളി പല ഭാഗങ്ങളിലേക്കും വികസിപ്പിച്ചു. ഖബ്റുള്ള ഭാഗം മാത്രം വികസിപ്പിച്ചില്ല, പടിഞ്ഞാറും, തെക്കും, വടക്കും പള്ളി വി

കസിപ്പിച്ചു, കിഴക്ക് മാത്രം വികസിപ്പിച്ചില്ല കാരണം ഖബർ അവർക്കതിന് തടസ്സമായിരുന്നു.

ഹിജ്റ 88 ൽ (നബി(ﷺ)മരിച്ച് 77 വർഷത്തിന് ശേഷം) മദീനയിലുണ്ടായിരുന്ന അധിക സ്വഹാബികളും മരിച്ച് കഴിഞ്ഞതിന് ശേഷം, ഖലീഫ “വലീദ്ബ്നു അബ്ദുൽ മലിക്” പള്ളിയുടെ വികസനത്തി ന്വേണ്ടി പള്ളി പൊളിക്കുവാനും, എല്ലാ ഭാഗത്തും പള്ളിവികസിപ്പിക്കു വാനും കൽപിക്കുകയും, നബി(ﷺ) യുടെ ഭാര്യമാരുടെ വീടുകളും പള്ളിയിലേക്ക് കൂട്ടിചേർക്കുവാനും കൽപിച്ചു. കിഴക്ക് ഭാഗത്ത് വികസിപ്പിച്ചപ്പോൾ ആയിശാ(رضي الله عنها)യുടെ റൂമായിരുന്ന, നബി(ﷺ)യുടെ ഖബറുണ്ടായിരുന്ന സ്ഥലവും പള്ളിക്കുള്ളിൽ വന്നു. (അർറദ്ദ് അൽ അഖ്നാ ഇ- പേജ് 184, മജ്മൂഹ് അൽഫതാവ- വാള്യം 27, പേജ്: 323, താരീഖ് ഇബ്നുകഥീർ വാള്യം: 9 പേജ്: 74) ഇതാണ് യാഥാർത്ഥ്യം.

*****

“ഇതാണ് പള്ളിയുടെയും, ഖബറിൻെറയും അവസ്ഥയും, യാഥാർത്ഥ്യവും.”

സ്വഹാബികൾക്ക് ശേഷം സംഭവിച്ച ഒരു കാര്യം ചൂണ്ടികാ ണിച്ച് കൊണ്ട് തെളിവ് പിടിക്കുവാൻ ആർക്കും തന്നെ ഇസ്ലാമിൽ അധികാരമില്ല. കാരണം ഖബർ പള്ളിയിൽ കൂട്ടി ചേർത്തത് ശരിയായ ഹദീസിനും സലഫുസ്വാലിഹീങ്ങളുടെ ചര്യക്കുമെതിരാണ്. ‘വലിദ് ബ്നു അബ്ദുൽ മലികി’ന് തെറ്റ് സംഭവിച്ചു (അല്ലാഹു അദ്ദേഹത്തിനത് പൊറുത്ത് കൊടുക്കുട്ടെ) കാരണം നബി(ﷺ) അത് വിലക്കിയിട്ടുണ്ട്, യഥാർത്ഥത്തിൽ സ്വഹാബികൾ ചെയ്തത് പോലെ ഖബറില്ലാത്ത ഭാഗം മാത്രമേ വികസിപ്പിക്കുവാൻ പാടുണ്ടായിരുന്നുള്ളൂ.

ഖബറിന് മുകളിലുള്ള ഖുബ്ബയുടെ അവസ്ഥയും ഇങ്ങിനെ തന്നെയാണ്. അത് നിർമ്മിച്ചത് സ്വഹാബികളോ, ത്വബിഉകളോ, ത്വാബിഉത്താബിഉകളോ, പ്രവാചകൻെറ സമുദായത്തിൽ പെട്ട പണ്ഡിതന്മാരോ ആയിരുന്നില്ല, ഹിജ്റ 678 –ൽ തുർക്കീ രാജാക്കന്മാരിൽ പെട്ട മൻസൂർ രാജാവെന്ന പേരിൽ പ്രസിദ്ധിയാർജിച്ച “ഖലാവൂൻ സ്വാലിഹി” ആണ് ഖുബ്ബ ഉണ്ടാക്കിയത്. (തഹ്ദീറുസ്സാജിദ്- അൽബാനി, പേജ്: 93, സ്വറാഉൽ ബൈനൽ ഹഖഖ് വൽ ബാത്വിൽ- സഅ്ദ് സ്വാദിഖ്, പേജ്: 106, തത്വ്ഹീറുൽ ഇഹ്തിഖാദ്- പേജ്: 43)

# വിളികൾ... വിളികൾ...

ഖബറുമായി ബന്ധപ്പെടുന്നവരോട് പറയട്ടെ: സമൂഹമേ, അല്ലാഹുവിൻെറ വിളിക്ക് നിങ്ങൾ ഉത്തരം നൽകുക, അവനിൽ പൂർണമായി വിശ്വസിക്കുക.
അല്ലാഹു തന്നെയാണ് സത്യം, നിങ്ങൾക്കറിയുമോ സലഫുസ്വലിഹീങ്ങളിൽ ആരെങ്കിലും ഖബറിനെ കുമ്മായം പൂശിയതായിട്ട്? അല്ലാഹുവിൻെറ സൃഷ്ടികളിൽ തൻെറ പ്രതീക്ഷകൾ അർപ്പിച്ചതായിട്ട്? മഖാം മുഖേനയോ, ശവകുടീരങ്ങൾ മുഖേനയോ ശുപാർശ നടത്തിയതായിട്ട്, ഉന്നതനായ രക്ഷിതാവിനെ തൊട്ട് അവർ അജ്ഞരായിരുന്നോ?

സലഫുസ്വലിഹീങ്ങൾ പ്രവാചകൻെറയോ, അഹ്ല് ബൈതിൻെറയോ, സ്വഹാബിമാരുടെയോ, മറ്റുള്ളവരുടേയോ ഖബറിന്നരികിൽ പോയി തങ്ങളുടെ പ്രയാസങ്ങൾ നീക്കുവാനും, ആവശ്യങ്ങൾ നിറവേറ്റാനും വേണ്ടി ആവശ്യപ്പെട്ടതായി നിങ്ങൾക്ക് അറിയാമോ?

അതല്ല, പ്രവാചകന്മാരെക്കാളും, സ്വഹാബികളേക്കാളും, താബിഉകളെക്കാളും അല്ലാഹുവിൻെറയടുത്തേക്ക് വസീല തേടുവാൻ കൂടുതൽ അർഹരാണോ, രിഫാഇയും, മുഹ്യുദ്ധീൻ ശൈഖും, ബദവീ ശൈഖും, ദസൂഖീ ശൈഖും, മറ്റും തുടങ്ങിയ ശൈഖുമാർ എന്ന അഭിപ്രായം നിങ്ങൾക്കുണ്ടോ?

ഉമർ(ﷺ)ൻെറ കാലത്ത് സ്വഹാബികൾ മഴക്ക് ക്ഷാമം ഉണ്ടാ യപ്പോൾ അദ്ദേഹത്തിൻെറയടുത്ത് പോയി പറഞ്ഞു: ഉമർ(ﷺ) അവരെയും കൂട്ടി മഴക്ക് വേണ്ടിയുള്ള നമസ്കാരം നിർവ്വഹിച്ചു. ശേഷം തൻെറ രണ്ട് കൈകളും മേൽപോട്ടുയർത്തികൊണ്ട് പ്രാർത്ഥിച്ചു. "ഞങ്ങളുടെ രക്ഷിതാവേ, പ്രവാചകൻെറ കാലത്ത് ഞങ്ങൾക്ക് ക്ഷാമം പിടിപെട്ടാൽ ഞങ്ങൾ നബി(ﷺ)യോട് പ്രാർത്ഥിക്കുവാൻ പറയുകയും, അദ്ദേഹം പ്രാർത്ഥിക്കുകയും മഴ ലഭിക്കുകയും ചെയ്തിരുന്നു, എന്നാൽ പ്രവാചകൻ ഇന്ന് ജീവിച്ചിരിപ്പില്ലല്ലോ, ആയതിനാൽ ഞങ്ങളിതാ പ്രവാചകൻെറ എളാപ്പയായ അബ്ബാസ്(ﷺ)വിനോട് മഴക്ക്വേണ്ടി പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടുന്നു" എന്നിട്ട് പറഞ്ഞു: "അല്ലയോ അബ്ബാസ് എഴുന്നേൽക്കുക, മഴക്ക്വേണ്ടി പ്രാർത്ഥിക്കുക" അങ്ങിനെ അബ്ബാസ്(ﷺ) എഴുന്നേറ്റ് അല്ലാഹുവിനോട് പ്രാർത്ഥിച്ചു, ജനങ്ങളെല്ലാം തന്നെ ആ മീൻ പറയുകയും ചെയ്തു. അവർ

കരയുകയും, കണ്ണീർ പൊഴിക്കുകയും ചെയ്തു. അവരുടെ മുകളിൽ കാർമേഘം ഉരുണ്ട് കൂടുകയും, മഴ വർഷിക്കുകയും ചെയ്യുന്നത്വരെ അവർ പ്രാർത്ഥിച്ചു.

സ്വഹാബികളെ നാം ശ്രദ്ധിക്കുക, അവരാണ് നമ്മെക്കാൾ മതത്തിൽ കൂടുതൽ അവഗാഹം നേടിയവർ, നബി(ﷺ)യെ നമ്മെക്കാൾ കൂടുതൽ സ്നേഹിച്ചവർ അവരാണ്, എന്നാൽ അവർക്ക് ആവശ്യങ്ങൾ നേരിട്ടപ്പോഴും, പ്രയാസങ്ങൾ ഉണ്ടായപ്പോഴും, അവരാരും പ്രവാചകൻെറ ഖബറിന്നരികിൽ പോയി, 'അല്ലയോ പ്രവാചകരെ', എന്ന് പറഞ്ഞ് പ്രാർത്ഥിച്ചിട്ടില്ല, കാരണം അവർക്കറിയാമായിരുന്നു മരിച്ചവരോ ടുള്ള പ്രാർത്ഥന അനുവദനീയമല്ലായെന്ന്. അത് പ്രവാചകനാകട്ടെ, ഔലിയാ ക്കളാകട്ടെ, ആരുമാകട്ടെ.

ആവശ്യ പൂർത്തീകരണത്തിനും, പ്രായാസങ്ങളിൽ നിന്ന് രക്ഷ കിട്ടുവാനും നല്ല നിലക്ക് അല്ലാഹുവിനോട് പ്രാർത്ഥിക്കാറാണ് പതിവ്.

മഹാ കഷ്ടം! എന്തൊരു കഷ്ടം!! അജ്ഞരായ ജനങ്ങൾ നു രുമ്പി പോയ എല്ലുകളെ പ്രതീക്ഷിച്ച്കൊണ്ട് തിക്കും തിരക്കും കൂട്ടുന്നു, അവിടെ നിന്നും പാപമോചനവും, കരുണയും പ്രതീക്ഷിക്കുന്നു, അതിന് പണ്ഡിതന്മാർ ഓശാന പാടുകയും ചെയ്യുന്നു.

അല്ലയോ സമൂഹമേ, നിങ്ങൾക്ക് നാശമാണ് വരാനുള്ളത്.

നബി(ﷺ) ഒരു കളിതമാശക്ക് വേണ്ടിയാണോ രൂപങ്ങളും, ഫോട്ടോയും നിഷിദ്ധമാക്കിയത്. അതല്ല, മുസ്ലീങ്ങൾ രൂപങ്ങളെയും, ഫോട്ടോകളെയും ആരാധിക്കുകയെന്ന ജാഹിലിയത്തിലേക്ക് തന്നെ തിരിച്ച് പോകുമെന്ന് ഭയപ്പെട്ടത് കൊണ്ടാണോ?

എന്ത് വ്യത്യാസമാണ് രൂപങ്ങളേയും, ചിത്രങ്ങളേയും മഹത്വപ്പെടുത്തുന്നവരും, ഖബറുകളേയും, ശവകുടീരങ്ങളേയും മഹത്വപ്പെടുത്തുന്നവരും തമ്മിലുള്ളത്? എല്ലാവരും ശിർക്കിലേക്ക് നടന്നടുക്കുകയാണ്. അവർ ഏകദൈവ സിദ്ധാന്തത്തെ പാഴാക്കുകയും ചെയ്യുന്നു?

*****

# ശിർക്ക് കടന്ന് വരുന്ന വഴികൾ...

## അല്ലാഹു അല്ലാത്തവരെ കൊണ്ട് സത്യം ചെയ്യൽ.

കഅബ, അമാനത്ത്, മാന്യത, ഒരാളുടെ ബർകത്ത്, ഒരാളുടെ ജീവിതം, നബിയുടെ ജാഹ്, വലിയ്യിൻെറ ജാഹ്, മാതാപിതാക്കൾ എന്നിവകൊണ്ടെല്ലാം സത്യം ചെയ്യൽ നിഷിദ്ധമാണ്, കാരണം, സത്യം ചെയ്യൽ മഹത്വപ്പെടുത്തലാണ്, അത് അല്ലാഹുവിനെയല്ലാതെ പാടില്ല.

അഹ്മദ്ബ്നുഉമർ(ﷺ)ൽ നിന്ന് ഉദ്ധരിക്കുന്നു, “ആരെങ്കിലും അല്ലാഹുവിനെ കൊണ്ടല്ലാതെ സത്യം ചെയ്താൽ അവൻ ശിർക്ക് ചെയ്തു” നബി(ﷺ) പറഞ്ഞു: “ആരെങ്കിലും സത്യം ചെയ്യുകയാണെങ്കിൽ അല്ലാഹുവിനെ കൊണ്ട് സത്യം ചെയ്യട്ടെ, അല്ലെങ്കിൽ നിശബ്ദനായിരിക്കട്ടെ”

ഇനി സത്യം ചെയ്യപ്പെട്ടവൻെറ മഹത്വം അല്ലാഹുവിൻെറ മഹത്വത്തെ പോലെയാണ്. എന്ന് വിശ്വസിച്ച്കൊണ്ട് ആരെങ്കിലും സത്യം ചെയ്താൽ അത്വലിയ ശിർക്കാകുന്നു ഇനി സത്യം ചെയ്യപ്പെട്ട വൻ അല്ലാഹുവിനെ അപേക്ഷിച്ച് അവൻെറ മഹത്വം കുറവാണെന്ന് വിശ്വസിച്ചാൽ അത് ചെറിയ ശിർക്കാകുന്നു, ഇങ്ങനെ ആരുടെയെങ്കിലും നാവിൽനിന്ന് ഉദ്ധേശം കൂടാതെ അറിയാതെ വന്നാൽ അതിന്നുള്ള പശ്ചാതാപം (لا إله إلا الله) എന്ന കലിമ ഉച്ചരിക്കലാണ്. ബുഖാരി ഇമാം ഉദ്ധരിച്ചത് പോലെ, നബി(ﷺ) പറയുന്നു: “ആരെങ്കിലും ലാത്തയുടെയോ, ഉസ്സയുടെയോ പേരിൽ സത്യം ചെയ്താൽ അവൻ (لا إله إلا الله) എന്ന് പറയട്ടെ” ചിലയാളുകളുടെ നാവിൻ തുമ്പിൽ ഇപ്രകാരത്തിലുള്ള സത്യവചനങ്ങൾ അറിയാതെ കടന്ന്വരും, അങ്ങനെയുള്ളവർ അതില്ലാതാക്കുവാൻ ശ്രമിക്കേണ്ടതാണ്.

മറ്റുചിലർ അല്ലാഹുവിൻെറ പേരിൽ കള്ളസത്യം ചെയ്യുന്നു, എന്നാൽ ശൈഖിൻെറ പേരിൽ കള്ളസത്യം ചെയ്യുവാൻ അവർ ഭയപ്പെടുകയും ചെയ്യുന്നു. എന്തൊരു

കഷ്ടമാകുന്നു ഇത്. ചിലരുടെ നാവിൽ നിന്നും പെട്ടെന്ന് വരുന്ന ചില ശിർക്കിന്റെ വചനങ്ങളാകുന്നു താഴെ പറയുന്നത്: “അല്ലാഹുവും, നീയും ഉദ്ധേശിച്ചത്”, “അല്ലാഹുവും നീയും ഇല്ലായിരുന്നെങ്കിൽ”, “എനിക്ക് അല്ലാഹുവും നീയുമല്ലാതെ ആരുമില്ല, ഇത് അല്ലാഹുവിന്റെയും നിന്റെയും ബർ ക്കത്ത് കൊണ്ടാകുന്നു” എന്നിങ്ങനെ. ഒരു മുസ്‌ലിമിന് ഇവ്വിധം പറയുവാൻ പാടില്ല യഥാർത്ഥത്തിൽ അനുവദനീയമായത് “അല്ലാഹു ഉദ്ധേശിച്ചതും, പിന്നെ നീ ഉദ്ധേശിച്ചതും” “അല്ലാഹുവും, പിന്നെ നീയും ഇല്ലായിരുന്നെങ്കിൽ” എന്നിങ്ങനെയാകുന്നു പറയേണ്ടത്.

*****

## ഐക്കല്ല് കെട്ടൽ.

കണ്ണേറിനെ ഭയപ്പെട്ട്കൊണ്ടും, മറ്റു ഉപദ്രവങ്ങളിൽ നിന്നും രക്ഷകിട്ടുവാൻ വേണ്ടി ഐക്കല്ലുകളോ, ഏലസ്സുകളോ, വളയങ്ങളോ, ഈയിനത്തിൽപെട്ട മറ്റുവല്ലതുമോ, തങ്ങൾ ഉദ്ധേശിക്കുന്ന കാര്യങ്ങൾ നേടിതരുവാനുള്ള കാരണങ്ങളാണെന്നുള്ള വിശ്വാസത്തോടെ കെട്ടിയാൽ അത് ചെറിയ ശിർക്കിൽ പെട്ടതാകുന്നു.

ഇവയെല്ലാം തന്നെ സ്വയം തന്നെ ഉപദ്രവങ്ങൾ തടുക്കുകയും, ഉപകാരങ്ങൾ ചെയ്യുകയും ചെയ്യുമെന്ന വിശ്വാസത്തോടെയാണ് ധരിക്കുന്നതെങ്കിൽ അത് വലിയ ശിർക്കിൽ പെട്ടതായി തീരുന്നു. കാരണം ഇത് അല്ലാഹുവല്ലാത്തവരെ അവലംബിക്കലാകുന്നു. അത്പോലെ അല്ലാഹുവിനോട് കൂടെ പ്രാപഞ്ചിക കാര്യങ്ങളിൽ സ്വാധീനം ചെലുത്തുവാൻ കഴിവുള്ളവരാണ് ഈ പറയപ്പെട്ട കാര്യങ്ങളെല്ലാം എന്ന് അംഗീകരിക്കലാകുന്നു. ഇത് വിശ്വസിക്ക് ചേർന്നതല്ല.

## ഐക്കല്ലുകൾ രണ്ട് വിധം:

ഒന്ന്:

ഖുർആനിൽ പെട്ടത്, ഒരാൾ ഖുർആനിലെ ചില ആയത്തുകൾ എഴുതി സ്വർണ്ണത്തിലോ, തോലിലോ, മെഴുക് പുരട്ടിയ തുണിശീലയിലോ പൊതിയുന്നു ഇത് അനുവദനീയമല്ല, കാരണം നബി(ﷺ) അങ്ങിനെ ചെയ്തതായി ആരിൽ നിന്നും

ഉദ്ധരിക്കപ്പെട്ടിട്ടില്ല. ഇങ്ങനെ ചെയ്ത്കൊണ്ട് സമ്പാദിക്കുന്ന സമ്പത്ത് നിഷിദ്ധമാണ്. അവൻ തിന്നുന്നത് നരകത്തിലെ തീയാകുന്നു, ഗൗരവ പൂർവ്വം ചിന്തിക്കുക.

രണ്ട്:

ഖുർആനല്ലാത്തത് കൊണ്ട്, ജിന്നുകളുടെ പേരുകളും, സിഹ്റിൻെറ വരകളും, കുറികളും, പലപല അറബി അക്ഷരങ്ങൾ തിരിച്ചും മറിച്ചും പല രൂപത്തിലുള്ള കള്ളികളിൽ എഴുതുക പോലെയുള്ളത്, ഇത് വലിയ ശിർക്കാകുന്നു, അല്ലാഹു നമ്മെ അതിൽ നിന്ന് രക്ഷപ്പെടുത്തുമാറാവട്ടെ, ആമീൻ,

സ്വഹാബികളിൽ പ്രമുഖനായ ഇബ്നു മസഊദ്(ﷺ) പറയു ന്നു: "ആരെങ്കിലും ഒരാളിൽ നിന്നും ഐക്കല്ല് പൊട്ടിച്ച് വലിച്ചെറിഞ്ഞാൽ, അവൻ അല്ലാഹുവിൻെറയടുത്ത് ഒരു അടിമയെ മോചിപ്പിച്ച പോ ലെയാകുന്നു,"

ഹുദൈഫതുൽയമാനി(ﷺ) ഒരാളുടെ കയ്യിന്മേൽ മഞ്ഞനിറത്തിലുള്ള ഒരു ഇരുമ്പിൻെറ വളയം കണ്ടപ്പോൾ ചോദിച്ചു, ഇതെന്താകുന്നു,? അദ്ദേഹം പറഞ്ഞു: "ഇത് ഒരു രോഗത്തിന് വേണ്ടി കെട്ടിയതാകുന്നു" അപ്പോൾ ഹുദൈഫ പറഞ്ഞു: "അത് ഊരി വലിച്ചെറിയുക, അത് നിനക്ക് രോഗം വർദ്ധിപ്പിക്കുകയേ ചെയ്യുകയുള്ളൂ, നീ അത് കയ്യിൽ കെട്ടിയ രൂപത്തിൽ മരണപ്പെട്ടാൽ ഒരിക്കലും നീ വിജയിക്കുകയില്ല"

ഇപ്രകാരമാണ് മന്ത്രവും, ഇത് രോഗിയുടെ ശരീരത്തിലേക്ക് ദിക്റുകളും, മന്ത്രങ്ങളുമുച്ചരിച്ച്കൊണ്ട് ഊതലാകുന്നു, മന്ത്രത്തിൽ അനുവദനീയമായത് അല്ലാഹുവിൻെറ കലാമായ ഖുർആനും, അവൻെറ നാമവിശേഷണങ്ങളും ഉരുവിട്ട് കൊണ്ട് ശരീരത്തിലേക്ക് ഊതലാണ്, ഉദാഹരണമായി: സൂറത്തുൽ ഫാതിഹയും, നാസും, ഫലഖും നബിചര്യയിൽ സ്ഥിരപ്പെട്ട പ്രാർത്ഥനകളും രോഗിയുടെ മേൽ ഓതുന്നത് പോലെ.

എന്നാൽ ജിന്നുകളുടെ പേരുകളും, മലക്കുകളുടെ പേരുകളും, പ്രവാചകന്മാരുടെ പേരുകളും, സ്വലിഈങ്ങളുടെ പേരുകളും ഉരുവിട്ട് കൊണ്ട് രോഗിയുടെ മേൽ ഓതുന്നത് വലിയ ശിർക്കിൽ പെട്ടതാകുന്നു.

മന്ത്രത്തിൻെറ രൂപം:

മേൽ പറയപ്പെട്ട ഖുർആൻ വാക്യങ്ങൾ ഓതി രോഗിയുടെ മേൽ ഊതുക, അത്പോലെ രോഗി സ്വയം ഓതികൊണ്ട് വെള്ളത്തിൽ ഊതി രോഗി തന്നെ കുടിക്കുക.

*****

## അദൃശ്യകാര്യം അറിയുമെന്ന വാദം.

അദൃശ്യകാര്യം അല്ലാഹുവല്ലാതെ ആരും അറിയുകയില്ല. അല്ലാഹു പറയുന്നു:

(قُلْ لاَ يَعْلَمُ مَنْ فِي السَّمَوَاتِ وَالأَرْضِ الْغَيْبَ إِلاَ اللهُ) (سورة النمل : ٦٥)

(നബിയെ) പറയുക, ആകാശഭൂമികളിൽ അദൃശ്യം അല്ലാഹുവല്ലാതെ ആരും അറിയുകയില്ല) അന്നംല്- 65

അല്ലാഹുവല്ലാതെ ആർക്കും തന്നെ ഒരു അദൃശ്യവും അറിയു വാൻ സാധ്യമല്ല, അത് അല്ലാഹുവിനോട് വളരെ അടുത്ത മലക്കാകട്ടെ, പ്രവാചകന്മാരാവട്ടെ, വലിയ്യാവട്ടെ, കൂടുതൽ ആരാധന ചെയ്യുന്ന വനാകട്ടെ, പിൻപറ്റുന്ന ഇമാമാവട്ടെ, ആരുമാവട്ടെ, ആർക്കും മറഞ്ഞ കാര്യം അറിയുകയില്ല, അല്ലാഹുവല്ലാതെ അദൃശ്യകാര്യങ്ങൾ അറി യുന്നവർ ആരുമില്ല.

എന്നാൽ അല്ലാഹു അവൻെറ പ്രവാചകന്മാർക്ക് വഹ്‌യ് മുഖേന അറിയിച്ച് കൊടുക്കുന്നത് അറിയുന്നതാണ്. അങ്ങിനെ അല്ലാഹു അറിയിച്ച് കൊടുത്തതിൻെറ അടിസ്ഥാനത്തിൽ പ്രവാചകൻ അവിശ്വാസികളുടെ കുതന്ത്രങ്ങളും, അന്ത്യനാളിൻെറ അടയാളങ്ങളും അത് പോലുള്ള കാര്യങ്ങളും നമുക്ക് വിശദീകരിച്ചുതന്നിട്ടുണ്ട്.

ഇനി ആരെങ്കിലും കൈരേഖ നോക്കി കൊണ്ടോ, മഷിയിട്ട് കൊണ്ടോ, നക്ഷത്രങ്ങളെ അവലംബിച്ച് കൊണ്ടോ, മാരണം ചെയ്തു കൊണ്ടോ, ജ്യോൽസ്യപണി ചെയ്ത് കൊണ്ടോ മറ്റു ഏതെങ്കിലും മാർഗ്ഗം അവലംബിച്ച് കൊണ്ടോ അദൃശ്യം അറിയുമെന്ന് വാദിച്ചാൽ അവൻ കള്ളനും അവിശ്വാ സിയുമാകുന്നു. എന്നാൽ ചില കൈനോട്ടക്കാരിൽ നിന്നും, ജ്യോൽസ്യന്മാരിൽ നിന്നും, പെരും കള്ളന്മാരിൽ നിന്നും ലഭിക്കുന്ന ചില മറഞ്ഞവാർത്തകളും, നഷ്ടപ്പെട്ട സാധനത്തെ സംഭവിച്ചുള്ള വാർത്തകളും, ചില രോഗങ്ങളുടെ കാരണങ്ങളും ലഭിക്കുന്നത് ജിന്നുകളെയും, പിശാചുക്കളെയും സേവിച്ചത് കൊണ്ടാകുന്നു.

അത്പോലെ ചില ദുർബ്ബല വിശ്വാസികൾ തങ്ങളുടെ ഭാവി കാര്യങ്ങൾ അറിയുവാനും, വിവാഹത്തെപറ്റി അറിയുവാനും വേണ്ടി ജ്യോൽസ്യന്മാരെ സമീപിക്കുന്നത് കാണാം ഇത് നിഷിദ്ധമാണ്. അദൃശ്യ കാര്യം അറിയുമെന്ന് വാദിക്കുന്നവനും, അങ്ങിനെ അറിയിച്ച് തരുന്നതിൽ വിശ്വസിക്കുന്നവനും മുശ്‌രിക്കുകളും, അവിശ്വസികളുമാണ്.

മാസികകളിലും, പത്രങ്ങളിലും വരുന്ന വാരഫലങ്ങളും, ഭാവി പ്രവചനങ്ങളിലും മറ്റും വിശ്വസിക്കുന്നതും, ഫോൺ മുഖേന അദൃശ്യ കാര്യങ്ങൾ അറിയുമെന്ന വാദമുള്ള ആളുകളുമായി ബന്ധപ്പെടുന്നതും നിഷിദ്ധമായ കാര്യത്തിൽ പെട്ടതാകുന്നു.

*****

## സിഹ്റ്(മാരണം), ജ്യോത്സ്യപ്പണി, കൈരേഖശാസ്ത്രം.

സിഹ്റ് എന്ന് പറഞ്ഞാൽ: ക്ഷുദ്രവിദ്യകൾ, ജപങ്ങൾ, മുട്ടറുക്കൽ, ഹോമങ്ങൾ തുടങ്ങിയവയാകുന്നു, സിഹ്റിന് യാഥാർത്ഥ്യമുണ്ട്, അത് ശരീരത്തെയും, ഹൃദയത്തെയും സ്വാധീനിക്കുകയും ചെയ്യും, അത്കൊണ്ട് രോഗം വരുത്തുവാനും, ഭാര്യ ഭർത്താക്കൾക്കിടയിൽ ഭിന്നത യുണ്ടാക്കുവാനും സാധിക്കും. ഇത് വലിയ വൻപാപങ്ങളിൽ പെട്ടതാണ്.

നബി(ﷺ)പറഞ്ഞു, "നിങ്ങൾ ഏഴ് വൻപാപങ്ങളെ തൊട്ട് വിട്ട് നിൽക്കുക, അവർ ചോദിച്ചു: 'ഏതാകുന്നു അവ?' നബി(ﷺ)പറഞ്ഞു: "അല്ലാഹുവിൽ പങ്ക്ചേർക്കുക, മാരണം ചെയ്യുക... " ഹദീസ്. സിഹ്റ് എന്ന് പറഞ്ഞാൽ, മാരണക്കാരെ സഹായിക്കുവാൻ വേണ്ടി പിശാചിനെ അവലംബിക്കലും, അവരോട് സാമീപ്യം തേടലും, അവരുമായി ബന്ധം സ്ഥാപിക്കലുമാകുന്നു. കൂടാതെ അദൃശ്യ കാര്യം അറിയുമെന്ന വാദവുമുണ്ടതിൽ, ഇതെല്ലാം തന്നെ വഴികേടും, (കുഫ്റ്) അവിശ്വാസ വുമാകുന്നു. അല്ലാഹു പറയുന്നു:

(إِنَّمَا صَنَعُوا كَيْدُ سَاحِرٍ وَلَا يُفْلِحُ السَّاحِرُ حَيْثُ أَتَى) (سورة طه: ٦٩)

"അവരുണ്ടാക്കിയത് ജാലവിദ്യക്കാരൻെറ തന്ത്രം മാത്രമാണ്. ജാല വിദ്യക്കാരൻ എവിടെ ചെന്നാലും വിജയിയാവുകയില്ല." (ത്വാഹാ:69)

മാരണം ചെയ്യുന്നവനെ വധിക്കണമെന്നാണ് ഇസ്ലാമിക ഭരണകൂടമുള്ള രാജ്യത്തെ ഇസ്ലാമിക നിയമം. അപ്രകാരമാണ് സ്വഹാബി(رضي الله عنهم)കളിൽ പെട്ടവർ ചെയ്തത്.

നാം ജീവിക്കുന്ന ചുറ്റുപാടിൽ മുസ്ലീങ്ങളിൽ പെട്ടവർ തന്നെ സിഹിറിൻെറ കാര്യത്തിൽ വളരെയധികം അലംബാവ വും, നിസ്സാരതയും കാണിക്കുന്നത് വളരെ അൽഭുതമുള്ള

കാര്യമാകുന്നു, സിഹ്റ് ചെയ്യുന്നത് ഒരു അഭിമാനവും, അത് ഒരു തൊഴിലുമായി സ്വീകരിക്കുന്ന അവസ്ഥവരെ നമ്മുടെ ഇടയിൽ കണ്ടുവരുന്നത് വളരെ വേദനാ ജനകവും, അങ്ങേയറ്റം ഭയപ്പെടേണ്ടതുമാകുന്നു, അത്പോലെ മാരണം ചെയ്യുന്നയാളുകൾക്ക് സമ്മാനവും, ധനവും നൽകുന്നതും അതിൻെറ വരുതിയിൽ വരുന്നതാകുന്നു, മാത്രമല്ല, ജാലവിദ്യക്ക് വേണ്ടി പരിപാടികളും, മൽസരങ്ങളും സംഘടിപ്പിക്കുകയും, അതിനെ പ്രോൽസാ ഹിപ്പിക്കുകയും, അവർക്ക് ആവേശം നൽകുകയും ചെയ്തു കൊണ്ട് അങ്ങിനെയുള്ള പരിപാടികളിൽ ആയിര കണക്കിനാളുകൾ പങ്കെടുക്കുകയും ചെയ്യുന്നത് വിശ്വസത്തിൽ വന്ന പാളിച്ചയും, വിശ്വാസത്തിൽ എന്തുമാകാം എന്നുമുള്ള അലംബാവവുമാകുന്നു, ഇത് വളരെയധികം നാം കരുതിയിരിക്കേണ്ട ഒരു കാര്യമാണ്, ജുൻദുബ്ബ്നു അബ്ദില്ലാ(ﷺ) ഒരു ജാലവിദ്യക്കാരനെ ചെയ്തത് എത്ര ഗുണപാഠമുള്ളതാണെന്ന് നാം ചിന്തിക്കുക.

അദ്ദേഹം ഒരു ഭരണാധികാരിയുടെ അടുത്ത് പ്രവേശിച്ചപ്പോൾ അവിടെ സിഹ്റ് ചെയ്യുന്നൊരു മാരണക്കാരനെ കണ്ടു, അദ്ദേഹം തൻെറ കയ്യിലുള്ള വാൾ കൊണ്ട് കളിക്കുകയാണ്, ജനങ്ങളെ വാൾ കൊണ്ട് വെട്ടുന്നതായും, പിന്നീട് അദ്ദേഹത്തെ ജീവിപ്പിക്കുന്നതായും തോന്നിപ്പിക്കുകയും ചെയ്യുന്നുണ്ടായിരുന്നു, അബൂദർറ്(ﷺ) അടുത്ത ദിവസവും അവിടേക്ക് ചെന്നു, അദ്ദേഹം തൻെറ തട്ടത്തിന്നുള്ളിൽ വാൾ ഒളിപ്പിച്ച്വെച്ച് ഖലീഫയുടെ അടുത്ത് പ്രവേശിക്കുകയും ചെയ്തു, അതാ അപ്പോഴും ആ മാരണക്കാരൻ തൻെറ വാളുകൊണ്ട് ജനങ്ങളെ കബളിപ്പിക്കുന്നതായി കണ്ടു, അത്കണ്ട് ജനങ്ങൾ വളരെ അൽഭുതപ്പെടുകയും ചെയ്യുന്നുണ്ടായിരുന്നു ജുൻദുബ് അദ്ദേഹത്തോടടുക്കുകയും പെട്ടന്ന് തൻെറ വാൾ ഊരിയെടുത്ത് ആ മാരണക്കാരൻെറ പിരടിയിൽ വെട്ടി രണ്ട് കഷ്ണമാക്കുകയും ചെയ്തു, എന്നിട്ട് ജുൻദുബ് പറഞ്ഞു: "നബി(ﷺ) പറയുന്നതായി ഞാൻ കേട്ടു, "മാരണക്കാരൻെറ വിധി വാള് കൊണ്ട് വെട്ടലാകുന്നു" (ഇത് ഇസ്ലാമിക ഭരണമുള്ള രാ ജ്യത്ത്, ഭരണാധികാരികൾക്ക് മാത്രമെ പാടൊള്ളൂ) പിന്നീട് ആ വീണ് കിടക്കുന്നവനിലേക്ക് തിരിഞ്ഞ് കൊണ്ട് ജുൻദുബ് പറഞ്ഞു: നീ നിന്നെ സ്വയം ജീവിപ്പിക്കുക, നീ നിന്നെ സ്വയം ജീവിപ്പിക്കുക?

നബി(ﷺ) പറഞ്ഞു: "ആരെങ്കിലും ഒരു കൈനോട്ടക്കാരനെ സമീപിക്കുകയും എന്നിട്ട് അയാൾ പറയുന്നത് വിശ്വസിക്കുകയും

ചെയ്താൽ അവൻ മുഹമ്മദ് നബി(ﷺ)ക്ക് ഇറക്കിയതിൽ (ഖുർആനിൽ) അ വിശ്വസിച്ചിരിക്കുന്നു" ഹദീസ്.

ഇങ്ങനെയുള്ള മാരണക്കാരും, കൈനോട്ടക്കാരും, ജോത്സ്യന്മാരും തന്നെ കളിക്കുന്നത് ജനങ്ങളുടെ വിശ്വാസവുമായിട്ടാണെന്ന കാര്യം നാം വളരെ ഗൗരവമായി എടുക്കേണ്ടതാണ്, ഇങ്ങനെയുള്ള വരിൽ ചിലർ പ്രത്യക്ഷപ്പെടുന്നത് ചികിൽസയെന്ന പേരിലാണ്, തുടർന്ന് അവർ അല്ലാഹുവല്ലാത്തവർക്ക് വേണ്ടി അറുക്കുവാനും മറ്റും കൽപിക്കുന്നു, മാത്രമല്ല അറുക്കേണ്ട ആടിൻെറയും കോഴിയുടെയും മറ്റും, വിശേഷണങ്ങളും നിബന്ധനകളും എല്ലാം നിശ്ചയിച്ച് കൊടുക്കുകയും ചെയ്യുന്നു, ചിലപ്പോൾ അവർക്ക് ശിർക്ക് കൂടികലർന്ന തൽസമാത്തിൻെറ എഴുത്തുകളെല്ലാം നൽകുകയും, പിശാചിലേക്ക് അഭയം പ്രാപിക്കുവാൻ കൽപിക്കുകയും, അതെല്ലാം തന്നെ ഒരു പെട്ടിയിലാക്കി കൊണ്ടോ, മറ്റു വല്ല വസ്തുക്കളിലും പൊതിഞ്ഞ് കൊണ്ടോ അവരുടെ ബന്ധുക്കളുടെയടുത്തോ, അവരുടെ വീട്ടിനടുത്തോ കുഴിച്ചിടുവാൻ കൽപിക്കുകയും ചെയ്യുന്നു.

മറ്റു ചിലർ പ്രത്യക്ഷപ്പെടുന്നത് ഔലിയാക്കൾ എന്ന പേരിലാണ്. അവർ ഇല്ലാത്ത കാറാമാത്തുകളും, മറ്റു പ്രവർത്തനങ്ങളും ഊതി വീർപ്പിച്ച് പ്രചരിപ്പിക്കുന്നു, എന്നിട്ട് മായാജാലത്തിലൂടെ തൻെറ ശരീരത്തിൽ വെട്ടുകയും, മറ്റു ചിലർ വാഹനങ്ങളുടെ ടയറിനടിയിൽ കിടക്കുകയും, അവർക്ക് ഒന്നും പറ്റുന്നില്ലെന്ന് വാദിക്കുകയും ചെയ്യുന്നു, അത്പോലെ മറ്റു മായാജാലങ്ങളും പ്രവർത്തനങ്ങളും പ്രവർത്തിക്കുന്നു ഇതെല്ലാം തന്നെ സിഹ്റാകുന്നു (മാരണം), പിശാചിൻെറ പ്രവർത്തനങ്ങളാണ്, അങ്ങിനെ പിശാചിൻെറ പ്രവർത്തനങ്ങൾ അവരുടെ കൈകളിൽകൂടി വരുന്നു, അല്ലാഹുവിനെ ഓർക്കുമ്പോൾ പിശാച് അവിടെ നിന്ന് ഓടിപ്പോകുകയും ചെയ്യുന്നു, ഒരു യുവാവ് പറയുന്നു: ഞാൻ ഒരു യാത്രപോയി, ഒരു നാടക സ്ഥലത്തേക്ക് കടന്ന് ചെന്നു, അവിടെ നടന്നിരുന്ന ഒരു വിനോദത്തിലേക്ക് തൻെറ ദൃഷ്ടികൾ പായിച്ചു, വ്യത്യസ്ഥങ്ങളായ പരിപാടികൾ കണ്ട് കൊണ്ടിരിക്കേ വളരെ അത്ഭുതകരമായി കൊണ്ട് ഒരു സ്ത്രീ ഒരു കയറിലൂടെ അങ്ങോട്ടും ഇങ്ങോട്ടും നടുക്കുന്നത് കണ്ടു. തുടർന്ന് ചുമരിൽ കൈപിടിച്ച് കൊണ്ട് കൊതുകുകളും മറ്റു പ്രാണികളും നടക്കുന്നത് പോലെ ആ ചുമരിൽ കൂടി ആ സ്ത്രീ നടക്കുന്നു, ജനങ്ങൾ വളരെ, വളരെ അൽഭുത കരമായി അത് വീക്ഷിച്ച്

കൊണ്ടിരിക്കുകയാണ്. ഞാൻ (യുവാവ്) സ്വയം പറഞ്ഞു: ഇത് സ്വയം പരിശീലിച്ചാൽ ചെയ്യാൻ കഴിയാത്ത കാര്യമാണ്. ഇത് കണ്ടത് കൊണ്ട് ഞാൻ കുറ്റക്കാരനാകുന്നു, പക്ഷേ, ഞാ ൻ വിശ്വാസിയാണ്. ഇത്പോലുള്ള ഒരുകാര്യവും ഞാൻ ഇഷ്ടപ്പെടുകയില്ല. ഞാൻ എന്താണ് ചെയ്യേണ്ടതെന്ന് ആലോചിച്ച് പോയി, അപ്പോഴാണ് വെള്ളിയാഴ്ചയിലെ ജുമുഅ: ഖുതുബ എനിക്കോർമ്മ വന്നത് അത് മാരണത്തേയും, മാരണക്കാരെയും സംബ്ബന്ധിച്ചായിരുന്നു, അതിൽ ഖതീബ് പറഞ്ഞിരുന്നു, മാരണക്കാർ ഉപയോഗിക്കുന്നത് പിശാചുക്ക ളേയാണ്. അവിടെ അല്ലാഹുവിനെ ഓർക്കുകയാണെങ്കിൽ പിശാചിൻെറ കുതന്ത്രത്തെ അല്ലാഹു തകർക്കുകയും, പിശാചിൻെറ ശക്തി ഇല്ലാതാകുകയും ചെയ്യുന്നതാണ്, അങ്ങിനെ ഞാൻ എൻെറ കസേരയിൽ നിന്നും എഴുന്നേറ്റു, ആ പരിപാടിയുടെ നേരെ നടന്നടുത്തു, ജനങ്ങൾ അൽഭുതപ്പെട്ട് കൊണ്ട് കയ്യടിക്കുകയാകുന്നു, അവർ എന്നെ വളരെ അൽഭുതത്തോടെയാണ് വീക്ഷിക്കുന്നത്, ആ മാരണക്കാരി യുടെ അടുത്തെത്തി അവളിലേക്ക് നോക്കികൊണ്ട് ആയത്തുൽ കുർസി ഓതുവാൻ തുടങ്ങി.

(اللهُ لاَ إِلَهَ إِلاَ هُوَ الحَيُّ الْقَيُّومُ لاَ تَأْخُذُهُ سِنَةٌ وَلاَ نَوْمٌ لَهُ مَا فِي السَّمَوَاتِ وَمَا فِي الأَرْضِ)

ആ സ്ത്രീ വിറക്കുവാൻ തുടങ്ങി, വിറ കൂടി കൂടി വന്നു കൊണ്ടിരുന്നു, ഞാൻ ആയത്തുൽ കുർസി പൂർത്തിയാക്കിയപ്പോൾ അവൾ ഭൂമിയിലേക്ക് ആർത്തലച്ച് വീണ് പിടക്കുവാൻ തുടങ്ങി, ജനങ്ങളാകെ വെപ്രാളപ്പെട്ടു, അവളെ ആശുപത്രിയിലേക്ക് കൊണ്ടുപോയി, ഈ വാക്യം പറഞ്ഞ അല്ലാഹു എത്ര സത്യവാനാകുന്നു, അല്ലാഹു പറയുന്നു:

(إِنَّ كَيْدَ الشَّيْطَانِ كَانَ ضَعِيفًا)( سورة النساء:٧٦)

(وَمَكَرُوا وَمَكَرَ اللهُ وَاللهُ خَيْرُ الْمَاكِرِينَ) (سورة آل عمران : ٥٤)

“തീർച്ചയായും പിശാചിൻെറ കുതന്ത്രങ്ങൾ വളരെ ദുർബ്ബ ലമാകുന്നു” (നിസാഅ്:76) “അവർ (സത്യനിഷേധികൾ) തന്ത്രം പ്രയോഗിച്ചു, അല്ലാഹുവും തന്ത്രം പ്രയോഗിച്ചു, അല്ലാഹു നന്നായി തന്ത്രം പ്രയോഗിക്കുന്നവനാകുന്നു,” (ആലു ഇംറാൻ:54)

## പ്രതിമകൾ സ്ഥാപിക്കൽ:

മനുഷ്യൻെറയോ, മൃഗങ്ങളുടെയോ രൂപങ്ങൾ കൊത്തിയുണ്ടാക്കുകയോ, മറ്റുവല്ല വസ്തുക്കൾ കൊണ്ടോ ഓർമ്മക്ക് വേണ്ടി മഹത്തുക്കളുടെയോ, നേതാക്കളുടെയോ, ഔലിയാക്കളുടെയോ രൂപങ്ങൾ നിർമ്മിച്ച് വല്ല ഗ്രൗണ്ടിലോ, പൂന്തോട്ടങ്ങളിലോ, പൊതുസ്ഥലങ്ങളിലോ നാട്ടുന്നത് നിഷിദ്ധമാകുന്നു. ഭൂമിയിൽ ശിർക്ക് ഉടലെടുത്തത് ഈ ഒറ്റകാരണത്താലാകുന്നു, നൂഹ് നബി(عليه السلام)ൻെറ ജനത അവരുടെ സ്വാലിഹീങ്ങളായവരുടെ രൂപമുണ്ടാക്കി, അധിക കാലം കഴിയുന്നതിന് മുമ്പ് തന്നെ അവർ ആ രൂപങ്ങളെ ആരാധിക്കുവാൻ തുടങ്ങിയ ചരിത്രമാണ് നമുക്ക് കാണാൻ സാധിക്കുന്നത്. അതിനാലാണ് നബി(ﷺ) രൂപങ്ങൾ ഉണ്ടാക്കിവെക്കുന്നതും ഫോട്ടോയെടുത്ത് തൂക്കുന്നതും വി ലക്കിയത്. കാരണം ഇവയെല്ലാം തന്നെ ശിർക്കിലേക്ക് എത്തിക്കുന്ന മർഗ്ഗങ്ങളാകുന്നു. മാത്രമല്ല, ഫോട്ടോ എടുക്കുന്നവരെ നബി(ﷺ) ശപിക്കുകയും ചെയ്തിരിക്കുന്നു. അവരാണ് അവസാനനാളിൽ കൂടുതൽ ശിക്ഷ അനുഭവി ക്കുന്നതെന്ന് അറിയിക്കുകയും ചെയ്തിരിക്കുന്നു. ആയതിനാൽ രൂപങ്ങളെ നശിപ്പിക്കുവാൻ കൽപിക്കുകയും, രൂപങ്ങളും, ഫോട്ടോയും ഉള്ള വീട്ടിലേക്ക് അനുഗ്രഹത്തിൻെറ മലക്കുകൾ വരില്ലായെന്ന് താക്കിത് നൽകുകയും ചെയ്തിട്ടുണ്ട്.

*****

## മധ്യ വർത്തികളെ സ്വീകരിക്കൽ.

നബി(ﷺ)യുടെ ജാഹ് (പ്രതാപം) കൊണ്ടുള്ള ഇടതേട്ടം, ബിദ് അത്തായ ഇടതേട്ടമാകുന്നു, അത്പോലെ സൃഷ്ടികളുടെ ദാത്ത് കൊണ്ടും, അവരുടെ ജാഹ് കൊണ്ടുമുള്ള ഇടതേട്ടവും, മരിച്ച്പോയവരോടുള്ള പ്രാർത്ഥനയും, അവരോടുള്ള ശുപാർ ശയും, അല്ലാഹുവേ, ഇന്ന പ്രവാചകൻെറ ജാഅ് കൊണ്ട് നിന്നോട് ഞാൻ പ്രാർത്ഥിക്കുന്നു, ഇന്നയാളുടെ ഹക്ക്കൊണ്ട്, ഇന്ന മരിച്ചയാളുടെ ബർക്കത്ത് കൊണ്ടും, ആത്മാവ് കൊണ്ടും എന്നിങ്ങനെ പ്രാർത്ഥിക്കലും അനുവദനീയമല്ല, ഒരു മുസ്ലിമിന്ന് ഇതനുവദനീയമല്ല. എന്നാൽ അനുവദിക്കപ്പെട്ടതും, നിയമമാക്ക

പ്പെട്ടതുമായ ഇടതേട്ടമുണ്ട്. അത്, അല്ലാഹുവിലേക്ക് അവൻെറ നാമങ്ങൾകൊണ്ടും, വിശേഷണങ്ങൾ കൊണ്ടും ഇട തേടുക, അല്ലയോ കാരുണ്യവാനായ അല്ലാഹുവേ എനിക്ക് നീ കാരുണ്യം നൽകേണമേ, പാപങ്ങൾ പൊറുക്കുന്ന അല്ലാഹുവേ എൻെറ പാപങ്ങൾ നീ പൊറുത്ത് തരേണമേ, എന്നിങ്ങനെ അല്ലാഹുവിൻെറ നാമങ്ങൾ കൊണ്ട് നിനക്ക് ഇടതേടാം, അത്പോലെ തൻെറ വിശ്വാസം, സൽ പ്രവർത്തനങ്ങൾ എന്നിവ മുൻനിറുത്തി ഇടതേടാം, ഉദാഹരണമായി: അല്ലാഹുവെ നിന്നിലുള്ള എൻെറ വിശ്വസവും, പ്രവാചകന്മാരിലുള്ള വിശ്വാസവും മുൻനിറുത്തി കൊണ്ട് പറയുന്നു, എന്നെ നീ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കേണമേ, എന്നിങ്ങനെ നിനക്ക് പ്രാർത്ഥിക്കാം, അത്പോലെ ജീവിച്ചിരിക്കുന്ന നല്ല സത്യവിശ്വാസികളോട് നമുക്ക് വേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കുവാൻ ആവശ്യ പ്പെടാവുന്നതാണ്. ഒരു മുസ്ലിം തൻെറ സഹോദരന് വേണ്ടി അവൻെറ അസാനിധ്യത്തിൽ പ്രാർത്ഥിച്ചാൽ ആ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്നതാണ്. എന്നാൽ മരിച്ച് പോയവരോടുള്ള പ്രാർത്ഥന അനുവദനീയമല്ല. അത് ശിർക്കിൽ പെട്ടതാകുന്നു.

അല്ലാഹുവിന് മാത്രം അവകാശപ്പെട്ട ആരാധന നാം മറ്റുള്ള വർക്ക് നൽകിയാൽ അല്ലാഹു അത് ഒരിക്കലും പൊറുത്ത് തരികയില്ല. ആയതിനാൽ നാം തൗഹീദെന്താണെന്നും ശിർക്കെന്താണെന്നും വളരെ ഗൗരവമായി പഠിക്കുക. അങ്ങിനെ അല്ലാഹു നമ്മോട് കൽപിച്ച രൂപ ത്തിൽ അവനെ ആരാധിക്കുക, അല്ലാഹു അതിന് നമുക്ക് തൗഫീഖ് ചെയ്യുമാറാവട്ടെ. ആമീൻ.

*****

# അല്ലാഹുവിലുള്ള വിശ്വാസം

എല്ലാ വസ്തുക്കളുടെയും രക്ഷിതാവ് അല്ലാഹുവാണെന്നും, അവനാണ് യഥാർത്ഥത്തിൽ ആരാധനക്കർഹൻ എന്നും വിശ്വസിക്കുക. അവന്ന് ഉന്നതങ്ങളായ ഗുണങ്ങളും, ഭംഗിയുള്ള നാമങ്ങളും ഉണ്ട്, അല്ലാഹു പറയുന്നു:

(لَيْسَ كَمِثْلِهِ شَيْءٌ وَهُوَ السَّمِيعُ الْبَصِيرُ) (سورة الشورى – ١١)

“അവനു തുല്യമായി യാതൊന്നുമില്ല, അവൻ എല്ലാം കാണുന്നവനും, കേൾക്കുന്നവനുമാകുന്നു” (ശൂറാ: 11)

അല്ലാഹു, അവൻ ഉദ്ധേശിക്കുമ്പോൾ, അവൻ ഉദ്ധേശിക്കുന്നത്, അവൻ ഉദ്ധേശിക്കുന്നവിധം സംസാരിക്കുന്നവനാണെന്നും നാം വിശ്വസിക്കുന്നു. അല്ലാഹുപറയുന്നു:

(وَكَلَّمَ اللهُ مُوسىَ تَكلِيمًا) (سورة النساء ١٦٤)

“മൂസാ(ﷺ)യോട് അല്ലാഹു നേരിട്ട് സംസാരിക്കുകയും ചെയ്തു” (നിസാഅ് - 164)

വിശുദ്ധഖുർആനും, ആകാശത്തിൽ നിന്ന് ഇറക്കപ്പെട്ട സർവ്വ ദൈവികഗ്രന്ഥങ്ങളും അല്ലാഹുവിൻെറ കലാമാണെന്നു (വാക്കുകൾ) വിശ്വസിക്കുന്നു.

അല്ലാഹു തൻെറ സൃഷ്ടികളേക്കാൾ അസ്ഥിത്വത്തിലും (ദാത്ത്) ഗുണങ്ങളിലും (സ്വിഫാത്ത്) ഉന്നതനാണെന്നും വിശ്വസിക്കുന്നു.

അല്ലാഹു ആറ് ദിനങ്ങൾ കൊണ്ടാണ് ആകാശഭൂമികളെ സൃ ഷ്ടിച്ചത്. എന്നിട്ട് അവൻ അവൻെറ സിംഹാസനത്തിൽ ഉപവിഷ്ടനായി. സിംഹാസനത്തിൽ അവൻെറ ആരോഹണത്തിൻെറ രൂപം അവൻെറ മഹത്വത്തിനും, പ്രതാപത്തിനും, ഉന്നതിക്കും യോജിക്കുന്ന രൂപത്തിലാകുന്നു. അതിൻെറ രൂപം അല്ലാഹുവിന്ന് മാത്രമേ അറിയുകയുള്ളൂ, അവൻ സിംഹാസനത്തിൻെറ മുകളിലാകുന്നു, അവൻ എല്ലാ സൃഷ്ടികളുടെയും അവസ്ഥകൾ അറിയുന്നവനും, സംസാരം കേൾക്കുന്നവനും, പ്രവർത്തനങ്ങൾ കാണുന്നവനും, എല്ലാ പ്രശ്നങ്ങളും അറിയുന്നവനും നിയന്ത്രിക്കുന്നവനുമാകുന്നു. സത്യവിശ്വാസികൾ അല്ലാഹുവിനെ പരലോകത്ത് വെച്ച് ദർശിക്കുമെന്നും നാം വിശ്വസിക്കുന്നു.

(وُجُوهٌ يَوْمَئِذٍ نَاضِرَةٌ * إِلَى رَبِّهَا نَاظِرَةٌ) (سورة القيامة:٢٢– ٢٣)

“ചില മുഖങ്ങൾ അന്ന് പ്രസന്നതയുള്ളതും, അവൻെറ രക്ഷിതാവിൻെറ നേർക്ക് ദൃഷ്ടി തിരിച്ചവരുമായിരിക്കും” (ഖിയാമ- 22,23)

അല്ലാഹു ഖുർആനിലും, പ്രവാചകൻ തൻെറ പരിശുദ്ധമായ സുന്നത്തിലും പരിചയപ്പെടുത്തി തന്ന അല്ലാഹുവിൻെറ എല്ലാ വിശേഷണങ്ങളിലും നാം വിശ്വസിക്കുന്നു. അതിൻെറ യഥാർത്ഥ രൂപത്തിൽ, ഉന്നതനും, പ്രതാപിയുമായ അല്ലാഹുവിന്ന് യോജിക്കുന്ന രൂപത്തിൽ.

# മലക്കുകളിലുള്ള വിശ്വാസം

അല്ലാഹു മലക്കുകളെ പ്രകാശം കൊണ്ടാണ് സൃഷ്ടിച്ചിട്ടുള്ളത്. അവരെയെല്ലാം തന്നെ അല്ലാഹു വ്യത്യസ്ത ജോലികൾ ഏൽപിച്ചിട്ടുണ്ട്.

അവർ അല്ലാഹുവിൻെറ കൽപനകൾ ധിക്കരിക്കാത്തവരും, കൽപിച്ചത്പോലെ ചെയ്യുന്ന യഥാർത്ഥ അടിമകളുമാകുന്നു. മനുഷ്യരെക്കാളും എണ്ണത്തിൽ കൂടുതലുള്ളവരും, കൂടുതൽ ഭയഭക്തിയുള്ളവരും, സർവ്വസമയവും ആരാധനയിൽ മുഴുകുന്നവരുമാകുന്നു. ബുഖാരിയും, മുസ്ലിമും ഉദ്ധരിക്കുന്ന ഒരു ഹദീസിൽ നമുക്ക് കാണാം: “ആകാശത്തിൽ ബൈതുൽ മഅ്മൂർ എന്ന ഒരു വീടുണ്ട്, അതിലേക്ക് എല്ലാ ദിവസവും 70000 മലക്കുകൾ പ്രവേശിക്കുകയും നമസ്കരിക്കുകയും അതിൽ നിന്ന് പുറത്ത് വരികയും ചെയ്യുന്നു, ഒരിക്കൽ പ്രവേശിച്ച മലക്കുകൾ പിന്നീട് ഒരിക്കലും അവസാനനാൾ വരെ അതിലേക്ക് പ്രവേശിക്കുന്നില്ല”.

അബൂദാവൂദും, ത്വബറാനിയും ഉദ്ധരിക്കുന്ന ഹദീസിൽ ഇപ്രകാരം കാണാം: നബി(ﷺ) പറഞ്ഞു: “അല്ലാഹുവിൻെറ സിംഹാസനം വഹിക്കുന്ന ഒരു മലക്കിനെ സംബന്ധിച്ച് സംസാരിക്കുവാൻ എനിക്ക് അനുവാദം ലഭിക്കുകയുണ്ടായി, ആ മലക്കിൻെറ ചെവികുറ്റി മുതൽ മുതുക് വരെയുള്ള ശരീര ഭാഗത്തിൻെറ വിശാലത 700 വർഷത്തിൽ സഞ്ചരിക്കാവുന്ന ദൂരമാകുന്നു)”

ചില മലക്കുകൾക്ക് പ്രത്യേക ചുമതലകളുണ്ട്. പ്രവാചകന്മാർക്ക് അല്ലാഹുവിൻെറ സന്ദേശം എത്തിക്കുവാനുള്ള ചുമതല ജിബ്രീൽ(عليه السلام)ന്നാണ്. ചെടികളുടെയും, മഴയുടെയും ചുമതല മീകാഈലിനെയാണ് ചുമതലപ്പെടുത്തിയത്. അവസാനനാളിൽ സൂർ എന്ന കാഹളത്തിൽ ഊതുവാനുള്ള ചുമതല ഇസ്റാഫീലിന്നാകുന്നു. ആത്മാവുകളെ പിടിക്കുവാനുള്ള ചുമതല മലക്കുൽ മൗത്തിന്നാണ്. മാലിക്കിനെ ഏൽപിക്കപ്പെട്ട ചുമതല നരകത്തെ സംരക്ഷിക്കലുമാണ്.

അത്പോലെ ഗർഭാശയത്തിലെ കുഞ്ഞുങ്ങളുടെ കാര്യം ഏൽപിക്കപ്പെട്ട മലക്കുകളും, മനുഷ്യരുടെ കാര്യം നോക്കാൻ ഏൽപിക്കപ്പെട്ടവരും, അവരുടെ പ്രവർത്തനങ്ങൾ രേഖപ്പെടുത്താൻ ചുമതലയുള്ളവരും, ഖബറിൽ മയ്യത്തി

നോട് ചോദ്യം ചെയ്യുവാൻ ഏൽപിക്കപ്പെട്ടവരും, മറ്റു പല ജോലികളും ഏൽപിക്കപ്പെട്ടവരും മലക്കുകളിലുണ്ട്.

ഇവരാണ് മലക്കുകൾ. ഇവരുടെ ലോകം നമുക്ക് അജ്ഞ്ഞാതമാണ്. നാം അവരെ കാണുന്നില്ലെങ്കിലും നാം അവരിൽ വിശ്വസിക്കണം.

നമുക്ക് കാണാൻ സാധിക്കാത്ത ഒരു ലോകമാണ് ജിന്നുകളുടേത്. അവരെയും നമുക്ക് കാണുവാൻ സാധ്യമല്ല. അവരെ അഗ്നി കൊണ്ടാണ് സൃഷ്ടിച്ചിരിക്കുന്നത്. മനുഷ്യരെ സൃഷ്ടിക്കുന്നതിന് മുമ്പ് അല്ലാഹു ജിന്നുകളെ സൃഷ്ടിച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു:

(وَلَقَدْ خَلَقْنَا الْإِنْسَانَ مِنْ صَلْصَالٍ مِنْ حَمَإٍ مَسْنُونٍ * وَالْجَانَّ خَلَقْنَاهُ مِنْ قَبْلُ مِنْ نَارِ السَّمُومِ)( سورة الحجر٢٦-٢٧ )

“കറുത്ത ചെളി പാകപ്പെടുത്തിയുണ്ടാക്കിയ (മുട്ടിയാൽ) മുഴക്കമുണ്ടാക്കുന്ന കളിമൺ രൂപത്തിൽ നിന്ന് നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു. അതിന്ന് മുമ്പ് ജിന്നിനെ അത്യുഷ്ണമുള്ള അഗ്നിജ്വാലയിൽ നിന്നു നാം സൃഷ്ടിച്ചു,” (ഹിജ്റ്: 26–27)

അവരും ഇബാദത്ത് ചെയ്യുവാനും, അല്ലാഹുവിൻെറ കൽപനകൾ അംഗീകരിക്കുവാനും ശാസിക്കപ്പെട്ടവരാണ്, അവരിൽ സത്യവിശ്വസികളും, അവിശ്വാസികളും ഉണ്ട്. മനുഷ്യർ അവരോട് ശത്രുത കാട്ടുന്നത് പോലെ അവരും ചിലപ്പോഴൊക്കെ മനുഷ്യരോടും ശത്രുത കാട്ടാറുണ്ട്. എല്ലുകൾ കൊണ്ടും, കാഷ്ടം കൊണ്ടും ശൗച്യം ചെയ്യുന്നത് മനുഷ്യർ അവരോട് ചെയ്യുന്ന അതിക്രമമാണ്. കാരണം നബി (ﷺ) എല്ലിനെയും, കാഷ്ടത്തെയും കുറിച്ച്പറഞ്ഞു: “നിങ്ങൾ അവ രണ്ട് കൊണ്ടും ശൗച്യം ചെയ്യരുത്, കാരണം അവ രണ്ടും നിങ്ങളുടെ സഹോദരങ്ങളായ ജിന്നുകളുടെ ഭക്ഷണമാകുന്നു” (മുസ്ലിം)

മനസ്സിൽ വസ്വാസുണ്ടാക്കിയും ഭയപ്പെടുത്തിയും അബോധാ വസ്ഥയിലാക്കിയും മനുഷ്യരോട് ജിന്നുകൾ പക കാട്ടാറുണ്ട്. അവരുടെ ഉപദ്രവത്തിൽനിന്ന് ഒരാൾക്ക് മതപരമായി നിയമമാക്കപ്പെട്ട പ്രാർത്ഥനകൾ കൊണ്ട് രക്ഷ തേടാവുന്നതാണ്. ആയത്തുൽ കുർസി, മുഅ വ്വിദതൈനി പോലെയുള്ള സൂറത്തുകൾ കൊണ്ടും, നബി(ﷺ)യിൽ നിന്ന് സ്വഹീഹായി വന്ന പ്രാർത്ഥനകൾ ഉപയോഗിച്ചും ശരണം തേടാം. അവരുടെ

സാമീപ്യത്തിനായി ബലിയറുക്കുക, ഉപദ്രവത്തിൽ നിന്നും രക്ഷ നേടാനായി അവരോട് പ്രാർത്ഥിക്കുക തുടങ്ങിയവ ശുദ്ധ ശി ർക്കിൽപ്പെട്ടതാണ്.

ജിന്നുകളും, പിശാചുക്കളും ദുർബ്ബലരും, അവരുടെ തന്ത്രങ്ങൾ ദുർബ്ബലവുമാണെന്നതിൽ യാതൊരു സംശയവും ഇല്ല. എന്നാൽ മനുഷ്യർ അവൻെറ രക്ഷിതാവുമായുള്ള ബന്ധം ദുർബ്ബലമാക്കുകയും, അവനെ ഓർക്കാതിരിക്കുകയും, കുറ്റങ്ങൾ കൂടുതൽ ചെയ്യുകയും, നി ഷിദ്ധമായ കാര്യങ്ങൾ ചെയ്യുകയും, മ്യൂസിക്കുകൾ ഉപയോഗിക്കുകയും, വിശ്വാസം ദുർബ്ബലമാകു കയും ചെയ്യുമ്പോൾ അവൻെറ മേൽ അവർ സ്വാധീനം ചെലുത്തുന്നു. എന്നാൽ മതപരമായി നിയമമാക്കിയ പ്രാർത്ഥന കൾ കൊണ്ട് അവരിൽ നിന്നും നമുക്ക് രക്ഷതേടാവുന്നതാണ്. അല്ലാഹു പിശാചുക്കളെയും, അവരുടെ സൈന്യങ്ങളെയും സംബ ന്ധിച്ച് പറയുന്നു:

إِنَّهُ لَيْسَ لَهُ سُلْطَانٌ عَلَى الَّذِينَ آمَنُوا وَعَلَى رَبِّهِمْ يَتَوَكَّلُونَ * إِنَّمَا سُلْطَانُهُ عَلَى الَّذِينَ يَتَوَلَّوْنَهُ وَالَّذِينَ هُمْ بِهِ مُشْرِكُونَ) ( سورة النحل: ١٠٠ )

“വിശ്വസിക്കുകയും, തങ്ങളുടെ രക്ഷിതാവിൻെറ മേൽ ഭരമേൽ പിക്കുകയും ചെയ്യുന്നവരാരോ അവരുടെ മേൽ അവന്ന് (പിശാചിന്ന്) യാതൊ രധികാരവുമില്ല, തീർച്ച, അവൻെറ അധികാരം അവനെ രക്ഷാധികാരിയാക്കുന്നവരുടെയും, അല്ലാഹുവോട് പങ്ക് ചേർക്കുന്നവരുടെയും മേൽ മാത്രമാകുന്നു,” (നഹ്ൽ:99-100)

*****

# വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം

സൃഷ്ടികളുടെ സന്മാർഗത്തിനു വേണ്ടി പ്രവാചകന്മാ രിലൂടെ അല്ലാഹു ഇറക്കിയ വേദഗ്രന്ഥങ്ങളാണ് ഉദ്ദേശ്യം. ഒരുപാട് വേദഗ്ര ന്ഥങ്ങൾ ഇറക്കപ്പെട്ടിട്ടുണ്ട്, അതിലെല്ലാം തന്നെ നാം വിശ്വസിക്കുന്നു. അതിൽ നാലെണ്ണം അല്ലാഹു നമുക്ക് അറിയിച്ച് തന്നിട്ടുണ്ട്. ഖുർആൻ മുഹമ്മദ് നബി(ﷺ)ക്ക് ഇറക്കപ്പെട്ടതാണ്. തൗറാത്ത് മൂസാ നബി

(ﷺ)ക്കും, ഇഞ്ചീൽ ഈസാനബി(ﷺ)ക്കും, സബൂർ ദാവൂദ് നബി (ﷺ)ക്കും ഇറക്കപ്പെട്ടവയാണ്.

അവയെല്ലാം തന്നെ അല്ലാഹുവിൻെറ കലാ(വചനം) മാകുന്നു, അതിൽ ഏറ്റവും മഹത്വമുള്ളതും, അവസാനത്തേതും വിശുദ്ധ ഖുർആനാണ് മുൻ കഴിഞ്ഞ വേദഗ്രന്ഥത്തിലുള്ളതെല്ലാം അതിൽ അല്ലാഹു ഒരുമിച്ച് കൂട്ടിയിട്ടുണ്ട്. അല്ലാഹു പറയുന്നു:

(وَأَنزَلْنَا إِلَيْكَ الْكِتَابَ بِالْحَقِّ مُصَدِّقًا لِمَا بَيْنَ يَدَيْهِ مِنَ الْكِتَابِ وَمُهَيْمِنًا عَلَيْهِ)

(سورة المائدة: ٤٨)

(നബിയെ) നിനക്കിതാ സത്യപ്രകാരം വേദഗ്രന്ഥം അവതരിപ്പിച്ച് തന്നിരിക്കുന്നു, അതിൻെറ മുമ്പിലുള്ള വേദഗ്രന്ഥങ്ങളെ ശരി വെക്കുന്നതും, അവയെ കാത്തുരക്ഷിക്കുന്നതുമത്രേ അത്" (മാഇദ:48)

*****

# പ്രവാചകന്മാരിലും ദൂതന്മാരിലുമുള്ള വിശ്വാസം

അല്ലാഹുവിനെ മാത്രമേ ആരാധിക്കാവൂ എന്നും, അവനിൽ ആരെയും പങ്ക് ചേർക്കരുത് എന്നും പ്രബോധനം ചെയ്യുവാൻ വേണ്ടി എല്ലാ സമുദായങ്ങളിലേക്കും അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചിട്ടുണ്ട്. ആദ്യ പ്രവാചകൻ നൂഹ്(ﷺ)ഉം, അവസാന പ്രവാചകൻ മുഹമ്മദ്(ﷺ)യുമാകുന്നു. പ്രവാചകന്മാർ ഒരുപാടുണ്ട്, അവരിൽ ചിലരുടെ പേരുകളും, കഥകളും അല്ലാഹു നമുക്ക് അറിയിച്ച് തന്നിട്ടുണ്ട്. അവരിൽ അറിയിച്ച് തരാത്തവരുമുണ്ട്. അവരിൽ എല്ലാവരിലും നാം വിശ്വസിക്കുന്നു. അല്ലാഹു പറയുന്നു:

(وَلَقَدْ أَرْسَلْنَا رُسُلاً مِنْ قَبْلِكَ مِنْهُمْ مَنْ قَصَصْنَا عَلَيْكَ وَمِنْهُمْ مَنْ لَمْ نَقْصُصْ عَلَيْكَ) (سورة غافر:٧٨)

“നിനക്ക് മുമ്പ് നാം പ്രവാചകന്മാരെ നിയോഗിച്ചിട്ടുണ്ട്, അവരിൽ നിനക്ക് അവരുടെ കഥകൾ അറിയിച്ച്തന്നവരും, അവരിൽ നിനക്ക് അറിയിച്ച് തരാത്തവരും ഉണ്ട്,” (ഗ്വാഫിർ:78)

അവരെല്ലാം തന്നെ മനുഷ്യരും, അല്ലാഹുവിൻെറ സൃഷ്ടികളുമാകുന്നു, അവർ സാധാരണ ജനങ്ങളെ പോലെ മനുഷ്യർ തന്നെയാണ്. എന്നാൽ അവർക്ക് അല്ലാഹു ദിവ്യബോധനം നൽകുന്നുണ്ട്. ആ പ്രത്യേകത അവർക്കുണ്ട്, അല്ലാഹു പറയുന്നു:

(قُلْ إِنَّمَا أَنَا بَشَرٌ مِثْلُكُمْ يُوحَى إِلَيَّ) (سورة الكهف: ١١٠)

“നബിയേ, പറയുക ഞാൻ നിങ്ങളെ പോലുള്ള ഒരു മനുഷ്യനാകുന്നു, എനിക്ക് ദിവ്യ ബോധനം നൽകുന്നുണ്ട്,” (കഅ്ഫ്:110)

അതെ, അവർ മനുഷ്യരാകുന്നു, അവർ ഭക്ഷണം കഴിക്കുന്നു, വെള്ളം കുടിക്കുന്നു, അവർ രോഗ ബാധിതരാകുന്നു, മരിക്കുന്നു, അവരിൽ എല്ലാവരിലും വിശ്വസിക്കൽ നമുക്ക് നിർബ്ബന്ധമാണ്.

ആരെങ്കിലും അവരിൽ ഏതെങ്കിലുമൊരു പ്രവാചകനിൽ അവിശ്വസിച്ചാൽ അവൻ എല്ലാവരിലും അവിശ്വസിച്ചതുപോലെയാണ്. നൂഹ് ജനതയെ സംബന്ധിച്ച് അല്ലാഹു പറയുന്നു:

(كَذَّبَتْ قَوْمُ نُوحٍ الْمُرْسَلِينَ) (سورة الشعراء: ١٠٥)

“നൂഹിൻെറ ജനത ദൈവദൂതന്മാരെ നിഷേധിച്ചുതള്ളി”(ശുഅറാ: 105). ആദ് സമുദായത്തെ പറ്റി പറയുന്നു:

(كَذَّبَتْ عَادٌ الْمُرْسَلِينَ) (سورة الشعراء: ١٢٣)

“ആദിൻെറ ജനത ദൈവദൂതന്മാരെ നിഷേധിച്ചുതള്ളി” (ശുഅറാ:123)

ഇവരെല്ലാം തന്നെ അവരവരുടെ പ്രവാചകന്മാരെ മാത്രമേ നിഷേധിച്ചിട്ടുള്ളൂ, എന്നിട്ടും എല്ലാ പ്രവാചകന്മാരെയും നിഷേധിച്ചവരായിട്ടാണ് അല്ലാഹു അവരെ പരിചയപ്പെടുത്തുന്നത്. കാരണം എല്ലാ പ്രവാചകന്മാരുടെയും പ്രബോധനം ഒന്നു തന്നെയായിരുന്നു, ആയതിനാൽ ഒരു പ്രവാചകനെ നിഷേധിച്ചാൽ സർവ്വരെയും നിഷേധിച്ചവരെ പോലെയായി.

ഇപ്രകാരം തന്നെയാണ് ക്രിസ്ത്യാനികൾ മുഹമ്മദ് നബിയിൽ വിശ്വസിച്ചില്ലായെന്ന് മാത്രമല്ല അദ്ദേഹത്തെ കളവാക്കുക കൂടി ചെയ്തു അവർ. മുഹമ്മദ് നബിയെ

പിൻപറ്റാത്തത് കൊണ്ട് അവർ ഈസാനബിയെ ധിക്കരിക്കുകയാണ് ചെയ്തത്. കാരണം ഈസാ നബി മുഹമ്മദ് നബിയെ പറ്റി സന്തോഷവാർത്തയറിയിക്കുകയും, അദ്ദേഹത്തെ പിൻപറ്റുവാൻ കൽപിക്കുകയും ചെയ്തിരുന്നു, എന്നാൽ അവർ ഈസാ നബിയെ അനുസരിച്ചില്ല. ജൂതന്മാരെയും മറ്റുള്ളവരെയും സംബന്ധിച്ചും ഇങ്ങനെ പറയാവുന്നതാണ്.

*****

# അവസാന നാളിലുള്ള വിശ്വാസം

മരണത്തിന് ശേഷം നടക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് അല്ലാഹു വിശുദ്ധഖുർആനിലും, പ്രവാചക ചര്യയിലും പറഞ്ഞ കാ ര്യങ്ങൾ നാം സത്യപ്പെടുത്തുന്നു. ആദ്യം നാം ഖബറിലുള്ള ശിക്ഷയെ പറ്റിയും, അനുഗ്രഹങ്ങളെ പറ്റിയും വിശ്വസിക്കണം. ഇത് ഖുർആനിലും തിരുസുന്നത്തിലും സ്ഥിരപ്പെട്ടകാര്യങ്ങളാണ്. അല്ലാഹു പറയുന്നു:

(فَوَقَاهُ اللَّهُ سَيِّئَاتِ مَا مَكَرُوا وَحَاقَ بِآلِ فِرْعَوْنَ سُوءُ الْعَذَابِ * النَّارُ يُعْرَضُونَ عَلَيْهَا غُدُوًّا وَعَشِيًّا وَيَوْمَ تَقُومُ السَّاعَةُ أَدْخِلُوا آلَ فِرْعَوْنَ أَشَدَّ الْعَذَابِ) (سورة المؤمن: ٤٥-٤٦)

"ഫിർഔനിൻെറ ആളുകളെ കടുത്തശിക്ഷ വലയം ചെയ്യുകയുമുണ്ടായി, നരകം, രാവിലെയും വൈകുന്നേരവും അവർ അതിനു മുമ്പിൽ പ്രദർശിക്കപ്പെടും. ആ അന്ത്യ സമയം നിലവിൽ വരുന്ന ദിവസം ഫിർഔൻെറ ആളുകളെ ഏറ്റവും കഠിനമായ ശിക്ഷയിൽ നിങ്ങൾ പ്രവേശിപ്പിക്കുക (എന്ന് കൽപിക്കപ്പെടും) (മുഅ്മിൻ:45-46) കപട വിശ്വാസികളെ സംബന്ധിച്ച് പറയുന്നു:

(سَنُعَذِّبُهُمْ مَرَّتَيْنِ ثُمَّ يُرَدُّونَ إِلَى عَذَابٍ عَظِيمٍ) ( سورة التوبة:١٠١ )

"രണ്ട് പ്രാവശ്യം നാം അവരെ ശിക്ഷിക്കുന്നതാണ്, പിന്നീട് വമ്പിച്ച ശിക്ഷയിലേക്ക് അവർ തള്ളപ്പെടുന്നതുമാണ്" (തൗബ:101)

ഇതിനെ സംബന്ധിച്ച് ഇബ്നു മസഊദും(ﷺ) മറ്റു ചിലരും പറയുന്നു: 'ഒന്നാമത്തെ ശിക്ഷ ദുൻയാവിൽ വെച്ചും, രണ്ടാമത്തേത് ഖബറിൽ വെച്ചുമാകുന്നു, പിന്നീട് അവരെ വമ്പിച്ച ശിക്ഷയായ നരകത്തിലേക്ക് പ്രവേശിപ്പിക്കുകയും ചെയ്യുന്നതാണ്'.

ഖബർ ശിക്ഷയെ സംബന്ധിച്ച് ധാരാളം ഹദീസുകൾ വന്നിട്ടുണ്ട്. ഖബർ ശിക്ഷയെ സംബന്ധിച്ച പ്രസ്താവനകൾ പ്രവാചകനിൽ നിന്ന് മുതവാതിറായി വന്നിട്ടുണ്ടെന്ന് ഇബ്നുൽ ഖയ്യിം(റ) വ്യക്തമാക്കിയിട്ടുണ്ട്. ഏകദേശം അമ്പതോളം ഹദീസുകൾ ഈ വിഷയത്തിൽ വന്നിട്ടുണ്ട്. അതിൽ പെട്ടതാണ് ബുഖാരിയും, മുസ്ലിമും ഉദ്ധരിക്കുന്ന ഹദീസ്: "നബി(ﷺ) രണ്ട് ഖബറിന്നരികെ നടന്ന് പോയപ്പോൾ പറ യുകയുണ്ടായി: 'ഇവർ രണ്ട്പേരും നിസ്സാരമായ കാര്യത്തിന് വേണ്ടി ശിക്ഷിക്കപ്പെടുകയാണ്. അവരിൽ ഒരുവൻ മലമൂത്ര വിസർജ്ജനം നടത്തിയാൽ ശരിക്ക് ശുദ്ധി വരുത്താറുണ്ടായിരുന്നില്ല, രണ്ടാമത്തവൻ പരദൂഷണം പറഞ്ഞ് നടന്നിരുന്നു"

ബുഖാരിയും, മുസ്ലിമും ഉദ്ധരിക്കുന്നു: "നബി(ﷺ) ഇങ്ങനെ പ്രാർത്ഥിക്കാറുണ്ടായിരുന്നു, അല്ലാഹുവെ നിന്നോട് ഞാൻ ഖബർ ശിക്ഷയിൽ നിന്ന് രക്ഷചോദിക്കുന്നു"

ഖബറിലെശിക്ഷയും അനുഗ്രഹവും മറഞ്ഞകാര്യമാണ് അ ത് ബുദ്ധിയോട് താരതമ്യപ്പെടുത്തുവാൻ പാടില്ല.

*****

# അവസാന നാളിലെ വിശ്വാസത്തിൽ പെട്ടതാണ്...

"സൂർ" എന്ന കാഹളത്തിൽ ഊതുമ്പോൾ നമ്മെയെ ല്ലാവരെയും അല്ലാഹു പുനർജീവിപ്പിക്കുമെന്നും, അങ്ങിനെ നഗ്നരായി, ചേലാ കർമ്മം ചെയ്യാത്തവരായി എഴുന്നേൽ പിക്കപ്പെടുമെന്നും നാം വിശ്വസിക്കുന്നു. അല്ലാഹു പറയുന്നു:

(ثُـمَّ إِنَّكُـمْ بَعْـدَ ذَلِـكَ لمَيِّتُـونَ * ثُـمَّ إِنَّكُـمْ يَـوْمَ الْقِيَامَـةِ تُبْعَثُـونَ) (سـورة المؤمنون:١٦)

“പിന്നീട് തീർച്ചയായും നിങ്ങൾ അതിനുശേഷം മരിക്കുന്നവരാകുന്നു, പിന്നീട് ഉയർത്തെഴുന്നേൽപിൻെറ നാളിൽ തീർച്ചയായും നിങ്ങൾ എഴുന്നേൽപിക്കപ്പെടുന്നതാണ്” (അൽ മുഅ്മിനൂൻ: 15–16)

അത്പോലെ വിചാരണയിലും, പ്രതിഫലം നൽകുന്നതിലും നാം വിശ്വസിക്കുന്നു. അല്ലാഹു പറയുന്നു:

{إِنَّ إِلَيْنَا إِيَابَهُمْ * ثُمَّ إِنَّ عَلَيْنَا حِسَابَهُمْ} (الغاشية: ٢٥ - ٢٦)

“തീർച്ചയായും നമ്മുടെ അടുത്തേക്കാണ് അവരുടെ മടക്കം, പിന്നീട്, തീർച്ചയായും നമ്മുടെ ബാധ്യതയാണ് അവരുടെ വിചാരണ” (ഗ്വാശി യ:25,26)

നാം സ്വർഗ്ഗനരകങ്ങളിൽ വിശ്വസിക്കുന്നു. സ്വർഗ്ഗം മുത്തഖീങ്ങളുടെ സങ്കേതമാണ്. അതിൽ ഒരു കണ്ണും ദർശിക്കാത്തതും, ഒരു കാതും കേൾക്കാത്തതും, ഒരു മനുഷ്യഹൃദയവും വിചാരിക്കാത്തതുമായ അനുഗ്രഹങ്ങൾ ഉണ്ട്. നരകം ശിക്ഷയുടെ സങ്കേതമാണ്. അതിൽ ഒരാളും വിചാരിക്കാത്ത തരത്തിലുള്ള ശിക്ഷയും, നിന്ദ്യതയും ഉണ്ട്.

ചെറുതും വലുതുമായ അവസാന നാളിലെ എല്ലാ അടയാളങ്ങളിലും നാം വിശ്വസിക്കുന്നു. ദജ്ജാലിൻെറ ആഗമനം, ആകാശത്തിൽ നിന്ന് ഈസാ(അ)ൻെറ ഇറങ്ങിവരവ്, പടിഞ്ഞാറിൽ നിന്ന് സൂര്യൻ ഉദിക്കുന്നത്, ദാബത്തുൽ അർളിൻെറ പുറപ്പാട് തുടങ്ങിയവ അവയി ൽ പെട്ടതാണ്.

ശഫാഅത്ത്, ഹൗള്, തുലാസ്, അല്ലാഹുവിനെ കാണുന്നത് തുടങ്ങിയ അവസാന നാളിൽ സംഭവിക്കുമെന്ന് ഖുർആനും, തിരു സുന്നത്തും പഠിപ്പിച്ച എല്ലാ കാര്യങ്ങളും നാം വിശ്വസിക്കുന്നു.

*****

# വിധി നിർണ്ണയത്തിലുള്ള വിശ്വാസം

അല്ലാഹു അവൻെറ വിശാലമായ അറിവിൻെറ അടിസ്ഥാനത്തിൽ ഒരു കാര്യം സംഭവിക്കുന്നതിന് മുമ്പ് തന്നെ അതിനെപ്പറ്റി അറിയുന്നുവെന്നതിലും നാം വിശ്വസിക്കുന്നു. സകലതും സൂക്ഷ്മമായി മൊത്തത്തിലും, വിശാലമായും അവൻ ഓരോ കാര്യത്തെയും കുറിച്ച് അറിയുന്നു. അവ സുരക്ഷിതമായ ഫലകത്തിൽ അവൻ രേഖപ്പെടുത്തിവെച്ചിരിക്കുന്നു. അല്ലാഹു പറയുന്നു:

(اللَّهُ خَالِقُ كُلِّ شَيْءٍ وَهُوَ عَلَى كُلِّ شَيْءٍ وَكِيلٌ) (سورة الزمر:٦٢ )

“അല്ലാഹു എല്ലാവസ്തുക്കളുടെയും സ്രഷ്ടാവാകുന്നു. അവൻ എല്ലാ വസ്തുക്കളുടെ മേലും കൈകാര്യകർത്താവാകുന്നു” (സുമർ: 62)

ഈ ലോകത്തിൽ അല്ലാഹുവിൻെറ അനുമതിയും അറിവും കൂടാതെ ഒന്നും തന്നെ സംഭവിക്കുന്നില്ല, അല്ലാഹു പറയുന്നു:

(إِنَّا كُلَّ شَيْءٍ خَلَقْنَاهُ بِقَدَرٍ) ( سورة القمر: ٤٩ )

“തീർച്ചയായും ഏതു വസ്തുവെയും നാം സൃഷ്ടിച്ചിട്ടുള്ളത് ഒരു വ്യവസ്ഥ പ്രകാരമാകുന്നു” (ഖമർ:46)

എല്ലാ മനുഷ്യനും ഉദ്ദേശവും കഴിവുമുണ്ട്. അവ മുഖേന ഓരോർത്തർക്കും ഒരു കാര്യം ചെയ്യണമോ വേണ്ടെയോ എന്ന് തിരെഞ്ഞെടുക്കുവാൻ സാധിക്കുന്നതാണ്. ഒരാൾക്ക് വുളു ചെയ്തു നമസ്കരിക്കുവാൻ ഉദ്ദേശിക്കാം, അവന്ന് തന്നെ വഴിവിട്ട്കൊണ്ട് വ്യഭിചരിക്കുവാനും ഉദ്ദേശിക്കാം. അതിനാലാണ് അവന്ന് പ്രതിഫലവും, ശിക്ഷയും നൽകുന്നത്. ഖദ്റ് കൊണ്ട് തെളിവ് പിടിച്ച് നിർബ്ബന്ധ കാര്യം ഉപേക്ഷിക്കുവാനും, നിഷിദ്ധമായ കാര്യം ചെയ്യുവാനും സാധ്യമല്ല.

*****

# വിശ്വാസത്തിന് കോട്ടം തട്ടുന്നകാര്യങ്ങൾ...

മതത്തെകളിയാക്കൽ,മതത്തിൽനിന്ന് പുറത്ത് പോകലാണ്.
അല്ലാഹു പറയുന്നു:

(قُلْ أَبِاللَّهِ وَآيَاتِهِ وَرَسُولِهِ كُنتُمْ تَسْتَهْزِئُونَ * لاتَعْتَذِرُوا قَدْ كَفَرْتُم بَعْدَ إِيمَانِكُمْ)

(سورة التوبة:٦٥-٦٦)

"പറയുക, അല്ലാഹുവെയും അവൻെറ ദൃഷ്ടാന്തങ്ങളെയും അവൻെറ ദൂതനെയുമാണോ നിങ്ങൾ പരിഹസിച്ച് കൊണ്ടിരിക്കുന്നത്? നിങ്ങൾ ഒഴിവ് കഴിവുകളൊന്നും പറയേണ്ട, വിശ്വസിച്ച് കഴിഞ്ഞതിന് ശേഷം നിങ്ങൾ അവിശ്വസിച്ച് കഴിഞ്ഞിരിക്കുന്നു," (തൗബ: 65-66)

ഇസ്‌ലാം പഴഞ്ചൻ മതമാണ്, ഈ കാലഘട്ടത്തിന് യോജിച്ചതല്ല. ഇസ്‌ലാമിക ആശയം പുരോഗതിക്ക് തടസ്സമാണ് എന്നൊക്കെ ചിലർ പറയാറുണ്ട്. മനുഷ്യ നിർമ്മിത നിയമങ്ങൾ ഇസ്‌ലാമിക നിയമങ്ങളേക്കാൾ മെച്ചമാണെന്ന് വാദിക്കുന്നവരും ജനങ്ങളിലുണ്ട്. തൗഹീദ് പ്രബോധനം ചെയ്യുന്നവരെയും, ശവകുടീരാരാധനയെ എതിർക്കു ന്നവരെയും തീവ്രവാദികളെന്നും, ഉറക്കം തൂങ്ങികളെന്നും, മസ്തിഷ്കം വറ്റിയവരെന്നും, വഹാബികളെന്നും, മുസ്‌ലീങ്ങൾക്കിടയിൽ ഭി ന്നിപ്പുണ്ടാക്കുന്നവരെന്നും ആക്ഷേപിക്കുന്ന ആളുകളുമുണ്ട്. ഇവയെല്ലാം തന്നെ ഈമാനിന് കോട്ടം തട്ടുന്നതാണ്. കാരണം പ്രവാചകന്മാരുടെ പ്രബോധന മാർഗത്തെയാണ് ഇങ്ങനെയുള്ളവർ കളിയാക്കുന്നത്.

*****

# അല്ലാഹുവിന്റെ നിയമമല്ലാത്ത നിയമം കൊണ്ട് വിധി നടപ്പിലാക്കുക.

അല്ലാഹുവിലുള്ള വിശ്വാസത്തിൽ പെട്ടതാണ്, അവൻെറ നിയമം കൊണ്ട് വിധി നടപ്പിലാക്കുക എന്നത്.

വാക്കുകളിലും, പ്രവർത്തനങ്ങളിലും, തർക്കങ്ങളിലും, സാമ്പത്തിക കാര്യങ്ങളിലും, സർവ്വകടപ്പാടുളിലും അവൻെറ നിയമം പാലിക്കപ്പെടണം. ഒരു ഭരണാധികാരി അല്ലാഹു അവതരിപ്പിച്ച നിയമം കൊണ്ട് വിധിനടപ്പിലാക്കണം. പ്രജകൾ വിധി തേടേണ്ടതും ദൈവിക നിയമത്തിൽ നിന്നു തന്നെയാവണം. മറ്റാരെങ്കിലും ഉണ്ടാക്കിയ നിയമം കൊണ്ട് വിധി നടപ്പിലാക്കിയാൽ അവൻെറ വിശ്വാസം പൂർണ്ണമാകുകയില്ല. അല്ലാഹു പറയുന്നു:

(فَلاَ وَرَبِّكَ لاَ يُؤْمِنُونَ حَتَّى يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لاَ يَجِدُوا فِي أَنفُسِهِمْ حَرَجًا مِمَّا قَضَيْتَ وَيُسَلِّمُوا تَسْلِيمًا) ( سورة النساء: ٦٥)

"ഇല്ല, നിൻെറ രക്ഷിതാവിനെ തന്നെയാണ് സത്യം, അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും, നീ വിധി കൽപിച്ചതിനെപറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കു കയും, അത് പൂർണ്ണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നത്വരെ അവർ വിശ്വാസികളാവുകയില്ല," (നിസാ അ്:65)
അല്ലാഹുപറയുന്നു:

(وَمَنْ لَمْ يَحْكُمْ بِمَا أَنْزَلَ اللهُ فَأُوْلَئِكَ هُم الْكَافِرُونَ) (سورة المائدة:٤٤)

"അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് ആർ വിധിക്കുന്നില്ലയോ അവർ തന്നെയാകുന്നു അവിശ്വാസികൾ" (മാഇദ:44)

കച്ചവടം, ക്രയവിക്രയം, മോഷണം, വ്യഭിചാരം, വിവാഹം, വിവാഹമോചനം, വ്യക്തിപരമായ മറ്റു കാര്യങ്ങൾ തുടങ്ങിയവയിലെല്ലാം തന്നെ അല്ലാഹു അവതരിപ്പി ച്ചത് കൊണ്ട് വിധിക്കൽ നിർബ്ബന്ധമാകുന്നു. എന്നുമാത്രമല്ല, മനുഷ്യർക്കായി ഒരു നിയമം പടച്ചുണ്ടാക്കിയി ട്ട് അത് അല്ലാഹുവിൻെറ നിയമത്തേക്കാൾ മെച്ചമാണെന്നോ, അതിനു തുല്യമാണെന്നോ, അല്ലാഹുവിൻെറ നിയമവുമായി യോജിക്കുന്നതാണെന്നോ വാദിക്കുവാനും പാടില്ല. അങ്ങിനെ

വാദിച്ചാൽ അവൻ അവിശ്വാസിയായി തീർന്നു. അല്ലാഹു പറയുന്നു:

(أَمْ لَهُمْ شُرَكَاءُ شَرَعُوا لَهُمْ مِنَ الدِّينِ مَا لَمْ يَأْذَنْ بِهِ اللَّهُ) (الشورى: ٢١)

"അതല്ല, അല്ലാഹു അനുവദിച്ചിട്ടില്ലാത്ത കാര്യം മതമായി അവർക്ക് നിശ്ചയിച്ച് കൊടുത്ത വല്ല പങ്കാളികളും അവർക്കുണ്ടോ? (ശൂറാ: 21). അല്ലാഹുപറയുന്നു:

(أَفَحُكْمَ الْجَاهِلِيَّةِ يَبْغُونَ وَمَنْ أَحْسَنُ مِنَ اللَّهِ حُكْمًا لِقَوْمٍ يُوقِنُونَ) (سورة المائدة:٥٠)

"ജാഹിലിയത്തിൻെറ (അനിസ്ലാമിക മാർഗ്ഗത്തിൻെറ) വിധിയാണോ അവർ തേടുന്നത്? ദൃഢവിശ്വാസകളായ ജനങ്ങൾക്ക് അല്ലാഹുവെക്കാൾ നല്ല വിധികർത്താവ് ആരാണുള്ളത്" (മാഇദ:50). അല്ലാഹു പറയുന്നു:

(اتَّخَذُوا أَحْبَارَهُمْ وَرُهْبَانَهُمْ أَرْبَابًا مِنْ دُونِ اللَّهِ) (سورة التوبة: ٣١)

"അവരുടെ പണ്ഡിതന്മരെയും, പുരോഹിതന്മാരെയും അല്ലാഹുവിന് പുറമെ അവർ രക്ഷിതാക്കളായി സ്വീകരിച്ചു," (തൗബ:31)

ഈ ആയത്തിറങ്ങിയപ്പോൾ അദിയ്യ്ബ്നു ഹാതിം(ﷺ) ചോദിച്ചു: "അല്ലയോ പ്രവാചകരെ, ഞങ്ങൾ അവരെ ആരാധിക്കുന്നില്ലല്ലോ, നബി(ﷺ)പറഞ്ഞു: (നിങ്ങൾക്കവർ അല്ലാഹു അനുവദിച്ചത് നിഷിദ്ധമാക്കുകയും, അല്ലാഹു നിഷിദ്ധമാക്കിയത് അനുവദിച്ച് തരുകയും ചെയ്യുന്നില്ലേ? അദ്ദേഹം പറഞ്ഞു: അതേ, നബി(ﷺ)പറഞ്ഞു: അത് തന്നെയാകുന്നു അവരെ ആരാധിക്കൽ)

*****

# അവിശ്വാസികളെ രക്ഷാധികാരികളാക്കലും, വിശ്വാസികളോട് ശത്രുത പുലർത്തലും.

എല്ലാ മുശ്രിക്കുകളോടും, യഹൂദന്മാരോടും, നസാറാക്കളോടും വിശ്വാസപരമായി വിയോജിക്കൽ നിർബ്ബന്ധമാണെ

ന്നതിൽ സംശയമില്ല, ആശയപരമായിട്ട് ഒരു നിലക്കും അവരോട് യോജിക്കുവാൻ പാടുള്ളതല്ല. അല്ലാഹു പറയുന്നു:

(يَاأَيُّهَا الَّذِينَ آمَنُوا لاَ تَتَّخِذُوا عَدُوِّي وَعَدُوَّكُمْ أَوْلِيَاءَ تُلْقُونَ إِلَيْهِمْ بِالْمَوَدَّةِ وَقَدْ كَفَرُوا بِمَا جَاءَكُمْ مِنَ الْحَقِّ) (سورة الممتحنة :١)

“ഹേ, സത്യവിശ്വാസകളെ, എന്റെ ശത്രുവും നിങ്ങളുടെ ശത്രുവും ആയിട്ടുള്ളവരോട് സ്നേഹബന്ധംസ്ഥാപിച്ച് കൊണ്ട് നിങ്ങൾ അവരെ മിത്രങ്ങളാക്കിവെക്കരുത്. നിങ്ങൾക്കു വന്നു കിട്ടിയിട്ടുള്ള സത്യത്തിൽ അവർ അവിശ്വസിച്ചിരിക്കുകയാണ്” (മുംതഹന:1)

അത്പോലെ, പിതാക്കന്മാരും, സന്താനങ്ങളും അവിശ്വാസികളാണെങ്കിൽ അവരോട് വിശ്വാസത്തിന്റെ കാര്യത്തിൽ സ്നേഹബന്ധം പുലർത്തുവാൻ പാടില്ല. എന്നാൽ ഭൗതികമായ എല്ലാ നന്മകളും സേവനങ്ങളും അവർക്ക് ചെയ്യുക തന്നെ വേണം.

അല്ലാഹു പറയുന്നു:

(لاَ تَجِدُ قَوْمًا يُؤْمِنُونَ بِاللهِّ وَالْيَوْمِ الآخِرِ يُوَادُّونَ مَنْ حَادَّ اللهَّ وَرَسُولَهُ وَلَوْ كَانُوا آبَاءَهُمْ أَوْ أَبْنَاءَهُمْ أَوْ إِخْوَانَهُمْ أَوْ عَشِيرَتَهُمْ) (سورة المجادلة :٢٢)

“അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരുജനത അല്ലാഹുവോടും അവന്റെ റസൂലിനോടും എതിർത്ത് നിൽക്കുന്നവരുമായി സ്നേഹബന്ധം പുലർത്തുന്നത് നീ കണ്ടെത്തുകയില്ല, അവർ (എതിർപ്പുകാർ) അവരുടെ പിതാക്കളോ, പുത്രന്മാരോ, സഹോദരന്മാരോ, ബന്ധുക്കളോ ആയിരുന്നാൽ പോലും” (മുജാദില:22)

ഈ ആശയമുള്ള ആയത്തുകൾ ഒരുപാടുണ്ട്. ഇസ്ലാമിനെയും, മുസ്ലീങ്ങളെയും നിന്ദിക്കുകയും, അവരോട് ശത്രുതയും, അവർക്കെതിരിൽ കുതന്ത്രങ്ങൾ പ്രയോഗിക്കുകയും ചെയ്യുന്നവരോട്, അങ്ങോട്ടും വിശ്വാസപരമായി നമുക്ക് ശത്രുത വെച്ച് പുലർത്താവുന്നതാകുന്നു, അവരെ ഉറ്റമിത്രങ്ങളാക്കി വെക്കുവാനും പാടില്ല. ഈ ആയത്തുകളെല്ലാം തന്നെ എന്താണ് സൂചിപ്പിക്കുന്നത്? അല്ലാഹുപറയുന്നു:

(يَاأَيُّهَا الَّذِينَ آمَنُوا لاَ تَتَّخِذُوا بِطَانَةً مِنْ دُونِكُمْ لاَ يَأْلُونَكُمْ خَبَالاً وَدُّوا مَا عَنِتُّمْ قَدْ بَدَتْ الْبَغْضَاءُ مِنْ أَفْوَاهِهِمْ وَمَا تُخْفِي صُدُورُهُمْ أَكْبَرُ قَدْ بَيَّنَّا لَكُمْ الآيَاتِ إِنْ كُنْتُمْ تَعْقِلُونَ * هَاأَنْتُمْ أُوْلاَءِ تُحِبُّونَهُمْ وَلاَ يُحِبُّونَكُمْ وَتُؤْمِنُونَ بِالْكِتَابِ كُلِّهِ وَإِذَا لَقُوكُمْ قَالُوا آمَنَّا وَإِذَا خَلَوْا عَضُّوا عَلَيْكُمُ الأَنَامِلَ مِنَ الغَيْظِ قُلْ مُوتُوا بِغَيْظِكُمْ إِنَّ اللهَ عَلِيمٌ بِذَاتِ الصُّدُورِ* إِنْ تَمْسَسْكُمْ حَسَنَةٌ تَسُؤْهُمْ وَإِنْ تُصِبْكُمْ سَيِّئَةٌ يَفْرَحُوا بِهَا وَإِنْ تَصْبِرُوا وَتَتَّقُوا لاَ يَضُرُّكُمْ كَيْدُهُمْ شَيْئًا إِنَّ اللهَ بِمَا يَعْمَلُونَ مُحِيطٌ) (سورة آل عمران:١١٨– ١٢٠)

“വിദ്വേഷം അവരുടെ വായിൽ നിന്ന് വെളിപ്പെട്ടിരിക്കുന്നു. അവരുടെ മനസ്സുകൾ ഒളിപ്പിച്ച് വെക്കുന്നത് കൂടുതൽ ഗുരുതരമാകുന്നു, നിങ്ങൾക്കിതാ നാം തെളിവുകൾ വിവരിച്ച് തന്നിരിക്കുന്നു, നിങ്ങൾ ചിന്തിക്കുന്നവരാണെങ്കിൽ, നോക്കൂ, നിങ്ങളുടെ സ്ഥിതി. നിങ്ങളവരെ സ്നേഹിക്കുന്നു. അവർ നിങ്ങളെ സ്നേഹിക്കുന്നില്ല. നിങ്ങൾ എല്ലാ വേദഗ്രന്ഥങ്ങളിലും വിശ്വസിക്കുകയും ചെയ്യുന്നു. നിങ്ങളെ കണ്ടുമുട്ടുമ്പോൾ അവർ പറയും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന്. എന്നാൽ അവർ തനിച്ചാകുമ്പോൾ നിങ്ങളോടുള്ള അരിശം കൊണ്ട് അവർ വിരലുകൾ കടിക്കുകയും ചെയ്യും. (നബിയെ) പറയുക, നിങ്ങളുടെ അരിശം കൊണ്ട് നിങ്ങൾ മരിച്ച്കൊള്ളൂ. തീർച്ചയായും അല്ലാഹു മനസ്സുകളിലുള്ള ത് അറിയുന്നവനാകുന്നു. നിങ്ങൾക്ക് വല്ല നേട്ടവും ലഭിക്കുന്ന പക്ഷം അതവർക്ക് മനഃപ്രയാസമുണ്ടാക്കും. നിങ്ങൾക്ക് വല്ല ദോഷവും നേരിട്ടാൽ അവരതിൽ സന്തോഷിക്കുകയും ചെയ്യും. നിങ്ങൾ ക്ഷമിക്കുകയും സൂഷ്മത പാലിക്കുകയും ചെയ്യുന്ന പക്ഷം അവരുടെ കുതന്ത്രം നിങ്ങൾക്കൊരു ഉപദ്രവവും വരുത്തുകയില്ല. തീർച്ചയായും അല്ലാഹു അവരുടെ പ്രവർത്തന ങ്ങളുടെ എല്ലാ വശവും അറിയുന്നവനാകുന്നു”

(ആലുഇംറാൻ: 118–120)

ഇന്ന് യഹൂദികളും, ക്രിസ്ത്യനികളും ഇസ്ലാമിന്നെതിരെ നടത്തുന്ന കുതന്ത്രങ്ങൾ വളരെ വ്യക്തമാകുന്നു, മുസ്ലീങ്ങളെ

ഇസ്‌ലാമിൽ നിന്ന് അകറ്റുവാൻ വേണ്ടി വളരെയധികം സമ്പത്ത് അവർ ചിലവഴിക്കുന്നു.

ചിലർ പ്രബോധനാവശ്യാർത്ഥമല്ലാതെ അവരുമായി കൂടികലരുകയും,അവരുടെരാഷ്ട്രങ്ങളിലേക്ക് യാതൊരു ആവശ്യവുമില്ലാതെ യാത്ര ചെയ്യുകയും, അവിടെ തങ്ങുകയും, വസ്ത്രങ്ങളിലും മറ്റും അവരോട് സാമ്യം പുലർത്തുകയും, അവരുടെ ജീവിതചര്യകൾ മാതൃകയാക്കുകയും യാതൊരു ആവശ്യവുമില്ലാതെ അവരുടെ ഭാഷ അനുകരിക്കുകയും ചെയ്യാറുണ്ട്. ഇതൊക്കെ അവരുമായുള്ള ചങ്ങാത്തമാണ്; അരുതാത്തതുമാണ്.

******

# വിശ്വാസത്തിന് ഭംഗം വരുത്തുന്ന വൻ പ്രശ്നം.

പ്രവാചക(ﷺ)യുടെയും, സഹാബികളുടെയും, മാന്യരായ അഹ്‌ല് ബൈത്തിൻെറയും സ്ഥാനവും, പദവിയും കുറച്ച് കാണിക്കുക, അവരെ ചീത്തപറയക പോലെയുള്ള കാര്യങ്ങൾ വിശ്വാസത്തിന് കോട്ടം തട്ടുന്നതാണ്. പ്രവാചകാനുചരന്മാരെ മുഴുവനും നാം ഇഷ്ടപ്പെടുന്നു. അലി(رضي الله عنه)വിനെയോ, മറ്റുവല്ലവരെയോ അതിര്‌കടന്ന് സ്നേഹിക്കുകയോ, ഇകഴ്ത്തുകയോ ചെയ്യുന്നില്ല. അവരോട് വിദ്വേഷം വെക്കുന്നവരോട് നാമും വിദ്വേഷം വെക്കുന്നു, അവരെ പറ്റി നല്ലതല്ലാതെ നാം മറ്റൊന്നും പറയുന്നില്ല. അല്ലാഹു പറയുന്നു:

(وَالسَّابِقُونَ الأَوَّلُونَ مِنَ المُهَاجِرِينَ وَالأَنصَارِ وَالَّذِينَ اتَّبَعُوهُمْ بِإِحْسَانٍ رَضِيَ اللهُ عَنْهُمْ وَرَضُوا عَنْهُ ) (سورة التوبة : ١٠٠)

“മുഹാജിറുകളിൽ നിന്നും അൻസാറുകളിൽ നിന്നും ആദ്യമായി മുന്നോട്ട് വന്നവരും, സുകൃതം ചെയ്തുകൊണ്ട് അവരെ പിൻതുടർന്നവരും ആരോ, അവരെപറ്റി അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവനെ പറ്റി അവരും സംതൃപ്തരായിരിക്കുന്നു.” (തൗബ:100)

സ്വഹാബികൾക്കിടയിൽ സംഭവിച്ചിരിക്കുന്ന ഭിന്നതകളിൽ നിശബ്ദമായിരിക്കുകയെന്നതാണ് അഹ്‌ല്സുന്നത്തിവൽ ജമാഅ: അവ ലംബിച്ചിരിക്കുന്ന രീതി. അവരിൽ നിന്ന് തെറ്റും, ശരിയും

സംഭവിക്കും, കാരണം അവർ മനുഷ്യരാണ്. പ്രസ്തുത കുഴപ്പങ്ങളിൽ നിന്നും അല്ലാഹു നമ്മുടെ വാളിനെ സംരക്ഷിച്ചു. നമുക്ക് നമ്മുടെ നാവിനെയും അതിൽ നിന്ന് സംരക്ഷിച്ചു നിർത്താം. നമുക്ക് പറയാവുന്നത്; 'അവർ മനുഷ്യരാണ്. അവരെ ഒരുമിച്ച്കൂട്ടി അവരുടെ റബ്ബ് അവർക്കിടയിൽ വിധി പ്രസ്താവിക്കട്ടെ'.

പ്രവാചക തിരുമേനി(ﷺ)ക്ക് ശേഷം, ഇസ്ലാമിലുള്ള സ്ഥാനവും,ശ്രേഷ്ടതയും,കണക്കിലെടുത്ത് അബൂബക്കർ(رضي الله عنه)ൻെറ ഖിലാഫത്ത് നാം അംഗീകരിക്കുന്നു, തുടർന്ന് ഉമർ(رضي الله عنه), പിന്നെ ഉഥ്മാൻ(رضي الله عنه), പിന്നീട് അലി(رضي الله عنه) എന്നിവരുടെ ഖിലാഫത്തും നാം അംഗീകരിക്കുന്നു. ഇവരെയെല്ലാവരെയും അല്ലാഹു തൃപ്തിപ്പെടട്ടേ.

*****

# വിശ്വാസത്തിന് ഭംഗം വരുത്തുന്ന മററാരു വൻ പ്രശ്നം.

ഇന്ന് മുസ്ലീം സമുദായത്തിൽ കണ്ടുവരുന്ന ബിദ്അത്തുകളെല്ലം തന്നെ അല്ലാഹുവിലേക്കടുക്കുവാനുള്ള മാർഗ്ഗമാണെന്ന ധാരണ വിശ്വാസത്തിന് കോട്ടം തട്ടിക്കുന്നതാണ്.

പ്രവാചക ജന്മദിനം കൊണ്ടാടുക, അതിന്ന്വേണ്ടി വ്യത്യസ്ത പരിപാടികൾ സംഘടിപ്പിക്കുക, സാധാരണക്കാരെ കൊണ്ട് മതത്തിൽ ഇല്ലാത്ത അനാചാരം ചെയ്യിക്കുക പോലെയുള്ളത് ഇതിൽപെട്ടതാണ്.

അത്പോലെ ഔലിയാക്കളുടെയോ, പുണ്യാത്മാക്കളുടെ യോ, സ്വസന്താനങ്ങളുടെയാ ജന്മദിനം കൊണ്ടാടുക എന്നതും, മതത്തിൽ പുതുതായുണ്ടാക്കിയതാണ്. ഇസ്ലാമിൻെറ പ്രവാചകൻ(ﷺ) ഇങ്ങനെ ചെയ്തിട്ടില്ല. പ്രവാചകാനുയായികളും (رضي الله عنهم) അപ്രകാരം ചെയ്തിട്ടില്ല.

നബി(ﷺ)പറയുന്നു: "ആരെങ്കിലും നമ്മുടെ കാര്യത്തിൽ വല്ലതും പുതുതായുണ്ടാക്കിയാൽ അതിനെ തള്ളപ്പെടേണ്ടതാണ്" അതായത് ആ പുത്തനാചാരം ഉണ്ടാക്കിയവനെയും തള്ളേണ്ട

താണ്. വീണ്ടും പറയുന്നു: “പുതുതായുണ്ടാക്കിയതെല്ലാം തന്നെ ബിദ്അത്തുകളാണ്, എല്ലാ ബിദ്അത്തുകളും തള്ളപ്പെടേണ്ടതു മാണ്.” അല്ലാഹുപറയുന്നു:

(الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الإِسْلاَمَ دِينًا)

(سورة المائدة: ٣)

“ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു, എന്റെ അനുഗ്രഹം നിങ്ങൾക്ക് നിറവേറ്റിത്തരുകയും ചെയ്തിരിക്കുന്നു, മതമായി ഇസ്ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു,” (മാഇദ:3)

ഇത്പോലുള്ള ജന്മദിനങ്ങൾ പടച്ചുണ്ടാക്കി അവ മതത്തിലുള്ള താണെന്ന് വാദിച്ചാൽ അല്ലാഹു അവന്റെ മതം പൂർത്തിയാക്കിയിട്ടില്ലായെന്ന് വാദിക്കലാവും. ചിലർ സ്വയം ചില ആരാധനകൾ കെട്ടിയുണ്ടാക്കി അത് അല്ലാഹുവിലേക്കടുക്കുവാനാണെന്ന് പറയാറുണ്ട്. ഇതെല്ലാം തന്നെ അല്ലാഹുവിനോടും, അവന്റെ പ്രവാചകനോടും എതിര് പ്രകടിപ്പിക്കലാണ്. പ്രവാചകജന്മദിനം അല്ലാഹു ഇഷ്ടപ്പെടുന്ന ഒരു ആചാരമായിരുന്നെങ്കിൽ അത് പ്രവാചകൻ(ﷺ) നമുക്ക് പഠിപ്പിച്ച് തരുമായിരുന്നു. പുതുതായുണ്ടാക്കിയ ഒരു ബിദ്അത്തായതിനാൽ പണ്ഡിതന്മാർ കർക്കശമായി ഈ അനാചാരത്തെ വെറുക്കുകയും അതിനെതൊട്ട് ജനങ്ങളെ താക്കീത് നൽകുകയും ചെയ്തിട്ടുണ്ട്. കാരണം പ്രവാചകനെ സ്നേഹിക്കുകയെന്ന പേരിൽ പ്രവാചകനോട് വിളിച്ച് പ്രാർത്ഥിക്കുക, ഇസ്തിഗാഥ നടത്തുക, മറഞ്ഞ കാര്യം അറിയുമെന്ന് വാദിക്കുക പോലുള്ള വലിയ ശിർക്കുകൾ വന്നുപോവുന്നുണ്ട്. അത്പോലെ സ്നേഹ പ്രകടനത്തിൽ അതിര് കവിയൽ, സ്ത്രീ-പുരുഷ ലയനം, സംഗീതോപകരണങ്ങളുടെ ഉപയോഗം പോലെയുള്ള ഇസ്ലാം നിഷിദ്ധമാക്കിയ കാര്യങ്ങളെല്ലാം തന്നെ നടമാടുന്നുണ്ട്.

ചിലർ ആടിപാടുന്ന ബൂസുരിയുടെ പദ്യങ്ങളിൽ, മതത്തിൽ നിന്ന് പുറത്ത് പോകുന്ന തനി ശിർക്കുകൾ നമുക്ക് കാണാനാവും.

<u>ഉദാഹരണം:</u>

“അല്ലയോ സൃഷ്ടികളിൽ വെച്ചേറ്റവും ഉത്തമനായ നബിയെ, വ്യാപകമായ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും വരുന്ന സന്ദർഭത്തിൽ നിന്നെ കൂടാതെ യാതൊരു സഹായിയുമെനിക്കില്ല, അവസാനനാളിൽ താങ്കൾ എൻെറ കൈപിടിച്ച് രക്ഷപ്പെടുത്തിയില്ലായെങ്കിൽ, ഞാൻ പറയും: എൻെറ നാശമേയെന്ന്, നിൻെറ ഔദാര്യത്തിൽ പെട്ടതാണ് ഈ ദുൻയാവും, പരലോകവും, പേനകൊണ്ടെഴുതിയതും, ലൗഹിൽ മഹ്ഫൂളിലുള്ള അറിവും നിൻെറ അറിവിൽ പെട്ടതാണ്”

ഈ വരികളിലുള്ളത് തനിശിർക്കും, ഒരു മുസ്ലിമിനെ മതത്തിൽ നിന്ന് പുറത്താക്കുന്നതുമാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല തന്നെ.

ഇത് പോലുള്ള വിശേഷണങ്ങൾ, അദൃശ്യകാര്യമറിയൽ, പാപം പൊറുത്തു തരൽ, ഇഹലോകത്തെയും, പരലോകത്തെയും കാര്യങ്ങളറിയൽ തുടങ്ങിയവയെല്ലാം തന്നെ ആകാശ ഭൂമികളെ നിയന്ത്രിക്കുന്ന, ലോകരക്ഷിതാവായ അല്ലാഹുവിന്ന് മാത്രം അവകാശപ്പെട്ടതാണ്.

മൗലിദുന്നബിയിലും, മറ്റു ഔലിയാക്കളുടെ മൗലിദുകളിലും, ഇങ്ങനെയുള്ള ധാരാളം ശിർക്ക് കലർന്ന ഒരുപാട് കാര്യങ്ങൾ നടക്കാറുണ്ട്.

പ്രവാചക ജന്മദിനം കൊണ്ടാടുന്നവർ ഉന്നയിക്കുന്ന ന്യായീകരണം: പ്രവാചകൻെറ മദ്ഹ്പറയുവാനും, പുകഴ്ത്തുവാനും, ജീവചരിത്രം പഠിക്കുവാനുമാണ് മൗലൂദ് കൊണ്ടാടുന്നതെന്നാണ്. നമുക്ക് അവരോട് പറയുവാനുള്ളത്: നിങ്ങൾ പറയുന്നത് ശരി തന്നെ, പക്ഷേ, അതിന് പ്രത്യേക സമയവും, സന്ദർഭവും, വാർഷികങ്ങളും കാത്തിരിക്കേണ്ടതില്ല, മറിച്ച് പ്രവാചകൻെറ മദ്ഹുകൾ മിമ്പറുകളിലും, ക്ലാസ്സുകളിലും, പൊതുജനങ്ങൾ കൂടുന്നേടത്തും, മറ്റു സന്ദർഭങ്ങളിലും എല്ലാം തന്നെ നാം ചെയ്യേണ്ടതാണ്. അല്ലാഹു പറയുന്നു:

(فَإِنْ تَنَازَعْتُمْ فِي شَيْءٍ فَرُدُّوهُ إِلَى اللَّهِ وَالرَّسُولِ) (سورة النساء :٥٩)

“നിങ്ങൾ ഏതെങ്കിലും കാര്യത്തിൽ ഭിന്നിച്ചാൽ ആ കാര്യത്തെ അല്ലാഹു വിലേക്കും, പ്രവാചകനിലേക്കും മടക്കുക” (നിസാഅ്: 59)

പ്രവാചക ജന്മദിനാഘോഷത്തെ ഖുർആനിൻെറ അടിസ്ഥാനത്തിൽ വിലയിരുത്തിയാൽ അതിന് യാതൊടിസ്ഥാനവും കാണില്ല. പ്രവാചക ചര്യയുടെ

വെളിച്ചത്തിൽ പരിശോധിച്ചാലും ഈ മൗലീദുന്ന ബവി പ്രവാചകൻ കൊണ്ടാടുകയോ, കൊണ്ടാടുവാൻ കൽപിക്കുകയോ, അദ്ദേഹത്തിൻെറ സ്വഹാബികൾ ആചരിക്കുകയോ ചെയ്തിട്ടില്ലായെന്ന് മനസിലാകും. ഇസ്ലാം സമ്പൂർണമാണ്, ഇതിൽ ഒന്നും കൂട്ടുവാനോ, കുറക്കുവാനോ ആർക്കും അധികാരമില്ല.

മൗലൂദുന്നബവി കെട്ടിയുണ്ടാക്കിയ ബിദ്അത്തും, ക്രിസ്ത്യാനികളിൽ നിന്നും, ജൂതന്മാരിൽ നിന്നും കടമെടുത്തതും, അവരുടെ ഉത്സവങ്ങളിൽ സാദൃശ്യം പുലർത്തുന്നതുമാണ്. ധാരാളം പേർ ചെയ്യുന്നുണ്ടല്ലോയെന്ന് ന്യായം പറഞ്ഞ് അതിൽ ഒരാളും വഞ്ചിതരായിക്കൂടാ. അല്ലാഹു പറയുന്നു:

(قُلْ إِنْ كُنْتُمْ تحِبُّونَ اللهَّ فَاتَّبِعُونِي يحُبْبِكُمْ اللهُّ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَاللهُّ غَفُورٌ رَحِيمٌ) (سورة آل عمران: ٣١)

"നിങ്ങൾ അല്ലാഹുവിനെ ഇഷ്ടപ്പെടുന്നുവെങ്കിൽ എന്നെ പിൻപറ്റുക, അല്ലാഹു നിങ്ങളെ ഇഷ്ടപ്പെടുകയും, നിങ്ങളുടെ പാപങ്ങൾ പൊറുത്തു തരുകയും ചെയ്യും, അല്ലാഹു ഏറെ പൊറുക്കുന്നവനും, കാരുണ്യവാനുമാകുന്നു" (ആലു ഇംറാൻ:31)

*****

# മഹാ അത്ഭുതം!

ജുമുഅ: ജമാഅത്തിനോ, മറ്റു ദീനി പ്രവർത്തനങ്ങളിലോ ഒന്നും തന്നെ പങ്കെടുക്കാത്ത ചിലയാളുകൾ ഈ ബിദ്അത്തായ കാര്യത്തിൽ പങ്കാളികളാകുവാൻ വേണ്ടി വളരെയധികം ത്യാഗം ചെയ്യുന്നതായി കാണാൻ സാധിക്കും, ചിലരുടെ വിശ്വാസം മൗലിദാഘോഷ വേളയിൽ പ്രവാചകൻ ഹാജറാ കാറുണ്ട് എന്നാണ്, അത്കൊണ്ടാണത്രെ ആ പരിപാടിയിൽ അദ്ദേഹത്തിന് മർഹബ പാടുന്നത്. എന്നാൽ ഈ വിശ്വാസം നിരർത്ഥകവും, അജ്ഞതയുമാണ്. കാരണം പ്രവാച കൻ അദ്ദേഹത്തിൻെറ ഖബറിലാണ് അന്ത്യവിശ്രമം കൊള്ളുന്നത്. അവസാനനാളിന് മുമ്പ് അദ്ദേഹമതിൽ നിന്ന് ഇറങ്ങി വരികയില്ല തന്നെ. ഇതാണ് യഥാർത്ഥ അഹ്ലുസുന്നത്തിവൽ ജമാഅ:യുടെ

വിശ്വാസം.
തിരുമേനിയുടെ ആത്മാവ് അല്ലാഹുവിൻെറയടുത്ത് ദാറുൽ കറാമയിലെ ഇല്ലിയ്യീനിൽ ആണ്. പ്രവാചകൻ(ﷺ) പറയുന്നു: "അവസാനനാളിൽ ഞാനായിരിക്കും ആദ്യമായി ഖബറിൽ നിന്ന് പുറത്ത് വരുന്നത്" എന്നാൽ അദ്ദേഹത്തിൻെറ പേരിലുള്ള സ്വലാത്തും സലാമും ഏറ്റവും നല്ല ആരാധനയാണ്. അല്ലാഹു പറയുന്നു:

(إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَا أَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا) (سورة الأحزاب : ٥٦)

"തീർച്ചയായും അല്ലാഹു നബിയോട് കാരുണ്യം കാണിക്കുന്നു, അവൻെറ മലക്കുകൾ നബിക്ക് കാരുണ്യത്തിന് വേണ്ടി പ്രാർത്ഥിക്കുന്നു, അത്കൊണ്ട് സത്യവിശ്വാസികളെ നിങ്ങൾ അദ്ദേഹത്തിൻെറ മേൽ (അല്ലാഹുവിൻെറ) കാരുണ്യവും, ശാന്തിയുമുണ്ടാകുവാൻ പ്രാർത്ഥിക്കുക" (അഹ്സാബ്:56)

പ്രവാചകനെ സ്നേഹിക്കാത്തവൻെറയും, ബഹുമാനിക്കാത്തവൻെറയും വിശ്വാസം പൂർണമല്ലായെന്ന് നാമെല്ലാവരും മനസ്സിലാക്കിയതാണ്. എന്നാൽ മനസ്സിലാക്കേണ്ട പ്രധാനകാര്യം, പ്രവാചകനെ ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യേണ്ടത് തിരുമേനിയുടെ ചര്യയെ പിൻപറ്റി കൊണ്ടായിരിക്കണം എന്നതാണ്. പ്രവാചകൻ നമുക്ക് കാണിച്ച്തന്ന മതകാര്യത്തിൽ ഒരിക്കലും നാം അതിര് കവിയുവാൻ പാടില്ല. അല്ലാഹു പറയുന്നു:

(قُلْ إِنْ كُنْتُمْ تُحِبُّونَ اللَّهَ فَاتَّبِعُونِي يُحْبِبْكُمْ اللَّهُ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَاللَّهُ غَفُورٌ رَحِيمٌ) (سورة آل عمران: ٣١)

"നിങ്ങൾ അല്ലാഹുവിനെ ഇഷ്ടപ്പെടുന്നുവെങ്കിൽ എന്നെ പിൻപറ്റുക, അല്ലാഹു നിങ്ങളെ ഇഷ്ടപ്പെടുകയും, നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യും, അല്ലാഹു ഏറെ പൊറുക്കുന്നവനും, കാരുണ്യവാനുമാകുന്നു," (ആലുഇംറാൻ:31)

*****

# വിശുദ്ധറമളാൻ 27– ാം രാവിൽ നടത്തുന്ന പ്രത്യേക പരിപാടികൾ ബിദ്അത്ത്

റമളാനിൽ ആരാധനകൾ -പ്രത്യേകിച്ച് അവസാനത്തെ പത്തിൽ- കൂടുതൽ ഉത്സാഹത്തോടെ ചെയ്യുക എന്നത് പ്രവാചകതിരുമേനി (ﷺ)യുടെ ചര്യയാണ്. ബുഖാരിയും, മുസ്ലിമും ഉദ്ധരിക്കുന്ന ഒരു ഹദീസിൽ കാണാം, പ്രവാചകൻ പറഞ്ഞു: "ആരെങ്കിലും റമളാനിൽ വിശ്വാസത്തോടെ പ്രതിഫല കാംക്ഷയോടെ നിന്ന് നമസ്കരിച്ചാൽ അവന്ന് മുൻകഴിഞ്ഞ പാപങ്ങൾ പൊറുത്ത് കൊടുക്കുന്നതാണ്. ആരെങ്കിലും ലൈലത്തുൽ ഖദ്റിൽ വിശ്വാസത്തോടെയും പ്രതിഫലകാംക്ഷ യോടെയും നിന്ന് നമസ്കരിച്ചാൽ അവന്ന് മുൻകഴിഞ്ഞ പാപങ്ങൾ പൊറുത്ത് കൊടുക്കുന്നതാണ്" ഈ ഹദീസുകളിൽ വിവരിച്ച പ്രകാരമാണ് റമളാനിലും ലൈലത്തുൽ ഖദ്റിലും പ്രവാചകൻെറ ചര്യ. ലൈലത്തുൽഖദ്ർ റമളാൻ 27-ാം രാവിലാണെന്ന് വാദിക്കുന്നത് പ്രവാചക ച ര്യക്ക് വിരുദ്ധമാണെന്ന് മാത്രമല്ല, അന്ന് പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുന്നതും, പ്രവാചക സുന്നത്തിൽ തെളി വ് കാണാത്ത ആരാധനകൾ ചെയ്യലും ബിദ്അത്താകുന്നു. എന്നാൽ ലൈലത്തുൽ ഖദ്ർ ചിലപ്പോൾ 27-ാം രാവിലാവാൻ സാധ്യതയുണ്ട്, അത്പോലെ അവസാന പത്തിലെ മറ്റു ഒറ്റപ്പെട്ട രാവിലാകുവാനും സാധ്യതയുണ്ട്.

*****

# ഇസ്റാഅ് മിഅ്റാജ് കൊണ്ടാടൽ ബിദ്അത്ത്

ഇസ്റാഉം മിഅ്റാജും നബി(ﷺ)യുടെ സത്യസന്ധ തക്ക് വ്യക്തമായ തെളിവാണെന്നതിന്ന് യാതൊരു സംശയ വുമില്ല, കാരണം അത് വിശുദ്ധഖുർആനിലും, തിരുസുന്നത്തിലും

സ്ഥിരപ്പെട്ട കാര്യമാണ്. എന്നാൽ ഇസ്റാഉം, മിഅ്റാജും സംഭവിച്ച രാത്രി റജബാണോ, അതല്ല മറ്റേതെങ്കിലും മാസത്തിലാണോയെന്ന് സ്വഹീഹായ ഒറ്റ ഹദീസിലും വന്നിട്ടില്ല. ഇനി വ്യക്തമായി അതിൻെറ ദിവസം അറിഞ്ഞാൽ തന്നെ അതിൽ പ്രത്യേക ആരാധനകൾ ഉണ്ടാക്കുവാൻ നമുക്ക് അധി കാരമില്ല. കാരണം നബി(ﷺ)യോ സ്വഹാബികളോ അന്ന് പ്രത്യേക പരിപാടികളും, ആരാധനകളും സംഘടിപ്പിച്ചിട്ടില്ല. നബി(ﷺ) തൻെറ രിസാലത്ത് പൂർത്തിയാക്കുകയും, അമാനത്ത് ഉത്തരവാദിത്തത്തോടെ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. ഈ രാത്രിയിൽ പ്രത്യേക ആരാധനകളും, പരിപാടികളും ഉണ്ടായിരുന്നുവെങ്കിൽ അത്നബി(ﷺ) വിശദീകരി ച്ച് തരുമായിരുന്നു.

*****

# ശഅബാൻ 15 ആഘോഷിക്കൽ ബിദ്അത്ത്

ശഅബാൻ പതിനഞ്ചിന് വല്ല പ്രത്യേകതയോ, പ്രത്യേകമായ വല്ല ആരാധനകളോ പ്രവാചകതിരുമേനി പഠിപ്പിച്ചതായിട്ട് അവലം ബയോഗ്യമായ ഒരു തെളിവും തന്നെ നമുക്ക് കാണാൻ സാധ്യമല്ല. ഇതിൻെറ ശ്രേഷ്ടത വെളിവാക്കുന്ന ദുർബ്ബലമായ ഹദിസുകൾ ഉണ്ട്. എന്നാൽ ഈ രാത്രിയിലുള്ള പ്രത്യേക നമസ്കാരത്തെപ്പറ്റിയുള്ള ഹദീ സ് മൗളൂഅ് (കെട്ടിയുണ്ടാക്കിയത്) ആണ്. ഇബ്നു വള്ളാഇൽ നിന്നും സൈദ്ബ്നു അസ്ലം ഉദ്ധരിക്കുന്നു, “ശഅബാൻ പതിനഞ്ചിനെ പ്രത്യേകമാക്കുന്ന ഒറ്റ ശൈഖിനേയോ, കർമ്മ ശാസ്ത്രപണ്ഡിതനെയോ ഞങ്ങൾക്ക് കാണാൻ സാധിച്ചിട്ടില്ലാ യെന്ന് ഇബ്ന് റജബ് പറഞ്ഞതായി ഗ്രന്ഥങ്ങളിൽ കാണാവുന്ന താണ്. ആയതിനാൽ ഇത് ഒരു മുസ്ലിം ചെയ്യാൻ പാടില്ല”.

*****

# ഇസ്ലാം ദുർബ്ബലപ്പെടുന്ന കാര്യങ്ങൾ

ഒരാളെ ഇസ്ലാമിൻെറ വൃത്തത്തിൽ നിന്നും പുറത്താക്കുന്ന കാര്യങ്ങൾ പണ്ഡിതന്മാർ വിശദമായി ചർച്ചചെയ്തിട്ടുണ്ട്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടതും, അപകടകരവുമായതും പത്ത് കാര്യമാണ്.

1- ആരാധനയിൽ അല്ലാഹുവിനോട് പങ്ക് ചേർക്കുക (ഇതിനെ പറ്റി മുൻ പേജുകളിൽ വിശദമായി ചർച്ചചെയ്തിട്ടുണ്ട്)

2- അല്ലാഹുവിനും തനിക്കുമിടയിൽ മധ്യവർത്തികളെ സ്വീകരിക്കുക. അവരോട് ശഫാഅത്ത് തേടുക, അവരിൽ ഭരമേൽപ്പിക്കു(തവക്കുൽ)ക തുടങ്ങിയവ. ഇങ്ങനെ ചെയ്യുന്നവൻ അവിശ്വാസിയാണെന്ന കാര്യത്തിൽ മുസ്ലിം സമൂഹം ഏകോപിച്ചിരിക്കുന്നു.

3- ബഹുദൈവ വിശ്വാസികളും, ജൂതരും ക്രൈസ്തവരും, ബുദ്ധമതക്കാരും, ഇസ്ലാമിനെ മതമായി അംഗീകരിക്കാത്ത മറ്റു ആളുകളും കാഫിറാണെന്ന് വിശ്വസിക്കാതിരിക്കുകയോ, അതിൽ സംശയം പ്രകടിപ്പിക്കുകയോ, അവരുടെ മതനിയമങ്ങളും ശരിയാണെന്ന് വിശ്വസിക്കുകയോ ചെയ്യുന്നത് വ്യക്തമായ കുഫ്റാണ്.

4- മുഹമ്മദ്നബിയുടെ മാർഗ്ഗദർശനത്തേക്കാൾ സമ്പൂർണമാണ് മറ്റു പലരുടെയും മാർഗ്ഗദർശനം, ത്വാഗൂത്തിൻെറ നിയമം നല്ലതാണ് തുടങ്ങിയ വിശ്വാസങ്ങളും കുഫ്റ് തന്നെ. ഇസ്ലാമിക ശരീഅത്തിനെ (നിയമങ്ങളെ)ക്കാൾ ഉത്തമം മറ്റു ഭൗതിക നിയമങ്ങളാണെന്നും, ഇസ്ലാമിക നിയമങ്ങൾക്ക് കാലിക പ്രസക്തിയില്ലെന്നും, സംഭവനൂറ്റാണ്ടിന് യോജിച്ചതല്ലെന്നും, മുസ്ലീങ്ങളുടെ പിന്നോക്കാവസ്ഥക്ക് കാരണം ഈ ശരീഅത്താണെന്നു വിശ്വസിക്കുന്നതും കുഫ്റാണ്. മതത്തെ ദൈവവും മനുഷ്യനും തമ്മിലുള്ള ഒരു സ്വകാര്യ ഇടപാടാക്കി പൊതു ജീവിതത്തിൽ നിന്നും മാറ്റി നിറുത്തലും ഇതിൽപ്പെടും. അത്പോലെ മോഷ്ടാവിൻെറ

കരഛേദവും, വിവാഹിതരായ വ്യഭിചാരികളെ എറിഞ്ഞു കൊല്ലലും പഴഞ്ചനും കാടത്തവുമാണെന്ന് വിശ്വസിക്കലും ദൈവ നിഷേധമാണ്. ദൈവിക നിയമങ്ങളെക്കാൾ ഉത്തമമല്ലായെന്ന വിശ്വാസത്തോടെ മനുഷ്യനിർമ്മിത നിയമങ്ങൾ കൊണ്ട് ക്രയവിക്രയങ്ങളിലും, ശിക്ഷാ നിയമങ്ങളിലും മറ്റും വിധിനടപ്പിലാക്കാം എന്ന വിശ്വാസവും ഇതിൽ പെട്ടതാണ്. കാരണം ചിലപ്പോഴത് അല്ലാഹു നിഷിദ്ധമാക്കിയ മദ്യം, വ്യഭിചാരം, പലിശ പോലെയുള്ളതിനെ അനുവദനീയ മാക്കലാവും. ആരെങ്കിലും അല്ലാഹു നിഷിദ്ധമാക്കിയ കാര്യത്തെ അനു വദനീയമാക്കിയാൽ അവൻ കാഫിറാകുന്നു.

5 - മുഹമ്മദ് നബി(ﷺ) കൊണ്ട് വന്ന ഏതെങ്കിലും ഒരു കാര്യത്തോട് വെറുപ്പും വിദ്വേഷവും, പ്രകടിപ്പിക്കലും, ഇസ്ലാമിക കാര്യങ്ങൾ വെറുപ്പോടെ പ്രവർത്തിക്കലും കുഫ്റാകുന്നു, അല്ലാഹു പറയുന്നു:

(ذَلِكَ بِأَنَّهُمْ كَرِهُوا مَا أَنزَلَ اللَّهُ فَأَحْبَطَ أَعْمَالَهُمْ) (سورة محمد: ٩)

"അതെന്ത്കൊണ്ടന്നതിനാൽ അല്ലാഹു അവതരിപ്പിച്ചതിനെ അവർ വെറുത്ത് കളഞ്ഞു. അപ്പോൾ അവരുടെ കർമ്മങ്ങളെ അവൻ നിഷ്ഫലമാക്കി കളഞ്ഞു" (മുഹമ്മദ്:9)

6- പ്രവാചകൻ(ﷺ) പഠിപ്പിച്ച മതത്തിലെ അധ്യപനങ്ങളെയോ, ശിക്ഷാ രക്ഷകളേയോ പരിഹസിക്കൽ. അല്ലാഹു പറയുന്നു:

(قُلْ أَبِاللَّهِ وَآيَاتِهِ وَرَسُولِهِ كُنتُمْ تَسْتَهْزِئُونَ * لاَ تَعْتَذِرُوا قَدْ كَفَرْتُم بَعْدَ إِيمَانِكُمْ) (سورة التوبة: ٦٥- ٦٦)

"പറയുക, അല്ലാഹുവെയും അവൻെറ ദൃഷ്ടാന്തങ്ങളെയും അവൻെറ ദൂതനെയുമാണോ നിങ്ങൾ പരിഹസിച്ച് കൊണ്ടിരിക്കുന്നത്? നിങ്ങൾ ഒഴിവ് കഴിവുകളൊന്നും പറയേണ്ട, വിശ്വസിച്ച് കഴിഞ്ഞതിന് ശേഷം നിങ്ങൾ അവിശ്വസിച്ച് കഴിഞ്ഞിരിക്കുന്നു," (തൗബ:65-66)

7- സിഹ്റ്(മാരണം) ചെയ്യുക. ഭാര്യഭർത്താക്കൾക്കിടയിൽ അകൽചയുണ്ടാക്കുന്നതിനും മറ്റുമായി ചെയ്യുന്നവ ഉദാഹരണം. അല്ലാഹു പറയുന്നു:

(وَمَا يُعَلِّمَانِ مِنْ أَحَدٍ حَتَّى يَقُولاَ إِنَّمَا نَحْنُ فِتْنَةٌ فلاَ تَكْفُرْ) (سورة البقرة:١٠٢)

"അവർ രണ്ടാളും ഇത് ഒരു പരീക്ഷണമാണ് എന്ന് പറയാതെ ആരെയും പഠിപ്പിച്ചിരുന്നില്ല, അതിനാൽ (ഇത് ഉപയോഗിച്ച്) ദൈവനിഷേധത്തിലേർപ്പെടരുത് എന്ന് അവർ പറഞ്ഞ് കൊടുക്കാതിരുന്നില്ല,) (അൽബഖറ:102)

8- മുസ്ലീങ്ങൾക്കെതിരിൽ ബഹുദൈവാരാധകരെ സഹായിക്കൽ. അല്ലാഹു പറയുന്നു:

(وَمَنْ يَتَوَلَّهُمْ مِنْكُمْ فَإِنَّهُ مِنْهُمْ إِنَّ اللهَّ لاَ يَهْدِي الْقَوْمَ الظَّالمِينَ) (سورة المائدة:٥١)

"നിങ്ങളിൽ നിന്നാരെങ്കിലും അവരെ ഉറ്റമിത്രങ്ങളായി സ്വീകരിക്കുന്ന പക്ഷം അവനും അവരിൽ പെട്ടവൻ തന്നെയാണ്. അക്രമികളായ ആളുകളെ അല്ലാഹു നേർവഴിയിലാക്കുകയില്ല, തീർച്ച." (മാഇദ:51)

9- മൂസാനബി(ﷺ)യുടെ കാലക്കാരനായിരുന്ന ഖളിറിന് മൂസാനബി (ﷺ)ൻെറ ശരീഅത്ത് ബാധകമല്ലാതിരുന്ന പോലെ മുഹമ്മദ് നബി(ﷺ)യുടെ ശരീഅത്ത് തനിക്കും ബാധകമല്ലെന്ന് ആരെങ്കിലും വിശ്വസിക്കുക. ചില സൂഫികൾ മതത്തിലെ ചില നിർബ്ബന്ധകാര്യങ്ങൾ തങ്ങൾക്ക് അനുഷ്ടിക്കേണ്ടതില്ലായെന്ന് വാദിക്കുന്നു, അവർ അവിശ്വാസികളാണ്. അല്ലാഹു പറയുന്നു:

(وَمَنْ يَبْتَغِ غَيْرَ الإِسْلاَمِ دِينًا فَلَنْ يُقْبَلَ مِنْهُ وَهُوَ فِي الآَخِرَةِ مِنْ الخَاسِرِينَ) (سورة آل عمران: ٨٥)

"ഇസ്ലാം (ദൈവത്തിനുള്ള ആത്മാർപ്പണം) അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല, പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും" (ആലു ഇംറാൻ:85)

10- അല്ലാഹുവിൻെറ മതം പഠിക്കുന്നതിൽ നിന്നും, അതനുസരിച്ച് പ്രവർത്തിക്കുന്നതിൽ നിന്നും പിന്തിരിഞ്ഞ്കളയൽ. അല്ലാഹു പറയുന്നു:

(وَمَنْ أَظْلَمُ مِمَّنْ ذُكِّرَ بِآيَاتِ رَبِّهِ ثُمَّ أَعْرَضَ عَنْهَا إِنا مِنَ الْمُجْرِمِينَ مُنتَقِمُونَ)

(سورة سجدة:٢٢)

“തൻെറ രക്ഷിതാവിൻെറ ദൃഷ്ടാന്തങ്ങളെപ്പറ്റി ഉൽബോധനം നൽകപ്പെട്ടിട്ട് അവയിൽ നിന്ന് തിരിഞ്ഞ് കളഞ്ഞവനേക്കാൾ അറകമിയായി ആരുണ്ട്? തീർച്ചയായും അത്തരം കുറ്റവാളികളുടെ പേരിൽ നാം ശിക്ഷാ നടപടിയെടുക്കുന്നതാണ്” (സജദ:22)

*****

# <u>ഒരു നിമിഷം!!!</u>

ഒരാൾ നമസ്കാരം ഉപേക്ഷിക്കുകയെന്നത് വൻ പാപത്തിൽ പെട്ട താണ്.

നമസ്കാരം ഉപേക്ഷിക്കുന്നവൻ പിശാചുക്കളുടെ കൂട്ടാളിയും, അല്ലാഹുവിൻെറ ശത്രുവും, സത്യവിശ്വാസികളുടെ എതിരാളിയും, അവിശ്വാസികളുടെ സഹോദരനുമാണ്. അവസാന നാളിൽ അങ്ങനെയുള്ളവരെ ഒരുമിച്ച് കൂട്ടുക ഫിർഔനിൻെറ യും, ഹാമാനിൻെറയും കൂടെയായിരിക്കും, അവർ അവരോടൊപ്പം നരകത്തിൽ കത്തിയെരിഞ്ഞ് കൊണ്ടിരിക്കും.

നബി(ﷺ)പറഞ്ഞു: “ഒരു മനുഷ്യൻെറയും, അവിശ്വാസത്തിൻെറയും (ശിർക്കിൻെറയും) ഇടയിലുള്ള വ്യത്യാസം നമസ്കാരം ഉപേക്ഷിക്കലാണ്” (മുസ്ലിം).

ഹാകിമിൽ നിന്നും, തിർമിദിയിൽ നിന്നും സ്വഹീഹായി വന്ന ഒരു ഹദീസിൽ അബ്ദുല്ലാഇബ്നു ശഖീഖിൽ നിന്ന് അബൂഹുറൈറ(رضي الله عنه) ഉദ്ധരിക്കുന്നു: പ്രവാചക സ്വഹാബികളുടെ കാലത്ത് ഒരു പ്രവർത്തനം ഉപേക്ഷിച്ചാൽ

കാഫിറാകുന്നത് നമസ്കാരമല്ലാതെ വേറെ ഒരു പ്രവർത്തന ത്തെയും അവർക്കിടയിൽ അവർ കണ്ടിരുന്നില്ല"

സഊദി അറേബ്യയിലെ പണ്ഡിതനായിരുന്ന മുഹ മ്മദ് സ്വാ ലിഹ്ബ്നു അൽഉഥൈമീൻ(റ) പറയുന്നു: "നമസ്കാരം ഉപേക്ഷിച്ചവൻ അമുസ്ലിം ആണെന്ന് നാം പറഞ്ഞാൽ അതിനോട് കൂടി വേറെ കുറെ കാര്യങ്ങൾ നാം പാലിക്കേണ്ട തുണ്ട്, അതിൽപ്പെട്ടതാണ്, അവനെ മതത്തിൽ നിന്നും പുറത്ത്പോയ മുർത്തദ്ധായി പരിഗണിക്കുക, അവന്ന് മുസലിം സ്ത്രീയെ കല്യാണം കഴിച്ച് കൊടുക്കാതിരിക്കുക, അവ ൻ ആർക്കെങ്കിലും വലിയ്യായി കല്യാണം കഴിപ്പി ച്ച് കൊടുത്താൽ ആ നിക്കാഹ് സാധുവാകുകയില്ല, അവന്ന് നിക്കാഹ് ചെയ്ത്കൊടുത്തതിന് ശേഷം നമസ്കാരം ഉപേക്ഷിച്ചാൽ അവൻെറ നിക്കാഹ് അസാധുവാകുകയും, അവന്ന് ഭാര്യയെ സമീപിക്കൽ നിഷിദ്ധമാകുകയും ചെയ്യും. അവൻ അറുത്തത് ഹറാമായതിനാൽ അത് ഭക്ഷിക്കുവാൻ പാടില്ല, മക്കയിൽ അവന്ന് പ്രവേശിക്കുവാൻ അനുവാദമില്ല. അവൻെറ ബന്ധത്തിൽ പെട്ട ആരെങ്കിലും മരിച്ചാൽ അവന്ന് അനന്തിരാവകാശം കിട്ടുകയില്ല, അവൻ മരിച്ചാൽ അവനെ കുളിപ്പിക്കുകയോ, കഫൻ ചെയ്യുകയോ, അവൻെറ മേൽ നമസ്കരിക്കുകയോ, മുസലീങ്ങളോടൊപ്പം മറമാടുകയോ ചെയ്യാൻ പാടില്ല. മാത്രമല്ല പരലോകത്ത് അവനെ അവിശ്വാസികളോടൊപ്പമായിരിക്കും ഒരുമിച്ച് കൂട്ടുക. സ്വർഗ്ഗത്തി ൽ അവന്ന് പ്രവേശനമുണ്ടാകുകയില്ല. അവൻെറ പാപമോ ചനത്തിനായി ബന്ധുക്കൾക്കാർക്കും പ്രാർത്ഥിക്കുവാനും പാടുള്ളതല്ല. നമസ്കാരം ഉപേക്ഷിച്ചവൻെറ മരണം വളരെ ബുദ്ധിമുട്ടുള്ളതും, പ്രയാസ കരവുമായിരിക്കും"

ഇബ്നുൽ ഖയ്യിം(റ) പറയുന്നു: "ഒരുപാട് പാപങ്ങളും, തെറ്റുകളും ചെയ്ത്കൂട്ടിയ ഒരു മനുഷ്യൻ അയാൾക്ക് മരണം ആസന്നമായപ്പോൾ അദ്ദേഹത്തിൻെറ ചുറ്റുമിരുന്ന് ബന്ധുക്കൾ വ്യസനിക്കുകയും അല്ലാഹുവിനെ സംബ്വന്ധിച്ച് ഓർമിപ്പിച്ച് കൊണ്ടിരിക്കുകയും "ലാഇലാഹഇല്ലല്ലാ" എന്ന് ഓതികൊടുക്കുകയും ചെയ്ത്കൊണ്ടിരുന്നു. എന്നാൽ അദ്ദേഹം അതിനെ നിഷേധിക്കുകയും, വലിയ ശബ്ദത്തിൽ അട്ടഹസിച്ച് കൊണ്ടിങ്ങനെ പറയുന്നുണ്ടായിരുന്നു: "ഞാൻ എങ്ങിനെ "ലാഇ ലാഹഇല്ലല്ലാ"യെന്ന് പറയും, എനിക്ക് "ലാഇലാഹ ഇല്ലല്ലാ" ഉപകാരപ്പെട്ടിട്ടില്ല, ഒരുനമസ്കാരം പോലും നിർവ്വഹിച്ചതായി എനിക്കോർമ്മയില്ല" അങ്ങിനെ

അദ്ദേഹം മരിക്കുന്നത് വരെ വളരെയധികം പ്രയാസ പ്പെട്ട് കൊണ്ടിരുന്നു."

ശ്രദ്ധിക്കുക: ആമിർഇബ്നു അബ്ദില്ലാഇബ്നു സുബൈർ, അദ്ദേഹം തൻെറ ജീവിതത്തിൻെറ അവസാന ശ്വാസവും എണ്ണികൊണ്ട് മരണ ശയ്യയിൽ കിടക്കുമ്പോൾ, ചുറ്റും ബന്ധുമിത്രാദികൾ കരഞ്ഞ് കൊണ്ടിരിക്കുന്ന വേളയിൽ, മരണത്തോട് മല്ലിടുന്ന അവസരത്തിൽ പോലും മ ഗ്രിബ് നമസ്കാരത്തിന്നുള്ള ബാങ്ക് കേട്ടപ്പോൾ, മരണം തൊണ്ട കുഴിയിൽ എത്തി നിൽക്കെ, ശ്വാസം പ്രയാസകരമായിരിക്കേ, വേദന കഠിനമായിരിക്കേ, അദ്ദേഹം തൻെറ ചുറ്റും കൂടിയിരിക്കുന്നവരോട് പറഞ്ഞു: നിങ്ങൾ എൻെറ കൈകൾ പിടിക്കൂ, അവർ ചോദിച്ചു: എങ്ങോട്ട്? അദ്ദേഹം പറഞ്ഞു: പള്ളിയിലേക്ക്, അവർ പറഞ്ഞു: ഈ അവസ്ഥയിലോ? അദ്ദേഹം പറഞ്ഞു: അല്ലാഹു എത്ര പരിശുദ്ധൻ, നമസ്കാരത്തിലേക്കുള്ള വിളികേൾക്കേ ഞാൻ അതിന്നുത്തരം നൽകാതിരിക്കുകയോ? എൻെറ കൈകൾ പിടിക്കൂ, അങ്ങിനെയവർ അദ്ദേഹത്തെ പ ള്ളിയിലേക്ക് കൊണ്ട്, പോയി ഒരു റകഅ ത്ത് ഇമാമോട് കൂടി നമസ്കരിക്കുകയും, സുജൂദിൽ കിടന്ന് മരിക്കുകയും ചെയ്തു.

അത്വാഅ് ഇബ്നു സാഇബ് പറഞ്ഞു: ഞങ്ങൾ അബൂ അബ്ദുറഹിമാൻ സുലമിയുടെ അടുത്തേക്ക് പോയി, അദ്ദേഹം തൻെറ അവസാന ശ്വാസത്തിൽ, ആത്മാവ് തൊണ്ടകുഴിയിൽ എത്തിനിൽക്കേ പള്ളിയിൽ നമസ്കാരവും പ്രതീക്ഷിച്ചിരിക്കുക യായിരുന്നു, അദ്ദേഹത്തോട് പറയപ്പെട്ടു: ഈ അവസ്ഥയിൽ നിങ്ങൾക്ക് നല്ലത് വീട്ടിലെ വിരിപ്പിൽ കിടക്കുന്നതാണ്. അപ്പോഴദ്ദേഹം വളരെ പ്രയാസപ്പെട്ട് കൊണ്ട് പറഞ്ഞു: നബി(ﷺ) പറയുന്നതായി ഒരാളിൽ നിന്നും എനിക്കെത്തിയിട്ടുണ്ട്, "ഒരാൾ നമസ്കാരം പ്രതീക്ഷിച്ച് കൊണ്ട് തൻെറ നമസ്കാര സ്ഥലത്തിരുന്നാൽ അവൻ ആ സമയം മുഴുവനും നമ സ്കാരത്തിലാകുന്നു. ഞാൻ ഈ അവസ്ഥയിൽ മരിക്കുവാനാ ണ് ആഗ്രഹിക്കുന്നത്".

ആരെങ്കിലും നമസ്കാരം നിലനിർത്തുകയും, അവൻെറ രക്ഷിതാവിനെ അനുസരിക്കുകയും ചെയ്താൽ, അവൻെറ പര്യവസാനം അല്ലാഹുവിൻെറ തൃപ്തിയോടെയായിരിക്കുന്നതാണ്.

സഅദ്ബ്നു മുആദ് നല്ലവനും, സ്വാലിഹീങ്ങളിൽ പെട്ടവനും, മുത്തഖിയും, വളരെയധികം ആരാധനകളിൽ മുഴുകുന്നവനും, പാതിരാ നേരങ്ങളിൽ അല്ലാഹുവിനെ ഓർത്ത് കണ്ണീർ പൊഴിക്കുന്നവനും, പകലുകളിൽ നമസ്കാരം കൊണ്ടും, ഇസ്തിഗ്ഫാർ കൊണ്ടും നിരതനാ വുന്നവനുമാ യിരുന്നു. ബനൂഖുറൈളക്കാരുമായിട്ടുള്ള യുദ്ധത്തിൽ അദ്ദേ ഹത്തിന് ഒരു മുറിവ് പറ്റി, മരിക്കുന്നത് വരെ അങ്ങിനെ കഴിച്ച്കൂട്ടി, നബി(ﷺ)ക്ക് വിവരം എത്തിയപ്പോൾ അനുചരന്മാ രോട് അവിടേക്ക് പുറപ്പെടുവാൻ നിർദ്ദേശമുണ്ടായി: ജാബിർ(رضي الله عنه)പറയുന്നു: ഞങ്ങൾ പ്രവാചകനോടൊപ്പം ചെരിപ്പിൻെറ വാറുകൾ പൊട്ടുമാറും, തുണികളെല്ലാം അഴിയുമാറും വളരെ വേഗത്തിൽ സഞ്ചരിച്ചു, പ്രവാചകൻെറ വേഗത കണ്ട് സ്വഹാബികൾ അൽഭുതപ്പെട്ടു, പ്രവാചകൻ(ﷺ) പറഞ്ഞു: ഹൻളലാ(رضي الله عنه)യെ മലക്കുകൾ കുളിപ്പിച്ചത് പോലെ അദ്ദേഹത്തെയും മലക്കുകൾ കുളിപ്പിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു. അങ്ങിനെ അവിടെ എത്തിയപ്പോഴെക്കും അദ്ദേഹം മരിച്ച് കഴിഞ്ഞിരുന്നു, അദ്ദേഹത്തിൻെറ ബന്ധുക്കൾ അദ്ദേഹത്തെ കുളിപ്പിക്കുകയും, അദ്ദേഹത്തിൻെറ മാതാവ് കരയുകയും ചെയ്യുന്നുണ്ടായിരുന്നു, അപ്പോൾ പ്രവാചകൻ(ﷺ) പറഞ്ഞു: “കരയുന്ന സ്ത്രീകളെല്ലാം തന്നെ അഭിനയിക്കാറുണ്ട് സഅ ദിൻെറ ഉമ്മ ഒഴിച്ച്” പിന്നിട് അദ്ദേഹത്തെ ഖബറി ലേക്ക് കൊണ്ട്പോയി, പ്രവാചകൻ സഅദിൻെറ അന്ത്യ കർമ്മങ്ങളിൽ മുഴുകുകയുണ്ടായി, ഞങ്ങൾ പറഞ്ഞു: “അല്ലയോ പ്രവാചകരെ ഇത്രയും ഭാരം കുറഞ്ഞ ഒരു മയ്യിത്ത് ഇതിന്മുമ്പ് ഞങ്ങൾ വഹിച്ചിട്ടില്ല”, അപ്പോൾ പ്രവാ ചകൻ പറഞ്ഞു: “ഈ ദിവസം ഭൂമിയിലേക്ക് മലക്കുകൾ ഇറങ്ങിയപോലെ ഒരിക്കൽ പോലും ഇറങ്ങിയിട്ടില്ല. നിങ്ങളോടൊപ്പം അവരും മയ്യിത്ത് ചുമന്നിട്ടുണ്ട്, അല്ലാഹു തന്നെയാണ് സത്യം തീർച്ചയായും സഅദിൻെറ ആത്മാവിനെ തൊട്ട് മലക്കുകൾ എനിക്ക് സന്തോഷ വാർത്തയറിയിച്ചിട്ടുണ്ട്, അദ്ദേഹത്തിന് വേണ്ടി അല്ലാഹുവിൻെറ സിംഹാസനം പോലും വിറക്കുകയുണ്ടായി” അല്ലാഹു പറയുന്നു:

(إِنَّ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ كَانَتْ لَهُمْ جَنَّاتُ الْفِرْدَوْسِ نُزُلاً * خَالِدِينَ فِيهَا لاَ يَبْغُونَ عَنْهَا حِوَلاً) (سورة الكهف: ١٠٨)

“തീർച്ചയായും വിശ്വസിക്കുകയും, സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർക്ക് സൽകാരം നൽകാനുള്ളതാകുന്നു സ്വർഗ്ഗത്തോപ്പുകൾ. അവരതിൽ നിത്യവാസികളായിരിക്കും. അതിൽ നിന്ന് വിട്ട്മാറാൻ അവർ ആഗ്രഹിക്കുകയില്ല” (അൽകഅ്ഫ്:107-108)

*****

# സകാത്ത് നൽകാതിരിക്കൽ വൻപാപം

സ്വഹീഹ് മുസ്ലിമിൽ നമുക്ക് കാണാം, പ്രവാചകൻ(ﷺ) പറഞ്ഞു: “സ്വർണ്ണത്തിൻെറയും, വെള്ളിയുടെയും ഉടമസ്ഥർ അതിൻെറ വിഹിതം കൊടുത്തില്ലായെങ്കിൽ, അവസാനനാളിൽ (ഒരു ദിവസം ദുർയാവിലെ 50000 വർഷങ്ങൾക്ക് തുല്ല്യം) അനേകം ദിവസം ജനങ്ങളെ നരകത്തിലേക്കോ, സ്വർഗ്ഗത്തിലേക്കോയെന്ന് തീരുമാനിക്കുന്നത് വരെ, അവരുടെ സമ്പത്തുകൾ കൊണ്ടൊരു ആഭരണമുണ്ടാക്കി, അത് നരകത്തിലിട്ട് ചുട്ട് പഴുപ്പിച്ച് അവരുടെ ചുമലിലും, മുതുകിലും, പാർശ്വങ്ങളിലും അവകൊണ്ട് ചൂടു പിടിപ്പിക്കുന്നതാണ്. അവർക്ക് തണുപ്പനുഭവപ്പെടുമ്പോഴെല്ലാം വീണ്ടും വീണ്ടും അതാവർത്തിച്ച് കൊണ്ടിരിക്കുന്നതാണ്”

ബുഖാരി ഉദ്ദരിക്കുന്ന ഹദീസിൽ നബി(ﷺ) പറഞ്ഞു: “അല്ലാഹു സമ്പത്ത് നൽകിയവർ അതിനുള്ള സകാത്ത് നൽകിയില്ലെങ്കിൽ, പരലോകത്ത് ഇരുതലകളുള്ള പാമ്പുകളടെ രൂപത്തിൽ ആ ധനം രൂപപ്പെട്ട്, അവനെ ചുറ്റിപൊതിഞ്ഞ് ഇരു തലകൾ കൊണ്ടും അവൻെറ ഇരു കവിളിലും കൊത്തി പറയും: ഞാനാണ് നിൻെറ സമ്പത്ത്, ഞാനാകുന്നു നിൻെറ നിധിയെന്ന്.” എന്നിട്ട് പ്രവാചകൻ ഈ ആയത്ത് ഓതി:

(وَلاَ يَحْسَبَنَّ الَّذِينَ يَبْخَلُونَ بِمَا آتَاهُم اللهُ مِنْ فَضْلِهِ هُوَ خَيْرًا لَهُمْ بَلْ هُوَ شَرٌّ لَهُمْ سَيُطَوَّقُونَ مَا بَخِلُوا بِهِ يَوْمَ الْقِيَامَةِ) (سورة آل عمران: ١٨٠)

"അല്ലാഹു അവൻെറ അനുഗ്രഹത്തിൽ നിന്ന് തങ്ങൾക്കു തന്നിട്ടുള്ളതിൽ നിന്ന് പിശുക്കു കാണിക്കുന്നവർ അത വർക്ക് ഗുണകരമാണെന്ന് ഒരിക്കലും വിചാരിക്കരുത്. അല്ല, അവർക്ക് ദോഷകരമാണത്. അവർ പിശുക്ക് കാണിച്ച ധനം കൊണ്ട് ഉയർത്തെഴുന്നേൽപിൻെറ നാളിൽ അവരുടെ കഴുത്തിൽ മാല ചാർത്തപ്പെടുന്നതാണ്." (ആലുഇം റാൻ:180)

*****

# അവസാനമായി...

സഹോദരി, സഹോദരന്മാരെ,
മുസ്ലിം സമുദായമെ, അല്ലാഹുവിൻെറ വിളിക്ക് പൂർണമായി ഉത്തരം നൽകുകയും വിശ്വസിക്കുകയും ചെയ്യുക, എന്നാൽ അല്ലാഹു നിങ്ങൾക്ക് പാപങ്ങൾ പൊറുത്ത് തരികയും, നിങ്ങളെ വേദനാജനകമായ നരകശിക്ഷയിൽ നിന്ന് രക്ഷപ്പെടുത്തുകയും ചെയ്യുന്നതാണ്.

അല്ലാഹു തന്നെയാണ് സത്യം, ഇത് നിങ്ങളോടുള്ള ഒരു ഉപദേശമാണ്, ഈ സത്യം പകൽ വെളിച്ചം പോലെ വെളിവാക്കി തന്നിരിക്കുന്നു, യഥാർത്ഥ മതം ഒന്നേയൊള്ളു വെന്ന് നിങ്ങൾക്ക് ബോധ്യപ്പെട്ടിരിക്കുന്നു, ആ യാഥാർത്ഥ്യം അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ലായെന്ന സത്യമാണ്. അവനാണ് എന്നെന്നും ജീവിക്കുന്നവനും, എല്ലാം നിയന്ത്രിക്കു ന്നതും, ഏകനും, ആരുടെയും ആശ്രയം ആവശ്യമില്ലാത്തവനും അവനാണ്, അവനിൽ ആരെയും പങ്ക് ചേർക്കുന്നത് അവൻ ഒ രിക്കലും ഇഷ്ടപ്പെടുകയില്ല തന്നെ.

താഴെ പറയുന്ന രൂപത്തലുള്ള ആളുകളിൽ നാം ഉൾപ്പെടുവാൻ പാടില്ല.

(إِنَّا وَجَدْنَا آبَاءَنَا عَلَى أُمَّةٍ وَإِنَّا عَلَى آثَارِهِمْ مُقْتَدُونَ) (سورة الزخرف:٢٣)

"ഞങ്ങളുടെ പിതാക്കളെ ഒരു മാർഗത്തിൽ നിലകൊള്ളുന്നവരായി ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു, തീർച്ചയായും ഞങ്ങൾ അവരുടെ കാൽ പാടുകളെ അനുഗമിക്കുന്നവരാകുന്നു." (സുഖുറുഫ്:23)

ഈ രൂപത്തിൽ പറയാതെ നാം പറയേണ്ടത് 'ഞങ്ങൾ ഏകദൈവ വിശ്വാസികളും, അല്ലാഹുവിനെ അനുസരിക്കുന്നവരും, അവൻെറ പ്രവാചകനെ പിൻപറ്റുന്നവരുമാണ്' എന്നാകുന്നു.

ഖബറിടങ്ങളിലും, ശവകുടീരങ്ങളിലും, ബലിയറുക്കുന്നവരുടെയും, അല്ലാഹുവിൽ പങ്ക് ചേർക്കുന്നവരുടെയും ആധിക്യം കണ്ട് നീ അതിൽ വഞ്ചിതനാവേണ്ടതില്ല.

ഖബറിടത്തിൽ നിന്നും, ശവകുടീരത്തിൽ നിന്നെല്ലാം പ്രാർത്ഥനക്കുത്തരം ലഭിക്കുമെന്നും, പ്രയാസങ്ങൾ നീങ്ങികിട്ടുമെന്നും പറഞ്ഞ് പ്രചരിപ്പിച്ച് കൊണ്ടിരിക്കുന്ന, ഖബർ കൊണ്ട് ജീവിക്കുന്ന ജാഹിലീങ്ങൾ കെട്ടിയുണ്ടാക്കുന്ന കഥകളിലും, ഊഹാപോഹങ്ങളിലും നീ വഞ്ചിതനാകേണ്ടതില്ല.

നബി(ﷺ)യുടെ എളാപ്പയായ അബൂത്വാലിബിൻെറ അവസ്ഥ നാം ശ്രദ്ധിക്കുക, അദ്ദേഹം മുഹമ്മദ് നബി പറയുന്നത് സത്യമാണെന്ന് മനസ്സിലാക്കിയിരുന്നു, അദ്ദേഹം കൊണ്ട്വന്ന മതം യാഥാർത്ഥ്യമാണെന്നും, വിഗ്രഹാരാധന അയാഥാർത്ഥ്യമാണെന്നും മനസ്സിലാക്കിയിരുന്നു, മാത്രമല്ല അദ്ദേഹം പലപ്പോഴും ഇങ്ങനെ കൂടി പറയാറുണ്ടായിരുന്നു:

"അല്ലാഹു തന്നെ സത്യം, എന്നെ മറമാടിയതിന് ശേഷം ഖബറിന് മുകളിൽ മണ്ണ് വാരിയിടുന്നത് വരെ നിൻെറ ശത്രുക്കൾ നിൻെറയടുത്തേക്ക് എത്തുക തന്നെയില്ല",

"നീ എന്നെ ഉപദേശിക്കുകയാണെന്ന് ഞാൻ മസസ്സിലാക്കുന്നു, നീ സത്യസന്ധനാണെന്ന് എനിക്കറിയാം, നീ ഞങ്ങളിൽ വിശ്വസ്ഥനാകുന്നു".

"നീ കൊണ്ട്വന്ന മതം ലോകത്തിൽ വെച്ചേറ്റവും നല്ല മതമാണെന്നും ഞാൻ മനസ്സിലാക്കിയിരിക്കുന്നു".

"ജനങ്ങളെന്നെ മതം ത്യജിച്ച ഭീരുവെന്ന് പറയില്ലായിരുന്നെങ്കിൽ ഞാൻ നിൻെറ മതത്തിൽ വ്യക്തമായി കീഴൊതുങ്ങുമായിരുന്നു"

പക്ഷേ, പൂർവ്വികന്മാരുടെ മതം പിൻപറ്റുകയും, അവരെ അനുകരിക്കുകയും ചെയ്തതാണ് അദ്ദേഹത്തെ സത്യം സ്വീകരിക്കുന്നതിൽ നിന്നും തടയപ്പെട്ടത്.

സഹോദരാ, ഒന്നു കൂടി ശ്രദ്ധിക്കൂ,

ശരീരം ദുർബ്ബലമായി, തൊലിയെല്ലാം ചുക്കിചുളിഞ്ഞ്, എല്ലുകൾ ബലഹീനമായി, വയോവൃദ്ധനായി, മരണത്തെ മുഖാമുഖം

കണ്ട് മരണശയ്യയിൽ കിടക്കുകയാണ് അബൂത്വാലിബ്, പ്രവാചകൻ അദ്ദേഹത്തിനരികിലിരുന്നു കൊണ്ട് അല്ലയോ എളാപ്പാ, നിങ്ങൾ ഒരു പ്രാവശ്യമെങ്കിലും (لاإلـه إلا الله) യെന്ന് ചൊല്ലണമെന്ന് ആവർത്തിച്ച് കൊണ്ടേയിരുന്നു. അരികിൽതന്നെ ഖുറൈശി പ്രമുഖന്മാരും അണിനിരന്ന് 'താങ്കൾ പ്രപിതാവായ അബദുൽ മുത്തലിബിൻെറ മാർഗം വെടിയുക യാണോ' യെന്ന് ചോദിക്കുന്നുണ്ടായിരുന്നു? പ്രവാചകൻ തുടരെ തുടരെ ശഹാദത്ത് കലിമ ചൊല്ലുവാൻ പ്രേരിപ്പി ച്ച് കൊണ്ടേയിരുന്നു, പൂർവ്വിക മതം വെടിയുകയാണോയെന്ന ചോദ്യം അവരും ആവർത്തിച്ച് കൊണ്ടിരുന്നു. അവസാനമദ്ദേഹം വിഗ്രഹാരാധകരും മുശ്രിക്കുളുമായ പൂർവ്വികരുടെ മതത്തിലാ ണ് മരിച്ച് പോയത്.

അയാളുടെ ശ്വാസം നിലച്ചു, ഈ ലോകത്തിൽ നിന്നയാൾ യാത്രപോയി, അയാളുടെ സങ്കേതം എത്രയോ മോശമായ നരകമാകുന്നു. കാരണം അല്ലാഹു അവിശ്വാസികൾക്ക് സ്വർഗം നിഷിദ്ധമാക്കിയിട്ടുണ്ട്.

ബുഖാരിയും, മുസ്ലിമും ഉദ്ദരിക്കുന്ന ഹദീസിൽ നമുക്ക് കാണാം പ്രവാചകനോട് ചോദിക്കപ്പെട്ടു:
"അല്ലയോ പ്രവാചകരെ, താങ്കളുടെ എളാപ്പ താങ്കൾക്ക് ഒരുപാട് സഹായം ചെയ്യുകയും, താങ്കളെ ശത്രുക്കളിൽ നിന്ന് രക്ഷിക്കുകയും ചെയ്തിരുന്നില്ലേ, അല്ലാ ഹുവിൻെറയടുത്ത് അതിൽ വല്ലതും അദ്ദേഹ ത്തിന് ഉപകരിച്ചുവോ? നബി(ﷺ) പറഞ്ഞു: "അതേ, നരകത്തിൻെറ അടിത്തട്ടിൽ അദ്ദേഹത്തെ ഞാൻ കണ്ടപ്പോൾ അല്ലാഹുവിൻെറ അനുമതി പ്രകാരം നരകത്തിൻെറ മുകളിലേക്ക് കൊണ്ട്വന്നു, എന്നിരുന്നാലും അദ്ദേഹത്തിൻെറ കാൽപാദത്തിൽ തീയാലുള്ള ഒരു ചെരുപ്പ് ധരിപ്പിച്ചിട്ടുണ്ട്, ആ ചെരുപ്പ് അദ്ദേഹത്തിൻെറ തലച്ചോറ് തിളപ്പിച്ച്കൊണ്ടിരിക്കും".

ഒന്നു കൂടി ശ്രദ്ധിക്കുക! വിഗ്രഹങ്ങളെ വിപാടനം ചെയ്ത, കഅബാലയം പടുത്തുയർത്തിയ, ഒരുപാട് തീഷ്ണമായ പരീക്ഷണങ്ങൾക്ക് വിധേയമായ, ഇസ്ലാമിൻെറ മാർഗത്തിൽ ഒരുപാട് ത്യാഗങ്ങൾ സഹിച്ച ഇബ്രാഹിം(عليه السلام) ന് പരലോകത്ത് തൻെറ പിതാവിനെ നരകശിക്ഷയിൽ

നിന്ന് രക്ഷപ്പെടുത്തുവാൻ കഴിഞ്ഞില്ല, കാരണം അദ്ദേഹത്തിൻെറ പിതാവ് അല്ലാഹുവിൻ പങ്ക് ചേർത്ത് മുശ്രിക്കായിട്ടാണ് മരണപ്പെട്ടത്, ഇമാം ബുഖാരി ഉദ്ധരിക്കുന്ന ഒരു ഹദീസിൽ നമുക്ക് കാണാം, നബി(ﷺ) പറഞ്ഞു: "അവസാന നാളിൽ ഇബ്രാഹിം(عليه السلام) തൻെറ പിതാവായ ആസറിനെ കാണും, അയാളുടെ മുഖമന്ന് പൊടി പുരണ്ടതും, ഇരുട്ട് മൂടിയതുമായി കാണപ്പെടും,," അപ്പോൾ ഇബ്രാഹിം(عليه السلام) പറയും: "ഞാൻ നിങ്ങളോട് പറഞ്ഞിരുന്നില്ലേ എന്നെ ധിക്കരിക്കരുതെന്ന്, അപ്പോൾ പിതാവ് ഇന്ന് ഞാൻ നിന്നെ ധിക്കരിക്കുകയില്ലെന്ന് പ്രത്യുത്തരം നൽകുന്നതാണ്".

ഇബ്രാഹിം(عليه السلام) അല്ലാഹുവിനോട് പറയും: "അല്ലാഹുവെ നീ എനിക്ക് വാഗ്ദാനം നൽകിയിട്ടില്ലേ, എന്നെ അവസാന നാളിൽ അപമാ നിക്കുകയില്ലെന്ന്, എൻെറ പിതാവ് ഈ രൂപത്തിലാകുന്നതിനേക്കാളും എനിക്ക് അപമാനമുള്ള കാര്യമെന്താണ്?"
അല്ലാഹുപറയും: "സ്വർഗം ഞാൻ അവിശ്വാസികൾക്ക് നിഷിദ്ധമാക്കിയിരിക്കുന്നുവല്ലോ?."

ഈ വക കാര്യങ്ങളെ കുറിച്ചെല്ലാം സഹോദരാ, നീ ബോധവാനാകുക, ചിന്തിക്കുക, അല്ലാഹു പറയുന്നു:

(يَوْمَ يَفِرُّ الْمَرْءُ مِنْ أَخِيهِ * وَأُمِّهِ وَأَبِيهِ * وَصَاحِبَتِهِ وَبَنِيهِ * لِكُلِّ امْرِئٍ مِنْهُمْ يَوْمَئِذٍ شَأْنٌ يُغْنِيهِ) (سورة عبس: ٣٤- ٣٧)

"അതായത് മനുഷ്യൻ തൻെറ സഹോദരനെയും, മാതാവിനെയും, പിതാവിനെയും, തൻെറ ഭാര്യയെയും, തൻെറ മക്കളെയും വിട്ടോടിപ്പോകുന്ന ദിവസം, അവരിൽപ്പെട്ട ഓരോ മനുഷ്യനും തനിക്ക് മതിയാവുന്നത്ര (ചിന്ത) വിഷയം അന്നുണ്ടായിരിക്കും." (അബസ:34–37 )

(يَوْمَ لاَ يَنْفَعُ مَالٌ وَلاَ بَنُونَ * إِلاَ مَنْ أَتَى اللهَّ بِقَلْبٍ سَلِيمٍ) (سورة الشعراء:٨٩)

"അതായത്, കുറ്റമറ്റ ഹൃദയവുമായി അല്ലാഹുവിങ്കൽ ചെന്നവർക്കൊഴികെ സ്വത്തോ സന്താനങ്ങളോ പ്രയോജനപ്പെടാത്ത ദിവസം" (ശുഅറാ:88-89)

സത്യത്തിലേക്ക് മടങ്ങുന്ന, മറ്റുള്ളവരെ അതിലേക്ക് ക്ഷണിക്കുന്ന വിശ്വാസിയാവുക, നീ. ഏകദൈവ വിശ്വാസത്തിലേക്കുള്ള പ്രബോധകനുമാവുക.

സർവ്വ ജനങ്ങൾക്കും സന്മാർഗവും, ഐശ്വര്യവും ലഭിക്കുവാൻ വേണ്ടി അല്ലാഹുവിനോട് മാത്രം പ്രാർത്ഥിക്കട്ടെ.

അല്ലാഹുവാണ് എല്ലാം അറിയുന്നവൻ, അവൻെറ പ്രവാചകൻെറ മേൽ അല്ലാഹു അനുഗ്രഹവും, സമാധാനവും, ശാന്തിയും വർഷിക്കുമാറാവട്ടെ.

*****

# വിഷയ സൂചിക الفهـــارس


| വിഷയം: | Page | الموضوع: |
| --- | --- | --- |
| വിവർത്തക കുറിപ്പ് | 1 | كلمة المترجم |
| മുഖവുര | 5 | مقدمة المؤلف |
| തിരമാലകളാൽ ഇരുളടഞ്ഞ സമുദ്രം | 8 | البحر المتلاطم |
| രക്ഷയുടെ കപ്പൽ | 14 | سفينة النجاة |
| വ്യതിയാനത്തിൻെറ തുടക്കം | 17 | بداية الإنحراف |
| ഒരു കഥ | 19 | قصة |
| യാഥാർത്ഥ്യം | 20 | الحقيقة |
| കഥ | 27 | قصة |
| ശിർക്കിൻെറ ഇനങ്ങൾ | 30 | أنواع الشرك |
| നാളികേരത്തിൻെറ കഥ | 32 | قصة جوزة |
| വേദനാജനകമായ സംഭവങ്ങൾ | 35 | الواقع الأليم |
| ശൈഖിൻെറ ബർക്കത്താക്കപ്പെട്ട സ്ഥലം | 40 | مقام الشيخ بركات |

| | | |
|---|---|---|
| അവർ അവിടെ ചെയ്യുന്നതെന്താണ്? | 49 | ماذا يفعلون هناك؟ |
| അവരുടെ ഹൃദയങ്ങൾ പരസ് പരം സമാനമായിരിക്കുന്നു. | 51 | تشابهت قلوبهم |
| ശിർക്ക് വളർന്ന വഴി. | 53 | كيف نشأ الشرك |
| ശിർക്ക് അനന്തിരമായി എടുത്തവർ | 55 | الوارثون للشرك |
| നാല് കുതർക്ക വാദങ്ങൾ | 58 | أربعة اعتراضات |
| വിളികൾ, വിളികൾ… | 64 | نداء.. نداء.. |
| ശിർക്ക് കടന്ന്വരുന്ന വഴികൾ അല്ലാഹുവല്ലാത്തവരെ കൊണ്ട് സത്യം ചെയ്യൽ | 66 | من وسائل الشرك<br>الحلف بغير الله |
| ഐക്കല്ല് കെട്ടൽ | 67 | تعليق التمائم |
| അദൃശ്യകാര്യം അറിയുമെന്ന വാദം | 69 | إدعاء علم الغيب |
| സിഹ്റ്, ജ്യോത്സ്യപ്പണി, കൈരേഖ ശാസ്ത്രം | 70 | السحر والكهانة |
| പ്രതിമകൾ സ്ഥാപിക്കൽ | 74 | نصب التماثيل التذكارية |
| മധ്യവർത്തികളെ സ്വീകരിക്കൽ | 74 | التوسل البدعي |
| അല്ലാഹുവിലുള്ള വിശ്വാസം | 75 | الإيمان بالله |
| മലക്കുകളിലുള്ള വിശ്വാസം | 77 | الإيمان بالملائكة |
| വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം | 79 | الإيمان بالكتب |
| പ്രവാചകന്മാരിലും, ദൂതന്മാരിലുമുള്ള വിശ്വാസം | 80 | الإيمان بالأنبياء والرسل |
| അവസാന നാളിലുള്ള വിശ്വാസം | 82 | الإيمان باليوم الآخر |

| | | |
|---|---|---|
| വിധി നിർണ്ണയത്തിലുള്ള വിശ്വാസം | 85 | الإيمان بالقدر |
| വിശ്വാസത്തിന് കോട്ടം തട്ടുന്ന കാര്യങ്ങൾ... | 86 | مما يقدح في الإيمان |
| അല്ലാഹുവിൻെറ നിയമമല്ലാത്ത നിയമം കൊണ്ട് വിധി നടപ്പിലാക്കുക | 87 | الحكم بغيرما أنزل الله |
| അവിശ്വാസികളെ രക്ഷാധികാരികളാക്കലും, വിശ്വാസികളോട് ശത്രുത പുലർത്തലും | 88 | موالاة الكفار أو معاداة المؤمنين |
| വിശ്വാസത്തിന് ഭംഗം വരുത്തുന്ന വൻ പ്രശ്നം | 91 | أكبر القوادح في الإيمان |
| വിശ്വാസത്തിന് ഭംഗം വരുത്തുന്ന മറ്റൊരു പ്രശ്നം | 92 | ومن القوادح في الإيمان |
| മഹാ അത്ഭുതം | 95 | العجائب |
| റമളാൻ 27-ാം രാവിൽ നടത്തുന്ന പ്രത്യേക പരിപാടകൾ ബിദ്അത്ത് | 97 | الاحتفال بليلة ٢٧ من رمضان |
| ഇസ്റാഉം മിഅ്റാജും കൊണ്ടാടൽ ബിദ്അത്ത് | 97 | الاحتفال بليلة الإسراء والمعراج |
| ശഅബാൻ 15 കൊണ്ടാടൽ ബിദ്അത്ത് | 98 | الاحتفال بليلة النصف من شعبان |
| ഇസ്ലാം ദുർബ്ബലപ്പെടുന്ന കാര്യങ്ങൾ | 99 | نواقض الإسلام |
| ഒരു നിമിഷം | 102 | وقفة |
| സകാത്ത് നൽകാതിരിക്കൽ വൻ പാപം | 106 | أكبر المعاصي منع الزكاة |

| | | |
|---|---|---|
| അവസാനമായി | **107** | وأخيراً |

സഹോദരാ, നീ വായിച്ച് കഴിഞ്ഞുവെങ്കിൽ നിൻെറ കൂട്ടുകാരന് കൈ മാറുക.
വല്ല നിർദ്ദേശങ്ങളും ഉണ്ടെങ്കിൽ താഴെ വരുന്ന വിലാസത്തിൽ അറിയിക്കുക:


ജുബൈൽ ദഅ്വ സെൻറർ
മലയാളം വിഭാഗം
ജുബൈൽ - 31951
പി.ബി നമ്പർ: 1580
സഊദി അറേബ്യ
ടെലി: 03- 3665500 – 1030